# ഗുരുനാഥൻ.

VIDYAVILASAM READING ROOM

പുസ്തകം 9 { 1105 കൎക്കടകം } ലക്കം 12

## മഹാകവി രവീന്ദ്രനാഥടാഗോറും

## വിദ്യാഭ്യാസവും.

മഹാകവി രവീന്ദ്രനാഥടാഗോർ ഇന്ന ഭൂലോകമൊട്ടുക്ക് സുപ്രസിദ്ധനായിത്തീൎന്നിട്ടുള്ള ഒരു മഹാനാണല്ലൊ. പൌരസ്ത്യലോകത്തെ സാമാന്യമായി ആക്ഷേപദൃഷ്ട്യാ വീക്ഷിക്കുന്ന പാശ്ചാത്യലോകം പോലും അദ്ദേഹത്തെ ബഹുമാനിച്ചുവരുന്നുണ്ട്. അദ്ദേഹത്തിന്റെ ഖ്യാതിക്കുള്ള ഒന്നാമത്തെ കാരണം അദ്ദേഹം ഒരു മഹാകവിയായിരിക്കുന്നതുകൊണ്ടാണ്. അദ്ദേഹത്തിന്റെ കവിതകളും മററു സാഹിത്യഗ്രന്ഥങ്ങളും ലോകത്തിന്റെ അഭിനന്ദനത്തിനു പാത്രീഭവിച്ചിരിക്കുന്നു. രണ്ടാമതായി ഇൻഡ്യയിൽ നടന്നുവരുന്ന രാഷ്ട്രീയസംരംഭങ്ങളിൽ അദ്ദേഹം ഇടപെടാത്തതുകൊണ്ട് ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ പ്രത്യേകപ്രതിപത്തിക്ക് കാരണഭൂതനായിത്തീൎന്നിരിക്കുന്നു. തന്റെ മാതൃഭൂമിയുടെ ജന്മാവകാശമായ സ്വാതന്ത്ര്യലാഭത്തിനായി അനന്യസാധാരണമായ വിധത്തിൽ പോരാട്ടം നടന്നുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹം അതിൽ ഒരു പ്രധാന ഭാഗം വഹിക്കാത്തതും അഭിപ്രായങ്ങൾ തുറന്നു പറയാത്തതും മററും പലരുടെയും ഇടയിൽ ഒരു സംസാരവിഷയമായിത്തീൎന്നിട്ടുണ്ട്. രാഷ്ട്രീയസംരംഭത്തിൽ അദ്ദേഹം ഇടപെട്ടാൽ—പല മഹാകവികളും മാതൃഭൂമിയുടെ സ്വാതന്ത്ര്യസംരക്ഷണത്തിനായി അനവരതം അക്ഷീണപരിശ്രമം ചെയ്തതായി ലോകചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട്— പാശ്ചാത്യലോകം അദ്ദേഹത്തെ എങ്ങനെ വീക്ഷിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. മൂന്നാമതായി, ഒരു വിദ്യാഭ്യാസപ്രവൎത്തകൻ എന്ന നിലയിൽ അദ്ദേഹം ലോകരുടെ ഭക്തിബഹുമാനാദരങ്ങൾക്ക് പാത്രീഭൂതനായിത്തീൎന്നിരിക്കുന്നു. ആ നിലയിൽ—ഒരു വിദ്യാഭ്യാസപ്രവൎത്തകൻ എന്ന നിലയിൽ—ആ മഹാകവിയെപ്പററി നമുക്ക് അല്പം ഇവിടെ ചിന്തിച്ചുനോക്കാം.

രവീന്ദ്രനാഥടാഗോറിൻെറ ജീവിതത്തിൽ അധികംഭാഗവും സാഹിത്യപരമായ ജോലികളിലാണ് വിനിയോഗിച്ചിട്ടുള്ളതു്. ബാല്യകാലത്തു് ശരിയായ ഒരു വിദ്യാഭ്യാസം അദ്ദേഹത്തിനു ലഭിച്ചിരുന്നില്ലെന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട്. അഭ്യസനം അധികവും സ്വയമായിട്ടാണ് നിർവ്വഹിച്ചുപോന്നതു്. ഇങ്ങനെയുള്ള ഒരാൾ ഇന്ന് എങ്ങനെ ഒരു വലിയ വിദ്യാഭ്യാസപ്രവർത്തകനായിത്തീൎന്നു എന്ന് പലരും അത്ഭുതപ്പെടാറുണ്ട്. അദ്ദേഹം സദാ ആധ്യാത്മികലോകത്തിൽ സഞ്ചരിക്കുന്ന ഒരു സന്ന്യാസിയല്ല. എന്നാൽ എല്ലായ്പ്പോഴും സങ്കല്പലോകത്തിൽ യാത്രചെയ്യുന്ന ഒരു കവിയുമല്ല. ലൌകികങ്ങളായ കാൎയ്യങ്ങൾ അദ്ദേഹത്തിൻെറ ദൃഷ്ടിക്ക് വിഷയീഭവിക്കുന്നുണ്ട്. മനുഷ്യവൎഗ്ഗത്തിൻെറ സങ്കടം അദ്ദേഹം അറിയുന്നുണ്ട്. ലോകത്തിലുള്ള സകല ജനങ്ങളുംതമ്മിൽ ഐക്യമുണ്ടായി, സഹോദരഭാവത്തോടെ വർത്തിക്കുന്ന കാലത്തെ ലോകക്ഷേമം ഉണ്ടാകയുള്ളു എന്ന് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു. ഈ സൎവ്വലോകൈക്യത്തേയും ക്ഷേമത്തേയും അടിസ്ഥാനമാക്കിയാണ് അദ്ദേഹം തൻെറ വിദ്യാഭ്യാസസ്ഥാപനം ആരംഭിച്ചിട്ടുള്ളതു്.

രവീന്ദ്രനാഥടാഗോർ സ്വതന്ത്രമായ ഒരു അന്തരീക്ഷത്തിലാണ് വളൎന്നുവന്നതു്. ഈ സ്വാതന്ത്ര്യമനോഭാവം ഇന്ന് അദ്ദേഹത്തിൻെറ വിദ്യാഭ്യാസസ്ഥാപനത്തിൽ വിളങ്ങിക്കാണുന്നുണ്ട്. വിദ്യാഭ്യാസത്തിൻെറ അസ്തിഭാരം സ്വാതന്ത്ര്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി തദനുസരണംപ്രവൎത്തിച്ചുപോരുന്നു. അദ്ദേഹത്തിൻെറ ഗൃഹത്തിൽ ഭാഷയിൽ സ്വാതന്ത്ര്യം ആഗ്രഹിച്ചിരുന്നു; സാഹിത്യത്തിൽ ഭാവനാശക്തിക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു; മതപരങ്ങളായ കാൎയ്യങ്ങളിൽ ആത്മാവിന് സ്വാതന്ത്ര്യം ഉണ്ടായിരുന്നു; സാമുദായികകാൎയ്യങ്ങളിലും സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. പിതാവായ മഹർഷി ദേവേന്ദ്രനാഥടാഗോർ ഹിമാലയപ്രാന്തങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കുവാൻ അനുവദിച്ചിരുന്നതുപോലെ സത്യാന്വേഷണത്തിലും അദ്ദേഹത്തിനിഷ്ടമുള്ള മാൎഗ്ഗം തിരഞ്ഞെടുക്കുവാൻ അനുവദിച്ചിരുന്നു. അദ്ദേഹത്തിൻെറ പിതാവു് ഒരു രീതി കാണിച്ചിരുന്നു എന്നല്ലാതെ കൎശനമായ നിയമനം ഉപയോഗിച്ചിരുന്നില്ല. അങ്ങനെയുള്ള പരിസരത്തിൽ വളൎന്ന ഒരാൾ തൻെറ ശിഷ്യന്മാൎക്ക് വേണ്ട സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നതിൽ വൈമുഖ്യത്തിന് അവകാശമില്ലല്ലൊ. കുട്ടികളെ പ്രായമായവരുടെ തോതുവച്ച് വിധികല്പിക്കുന്നതും കുട്ടികൾ കുല്യപോലെ വേഗതയുംപരിവൎത്തനവുമുള്ളതാണെന്നു വിസ്മരിക്കുന്നതുമാണ് നമുക്കു പിണഞ്ഞിട്ടുള്ള അബദ്ധമെന്ന് അദ്ദേഹം പറയുന്നു. മനുഷ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിനും നിയന്ത്രണത്തിനും ഉള്ള സ്ഥാനം അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസത്തിൻെറ അൎത്ഥവും ഉദ്ദേശ

വും സ്വാതന്ത്ര്യമാണെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. അതായതു് ലോകനിയമങ്ങളെ സംബന്ധിച്ച അജ്ഞതയിൽനിന്നുള്ള സ്വാതന്ത്ര്യവും മനുഷ്യവർഗ്ഗവുമായുള്ള നമ്മുടെ വ്യാപാരങ്ങളിൽ വികാരത്തിൽനിന്നും അസൂയയിൽനിന്നുമുള്ള സ്വാതന്ത്ര്യവും ആകുന്നു.

രവീന്ദ്രനാഥൻ അദ്ദേഹത്തിന്റെ വിദ്യാലയം സ്ഥാപിച്ചിട്ട് ഇപ്പോൾ മുപ്പതുവർഷം കഴിഞ്ഞിരിക്കുന്നു. സ്ഥാപനകാലത്തു് അഞ്ചു കുട്ടികളാണു് ഉണ്ടായിരുന്നതു്. ഇപ്പോൾ അതിന്റെ നിലയും അവിടത്തെ വിദ്യാർത്ഥികളുടെ സംഖ്യയും എന്താണെന്നു നമുക്കു് അറിയാമല്ലോ. അദ്ദേഹം മൂന്നു ഉദ്ദേശങ്ങളോടുകൂടിയാണു് തന്റെ വിദ്യാലയം ആരംഭിച്ചിട്ടുള്ളതു്. പൌരസ്ത്യദേശത്തിലെ സംസ്കാരങ്ങളെ ശാന്തിനികേതനത്തിൽ കേന്ദ്രീകരിക്കുക. പ്രത്യേകിച്ചു ഭാരതഭൂമിയിൽ ഉത്ഭവിച്ചിട്ടുള്ളതൊ അവിടെ നിലനില്ക്കുന്നതൊ ആയ സംസ്കാരങ്ങളെ ശേഖരിക്കുക. രണ്ടാമതായി "ശ്രീനികേതന"ത്തിൽ സന്തോഷകരവും തൃപ്തികരവുമായ ഗ്രാമീണജീവിതത്തിന്റെ അടിസ്ഥാനമിടുക. മൂന്നാമതായി വിശ്വഭാരതി മൂലം പാശ്ചാത്യരും പൌരസ്ത്യരും തമ്മിൽ സുദൃഢമായ ഒരു മൈത്രീബന്ധം സ്ഥാപിക്കുക. ഇപ്രകാരം മനുഷ്യവർഗ്ഗത്തെ ഏകീകരിപ്പിക്കുക.

നമ്മുടെ പൂർവികസമ്പാദ്യത്തെ തേടിപ്പിടിച്ചു് ലോകത്തിൽ നമുക്കുള്ള സ്ഥാനത്തെ അതുകൊണ്ടു വീണ്ടെടുക്കുക എന്നു രവീന്ദ്രനാഥന്റെ ജീവിതവും പ്രവൃത്തിയും നമ്മെ പഠിപ്പിച്ചിരിക്കുന്നു. എന്നാൽ നമ്മുടെ നിലയെ ന്യായീകരിക്കുവാൻ കഴിയാത്തിടത്തോളംകാലം നാം ഒളിച്ചിരിക്കണമെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. പൌരാണികഭാരതത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ലക്ഷണങ്ങൾ നാം അദ്ദേഹത്തിന്റെ വിദ്യാഭ്യാസസ്ഥാപനത്തിൽ കാണുന്നുണ്ടു്. മതവിശ്വാസവുമായുള്ള ഐകരൂപ്യം, ജ്ഞാനത്തിനുവേണ്ടി ജ്ഞാനത്തെ അന്വേഷിക്കുക, സാധുക്കൾക്കു വിദ്യാഭ്യാസത്തിനു അനുമതി നൽകുക, സുദൃഢമായ ഗുരുശിഷ്യബന്ധം, ഗവൎമ്മെന്റു നിയന്ത്രണത്തിൽനിന്നുമുള്ള സ്വാതന്ത്ര്യം മതലായ പൌരാണികഭാരതീയവിദ്യാഭ്യാസലക്ഷണങ്ങൾ മഹാകവിയുടെ വിദ്യാലയത്തിൽ കാണുന്നുണ്ടു്. ഒരിക്കൽ മി: മാക്ക്ഡൊണാൾസ് ശാന്തിനികേതനം സന്ദർശിച്ചപ്പോൾ എന്താണു ഗവമെന്റുസഹായം സ്വീകരിക്കാത്തതു് എന്നു ചോദിക്കുകയുണ്ടായി അതിനു നൽകിയ ഉത്തരം "അവർ എന്റെ കുട്ടികളെ ബെഞ്ചിൽ ഇരുത്തുമായിരുന്നേനെ; അവർ വൃക്ഷച്ചുവട്ടിൽ പായിൽ ഇരിക്കുന്നതാണു് ഉത്തമമെന്നു് എനിക്കു തോന്നുന്നു" എന്നായിരുന്നു. ശാന്തിനികേതനത്തിൽ രാഷ്ട്രീയകാൎയ്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യാറുണ്ടു്. സ്വാമിശ്രദ്ധാനന്ദന്റെ വീരചരമം, ചൈനയിലേക്കു ഭാരതീയഭടന്മാരെ അയക്കുക മുതലായ വിഷയങ്ങൾ അവർ വാദപ്രതിവാദ

ത്തിനായി സ്വീകരിക്കാറുണ്ട്. സ്വാമി വിവേകാനന്ദൻ ഒരിക്കൽ പറഞ്ഞിട്ടുള്ള "മനുഷ്യനാക്കുന്ന" വിദ്യാഭ്യാസമാണ് അവിടെ ലഭിച്ചുവരുന്നത്. സാധുക്കളെ വിസ്മരിക്കാതിരിക്കുവാനും അഹങ്കാരശക്തിക്ക കീഴടങ്ങാതിരിക്കുവാനും അവിടെ പഠിപ്പിക്കുന്നുണ്ട്.

വനിതാത്വത്തെപ്പററി രവീന്ദ്രനാഥന്ന് ഉൽകൃഷ്ടമായ ബഹുമാനമുണ്ട്. അദ്ദേഹം ശ്രദ്ധാപൂർവ്വമായ ഒരു സമ്മിശ്രവിദ്യാഭ്യാസം ഏൎപ്പെടുത്തിയിട്ടുണ്ട്. അവിടത്തെ കുട്ടികളിൽ സ്ത്രീപുരുഷവൎഗ്ഗവ്യത്യാസബോധം കുറവാണെന്നാണ് യോഗ്യന്മാരായ സന്ദൎശകന്മാരുടെ അഭിപ്രായം. ഗൃഹജീവിതത്തിലെ മാതാവിൻെറ സ്നേഹത്തോടു ഒരിക്കലും തുല്യമായ ഒന്നല്ല വിദ്യാലയത്തിലെ സ്നേഹം എന്നു അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടു "നാരീഭവന"ത്തിലെ പ്രായംകൂടിയ അംഗങ്ങളുമായി സംഘടിക്കുന്നതിനു വേണ്ട സൌകൎയ്യം ആശ്രമത്തിലെ ചെറിയ കുട്ടികൾക്കു നൽകിയിട്ടുണ്ട്.

ടാഗോർ തൻെറ വിദ്യാലയത്തിൽ ഭാരതീയകലകൾക്കു അത്യുത്തമസ്ഥാനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾതന്നെ ഓരോകലയിലും പ്രസിദ്ധിനേടിയിട്ടുള്ളവരാണ്. കലാഭവനം ബാബുനന്ദലാൽബോസിൻെറ മേൽനോട്ടത്തിലാണ്. മഹാകവിയുടെ നാടകങ്ങൾ അവിടെ പലപ്പോഴും അഭിനയിപ്പിക്കാറുണ്ട്. എന്നുതന്നെയല്ല അദ്ദേഹവും അഭിനയത്തിൽ പങ്കുകൊള്ളാറുണ്ട്. അവിടത്തെ ബാലികമാരെ നൃത്തം അഭ്യസിപ്പിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിക്കുന്നു.

ഗ്രാമീണപുനസ്സംഘടനയിലും അദ്ദേഹത്തിൻെറ വിദ്യാലയം, മഹത്തായ പ്രവൃത്തി ചെയ്യുന്നുണ്ട്. "ശ്രീനികേതനമാണ്" അദ്ദേഹത്തിൻെറ ഗ്രാമീണകേന്ദ്രം. ഈ സ്ഥാപനംമൂലം ഗ്രാമവാസികളോടു കുട്ടികൾക്കുള്ള കൃതജ്ഞതയെ എങ്ങനെ പ്രകടിപ്പിക്കണമെന്നു പഠിപ്പിക്കുന്നുണ്ട്. വൎഗ്ഗീയവിഷമതകൾ മൃഗീയത്വത്തിൻെറ അവശേഷലക്ഷണമാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. അതിനുള്ള പരിഹാരം കൂടുതൽ വിദ്യാഭ്യാസവും ഗ്രാമീണപുനരുദ്ധാരണവുമാണ്.

അഭ്യസനഭാഷയെ സംബന്ധിച്ചിടത്തോളം താഴ്ന്ന ക്ലാസ്സുകളിൽ മാതൃഭാഷയിൽ കൂടിയും ഉയൎന്ന ക്ലാസ്സുകളിൽ ഇംഗ്ലീഷുഭാഷയിൽകൂടിയുമാണ് അദ്ധ്യയനം നടത്തുന്നത്. ദേശഭാഷകൾക്കു പ്രാധാന്യം നൽകിയിട്ടുണ്ട്.

അദ്ദേഹത്തിൻെറ വിദ്യാലയത്തിൽ അനാഡംബരമായ ലഘുജീവിതം നയിക്കുന്നതിനാണ് കുട്ടികളെ പരിശീലിപ്പിക്കുന്നതെന്നു പറയുന്നുണ്ട്. എന്നാൽ മഹാകവി ഒരു പ്രഭുകുടുംബത്തിലെ അംഗമാണ്. പ്രഭുത്വം അദ്ദേഹത്തിൽനിന്നും തീരെ വിട്ടുപോയിട്ടില്ലെന്നാണ് ചിലരുടെ അ

ഭിപ്രായം. അനാഡംബരമായ ഒരു ലഘുജീവിതമാണോ അദ്ദേഹം നയിക്കുന്നതെന്നും പലർക്കും സന്ദേഹമുണ്ട്. നമ്മുടെ കുടിൽവ്യവസായപരിപോഷണത്തിനു വേണ്ട അനുകൂല്യം അവിടെ ചെയ്തുകൊടുക്കുന്നുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. വിശ്വഭാരതി ഒരു സർവ്വകലാശാല മാത്രമല്ല, അതു് ഒരു തപോവനമാണ്. അവിടെനിന്നും ഭാരതത്തിന്റെ പ്രാചീനസ്വത്തായ ശാന്തം, ശിവം, അദ്വൈതം എന്ന ഗീതം കേൾക്കുന്നു.

# സാഹിത്യവും ജീവിതവും.

(ആർ. ഈശ്വരപിള്ള ബി. ഏ.)

ലോകവ്യാപാരങ്ങളെല്ലാം, ഒരുവിധത്തിൽ, അല്ലെങ്കിൽ, മറെറാരുവിധത്തിൽ, മനുഷ്യജീവിതത്തോടു ബന്ധിച്ചാണിരിക്കുന്നതു്. ഇതരജീവികളെ അപേക്ഷിച്ചു് മനുഷ്യനുള്ള ആവശ്യങ്ങൾ എത്രയോ അധികമാണ്. ഇവയെ നിർവ്വഹിക്കുന്നതിന് മനുഷ്യൻ പല മാർഗ്ഗങ്ങളേയും അന്വേഷിക്കയും അവലംബിക്കയും ചെയ്യുന്നു. കേവലം ജീവസന്ധാരണത്തിനുള്ള ഉപായങ്ങൾക്കും പുറമെ മനുഷ്യൻ പലവിധങ്ങളായ സുഖാനുഭവങ്ങൾക്കും ഉപായങ്ങൾ തേടുന്നു. കുടുംബജീവിതം, സമുദായജീവിതം, രാഷ്ട്രീയജീവിതം മുതലായ ജീവിതത്തിന്റെ വിവിധമുഖങ്ങളേയും സുരക്ഷിതങ്ങളാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മനുഷ്യൻ ആരാഞ്ഞു സമാസാദനം ചെയ്യുന്നു. ഇവയെല്ലാററിനും അത്യാവശ്യമായ ധനസമ്പാദനമാർഗ്ഗങ്ങളെ മനുഷ്യൻ അഭിനിവേശത്തോടെ ഗവേഷണം ചെയ്യുന്നു. എന്നാൽ വിശേഷബുദ്ധിയും തൽജന്യമായ ജിജ്ഞാസയുമുള്ളതുകൊണ്ടു് മനുഷ്യൻ ഇത്രയുംകൊണ്ടു തൃപ്തിപ്പെടുന്നില്ല. ജ്ഞാനസമ്പാദനം, ജ്ഞാനസംരക്ഷണം, ജ്ഞാനസംവർദ്ധനം, മനസ്സിന്റെ വിവിധശക്തികളുടെ വികസനം, പ്രകൃതിനിരീക്ഷണം, പ്രകൃതിവശീകരണം മുതലായ പല മഹൽകാര്യങ്ങളിലും പ്രവേശിച്ചു പ്രവർത്തിച്ചു വരുന്നു. ഇപ്രകാരം മനുഷ്യൻ ലോകവ്യാപാരങ്ങളെ സംഖ്യാതീതമായി വർദ്ധിപ്പിച്ചും ഊർണ്ണനാഭിയെപ്പോലെ ജാലതന്തുക്കളാൽ ഇവയോടെല്ലാം സംബന്ധിച്ചു മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ഇങ്ങിനെ എവിടെ നോക്കിയാലും ലോകവ്യാപാരങ്ങൾ യേനകേനപ്രകാരേണ മനുഷ്യനോടു ബന്ധിച്ചിരിക്കുന്നതായി കാണാം. ഇവയിൽ പലതും ജീവിതത്തിന്റെ

ബാഹ്യഭാഗത്തോടും ചിലവ ആന്തരസത്വത്തോടും ബന്ധിച്ചിരിക്കുന്നു. "ആദ്യധർമ്മസാധന"മായ ശരീരത്തോടു ബന്ധിച്ചിരിക്കുന്നവയിലാണു് നാം അധികം ശ്രദ്ധിക്കുന്നതു്. എന്നാൽ ഏതു ധർമ്മസാദ്ധ്യത്തിനാണോ നാം ശരീരത്തെ സംരക്ഷിക്കുന്നതു് ആ ധർമ്മത്തെ നാം പലപ്പോഴും വിസ്മരിക്കയാണു് പതിവു്. എന്നാൽ സാഹിത്യം ഈ ആഭ്യന്തരജീവിതത്തെ കർമ്മക്ഷമമാക്കുന്നതിലാണു് സവിശേഷം പ്രവർത്തിക്കുന്നതു്. മനുഷ്യജീവിതം നാനാമുഖങ്ങളോടുകൂടിയ ഒന്നാണു്. ഇവയെ എല്ലാം ഒരുപോലെ വികസിപ്പിക്കാൻ സാധിക്കാത്ത ജീവിതം അപൂർണ്ണമായിത്തന്നെ ഇരിക്കാനേ തരമുള്ളു. മനുഷ്യരിൽ അധികംപേരും ഇന്നു ഇത്തരക്കാരാണു്. സാഹിത്യമാണു് പൂർണ്ണജീവിതത്തിലേക്കുള്ള പ്രവേശനദ്വാരം നമുക്കു തുറന്നുതരുന്നതു്. അതിനാൽ സാഹിത്യം എന്നുവച്ചാലെന്താണെന്നു അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണു്. സാഹിത്യത്തിന്റെ സുവിസ്തൃതമായ വ്യാപ്തി നോക്കുമ്പോൾ അതിന്റെ ഒരു ശരിയായ നിർവ്വചനം നൽകുന്നതു് അത്ര എളുപ്പമാണെന്നു തോന്നുന്നില്ല. മനുഷ്യചിന്തയുടേയും ജ്ഞാനത്തിന്റേയും നിരീക്ഷണത്തിന്റേയും പ്രതിഭാവിലാസത്തിന്റേയും രേഖീകൃതഫലസർവ്വസ്വമാണു് സാഹിത്യമെന്നു നാം സാധാരണ പറഞ്ഞുവരുന്നതു്. ഇതു സാഹിത്യത്തിന്റെ വിപുലമായ അർത്ഥത്തെ സൂചിപ്പിക്കുന്ന ഒരു വിവരണമാണു്. ഈ വിവരണത്തെ അടിസ്ഥാനപ്പെടുത്തിയാണു് സാഹിത്യത്തിനു ജീവിതത്തോടുള്ള ബന്ധം എന്താണെന്നു ചിന്തിക്കാൻ തുടങ്ങുന്നതു്.

ഒന്നാമതായി ബുദ്ധിസംസ്കരണം സാഹിത്യത്തിൽകൂടിയല്ലാതെ സാധിക്കയില്ല. മഹാന്മാരുടെ ചിന്തകളുടെ നിരന്തരസ്പർശംകൊണ്ടു മാത്രമേ നമ്മുടെ ബുദ്ധിക്കു ഉത്തേജനം സിദ്ധിക്കയുള്ളു. ഈ ഉത്തേജനംകൊണ്ടാണു് മനുഷ്യബുദ്ധിക്കു സ്വയമേവജ്ഞാനം സമ്പാദിക്കുന്നതിനും സൂക്ഷ്മതത്വങ്ങൾ ഗ്രഹിക്കുന്നതിനും ശക്തി ലഭിക്കുന്നതു്. ഇതുകൊണ്ടാണു് ഏതു ഭാഷയിലും വിദ്യാഭ്യാസം പ്രധാനമായി സാഹിത്യഗ്രന്ഥങ്ങൾവഴിക്കു് വേണമെന്നു വച്ചിരിക്കുന്നതു്. നാം ഇന്ദ്രിയങ്ങൾമുഖേന പലതും ഗ്രഹിക്കുന്നുണ്ടെങ്കിലും അവ മനസ്സിൽ ജ്ഞാനരൂപേണ വർത്തിക്കുന്നതല്ലാതെ ബുദ്ധിശക്തികളെ വ്യാപരിപ്പിക്കുന്നതിനു പര്യാപ്തങ്ങളായി ഭവിക്കുന്നില്ല. ഊഹാപോഹം, അർത്ഥവിജ്ഞാനം, തത്വജ്ഞാനം, മനനം മുതലായ ധീഗുണങ്ങളെ കാര്യക്ഷമമാകുംവണ്ണം വ്യാപരിപ്പിക്കുന്നതിനു സാഹിതപരിശീലനം അഥവാ മഹൽചിന്താപരിചയം അത്യാവശ്യമാണു്. മറ്റുവിധത്തിൽ പറയുന്നതായാൽ മനസ്സിന്റേയോ ബുദ്ധിയുടേയോ വിവിധശക്തികളെ ഉണർത്തുന്നതിനും ഉന്മിഷിതങ്ങളാക്കുന്നതിനും സാഹിത്യപാരായണം കൂടാതെ കഴികയില്ല. ഈ വഴിക്കുള്ള മനുഷ്യപ്രയത്നമാണു് നാം ഇന്നു "വിദ്യാഭ്യാസ"മെന്നു

ള്ള നാമത്താൽ അറിയപ്പെടുന്നതു്. ഏതു മനുഷ്യനും അതിപ്രധാനങ്ങളായ തന്റെ ആഭ്യന്തരശക്തികളെ വികസിപ്പിക്കാതെ ഇരിക്കുന്നിടത്തോളം കേവലം അല്പമനുഷ്യനായിത്തന്നെ ഇരിക്കാനെ തരമുള്ളു. അങ്ങിനെയുള്ള ജീവിതം അപൂർണ്ണവുമായിത്തന്നെ ഇരിക്കും. ഇതിനുംപുറമെ ജ്ഞാനസമ്പാദനത്തിനും സാഹിത്യം അനുപേക്ഷണീയമാണു്. ജ്ഞാനം അതിവിസ്തൃതവും അററമില്ലാത്തതുമാണല്ലൊ. അതിനാൽ ഒരൊററമനുഷ്യൻ എത്രതന്നെ ശ്രമിച്ചാലും സ്വയമായി സമ്പാദിക്കുന്ന ഭാഗം വളരെ കുറഞ്ഞിരിക്കാനെ തരമുള്ളു. മഹാന്മാരപ്പോളപ്പോൾ നിരീക്ഷണം, അനുഭവം ഇവകൊണ്ടു സഞ്ചയിച്ചു രേഖപ്പെടുത്തി സംഗ്രഹിച്ചിരിക്കുന്ന ജ്ഞാനപരമ്പരയെ നമ്മുടെ സ്വല്പജ്ഞാനത്തോടു സംഘടിപ്പിച്ചാൽ മാത്രമെ നമ്മുടെ മനസ്സു സ്വല്പമെങ്കിലും വിശാലവും ജീവിതതത്വം ഗ്രഹിക്കുന്നതിൽ ഏറെക്കുറെ സമർത്ഥവുമായിരിക്കാൻ ഇടയുള്ളു. ജ്ഞാനാഭിവൃദ്ധിയിൽ കൂടിയല്ലാതെ ജീവിതത്തിന്റെ മാഹാത്മ്യത്തേയും ചുമതലകളേയും പ്രയോജനത്തേയും അതിന്റെ സാഫല്യത്തിനുള്ള വഴികളേയും ഗ്രഹിക്കുവാൻ സാധിക്കയില്ല. "അവിദ്യാസംസൃതെർഹേതുഃ വിദ്യാതസ്യനിവർത്തികാ" എന്നുള്ള വാക്യഖണ്ഡത്തിന്റെയും സാരം ഇതുതന്നെയാണു്. ഇതിൽനിന്നും വിജ്ഞാനപ്രദമായ സാഹിത്യവും മനുഷ്യജീവിതവുമായി എത്രയും ദൃഢമായ ഒരു ബന്ധമുണ്ടെന്നുള്ളതു് സ്പഷ്ടമാണു്. ജ്ഞാനം പ്രത്യക്ഷം പരോക്ഷം ഇങ്ങിനെ രണ്ടു വിധമുണ്ടു്. പ്രപഞ്ചത്തെയും ജീവിതത്തെയും പററി ഈ രണ്ടു വിധമുള്ള ജ്ഞാനവും സമ്പാദിച്ചാൽ മാത്രമെ നമ്മുടെ ജീവിതത്തെ യഥാക്രമം നിയന്ത്രിക്കുവാൻ സാധിക്കയുള്ളു. പരോക്ഷജ്ഞാനം ഒട്ടുമുക്കാലും സാഹിത്യമാർഗ്ഗേണയാണു് നമുക്കു ലഭിക്കുന്നതു്. ലോകാരംഭം മുതൽ മനുഷ്യൻ ജ്ഞാനം സമ്പാദിക്കയും അതിനെ രേഖപ്പെടുത്തി സൂക്ഷിക്കയും ചെയ്തില്ലായിരുന്നുവെങ്കിൽ, അതായതു് സാഹിത്യമില്ലായിരുന്നുവെങ്കിൽ, മനുഷ്യവർഗ്ഗത്തിന്റെ നില ഇന്നു് എന്തായിരിക്കുമെന്നു ഏകദേശം ഊഹിക്കാവുന്നതാണു്. ജീവിതത്തിന്റെ ഒരു പ്രധാനഭാഗം അതിന്റെ വികാസത്തിനും പുഷ്ടിക്കും വേണ്ടി സാഹിത്യത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു് ഇതിൽനിന്നും അറിയാവുന്നതാണല്ലൊ.

ഇതിലും പുറമെ സാഹിത്യം മററുവിധത്തിലും ജീവിതത്തോടു ദൃഢമായി ബന്ധിക്കപ്പെട്ടിട്ടുണ്ടു്. മനുഷ്യജീവിതം ഉൽക്കൃഷ്ടമോ നികൃഷ്ടമൊ ആയി ഭവിക്കുന്നതു മനുഷ്യർ വരിക്കുന്ന ആദർശങ്ങളുടെ വ്യത്യാസം നിമിത്തമാണു്. സാഹിത്യത്തിന്റെ ഏററവും പ്രധാനമായ കൃത്യം ഉത്തമങ്ങളായ ആദർശങ്ങളെ നമുക്കു നൽകുകയാണു്. തസ്കരൻ ധനം മോഷ്ടിക്കുന്നതും ത്യാഗി അതിനെ ഉപേക്ഷിക്കുന്നതും അവരവരുടെ ആദർശങ്ങൾ അനുസരിച്ചാണു്. നമ്മുടെ പുരാണങ്ങളും കാവ്യങ്ങളും ഭഗവൽഗീതതന്നെയും ജീവിതാദർശം

ഗ്രഹങ്ങളാണ്. ഇതുകൂടാതെ പലപല ഉപദേശങ്ങളും അനുകരണീയങ്ങളായ ദൃഷ്ടാന്തങ്ങളും സാഹിത്യം നമ്മുടെ മുമ്പിൽ സമർപ്പിക്കുന്നു. അതുകൊണ്ടു സാഹിത്യവുമായി അടുത്തും നിരന്തരവുമായ പരിചയം സിദ്ധിക്കുന്ന ഒരു മനുഷ്യന് ജീവിതനിയന്ത്രണം സുഗമമായി ഭവിക്കുന്നു. സാഹിത്യത്തിനു മനുഷ്യനെ പ്രേരിപ്പിക്കുന്നതിനുള്ള ശക്തി ഇത്രയെന്നു ഗണിക്കുന്നതു് പ്രയാസമാണ് മഹാന്മാരുടെ ചിന്തകളും പ്രവൃത്തികളും ചരിത്രങ്ങളും ലോകത്തിൽ എത്രയോ മനുഷ്യർക്ക് പല സന്ദർഭങ്ങളിലും മാർഗ്ഗദർശകങ്ങളായി ഭവിച്ചിട്ടുണ്ടെന്ന് പ്രത്യേകം പറയണമെന്നില്ലല്ലോ. കവി പറയുന്നതു നോക്കുക:—

പാർക്കിൽസൽചരിതത്തിൽനിന്നു പരമാംസാരം ഗ്രഹിക്കാംനമു-
ക്കാക്കാംജന്മമിദംപ്രയത്നമതിനാലുൽക്കൃഷ്ടമാക്കാം ഭുവി
ചേർക്കാംകാലടികാലമാം മണലതിൽ,പോകുന്ന പോക്കിന്നുസ-
ന്മാർഗ്ഗംപിന്നിൽവരുന്നലോകപഥികർക്കാശ്വാസമേകീടുവാൻ.

മനുഷ്യർ മിക്കവരും ഒരു ലക്ഷ്യവും വരിക്കാതെ ഇരുട്ടും ദുർഘടങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു മാർഗ്ഗത്തിൽ കൂടിയാണ് ലോകയാത്ര ചെയ്യുന്നതു്. ഇവർ വല്ല ദിക്കിലും ചെന്നെത്തുമെന്നല്ലാതെ ജീവിതത്തിന്റെ പരമകാഷ്ഠയിൽ എത്തുന്നില്ല. സാഹിത്യം നൽകുന്ന ആദർശങ്ങളേയും ഉപദേശങ്ങളേയും നാം സ്വീകരിക്കുന്നതായാൽ നമുക്കു ജീവിതത്തെ പൂർണ്ണതയിലേക്കു നയിക്കാൻ സാധിക്കുന്നതാണ്. സാഹിത്യവിമുഖനായ മനുഷ്യൻ ജീവിതത്തിന്റെ പരുഷവും ശുഷ്കവും രസഹീനവുമായിട്ടുള്ള ഭാഗവുമായിട്ടു മാത്രമേ പരിചയപ്പെടുന്നുള്ളു. അതിന്റെ സ്നിഗ്ദ്ധവും രസസമ്പൂർണ്ണവുമായ ഭാഗം അനാസ്വാദിതമായിത്തന്നെ ഇരിക്കയേ ഉള്ളു. അതുകൊണ്ടു പൂർണ്ണജീവിതത്തിനു സാഹിത്യസേവനം അത്യാവശ്യമായിട്ടാണിരിക്കുന്നതു്. ദുഃഖങ്ങളും ക്ലേശങ്ങളും വിപത്തുകളും മനുഷ്യജീവിതത്തിനു സഹജങ്ങളാണ്. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ സാഹിത്യം മനുഷ്യനു പലവിധത്തിലും മനഃസമാധാനവും ആശ്വാസവും നൽകുന്നു. കവിവാക്യം നോക്കുക:—

"സമ്പത്തിങ്കലതീവസൌഖ്യമതുപോലാപത്തിലാശ്വാസവും
വമ്പന്മാരിവർ നൽകിടുന്നുനിതരാം സാരോപദേശങ്ങളാൽ"

"വിനഷ്ടസാമ്രാജ്യചരിത്രസാരം
പുനശ്ചകാവ്യം വരതത്വശാസ്ത്രം
ജഗന്മഹാനാടകധാടികാണി-
ച്ചമന്ദമാനന്ദരസംതരുന്നു."

പ്രപഞ്ചവസ്തുക്കൾ ഒന്നുംതന്നെ മനുഷ്യനു മനഃസമാധാനം നൽകുന്നതിനു ശക്തിയില്ലാതെ തീരുന്ന അവസരങ്ങളിൽ സൽസാഹിത്യം എത്രയോ മനുഷ്യൎക്കു പരമാൎത്ഥജ്ഞാനോപദേശം വഴിക്ക് ആശ്വാസവും സമാധാനവും നൽകീട്ടുണ്ട്. സാഹിത്യകാരന്മാർ പ്രപഞ്ചത്തെ ചിന്താമന്ഥദണ്ഡുകൊണ്ട് മഥനംചെയ്തു ജ്ഞാനാമൃതം സംഗ്രഹിച്ചു വച്ചിട്ടുള്ളതിന്റെ അല്പമായ ആസ്വാദനംപോലും ഭവരോഗനിവാരണത്തിനു സിദ്ധൌഷധമായി ഭവിക്കുന്നു. ഇതുകൂടാതെയും സാഹിത്യത്തിനു സംഗീതത്തെപ്പോലെ അവയുടെ ചിന്താവൈചിത്ര്യം പ്രതിഭാവിലാസം ഇവകൊണ്ടു മനസ്സിനെ ആകൎഷിക്കുന്നതിന് ഒരു വിശേഷശക്തിയുമുണ്ട്. കാവ്യനാടകാദികൾ മനുഷ്യരുടെ പ്രത്യക്ഷാനുഭവങ്ങളെ പ്രതിബിംബിക്കുന്നതുകൊണ്ട് നമുക്കു ഒരു പ്രത്യേകരസം നൽകുന്നു. അതായതു മനുഷ്യജീവിതത്തെ പലപ്പോഴും ആവരണംചെയ്യുന്ന അന്ധകാരത്തെ ദൂരീകരിച്ച് ഒരു പ്രശാന്തമായ പ്രസന്നതയെ നമ്മുടെ ചുറ്റും പരത്തുന്നു. സാഹിത്യംവഴിക്കാണ് നമുക്കാത്മീയജ്ഞാനം അല്പമെങ്കിലും ലഭിക്കുന്നത്. ഒരു വിധം നോക്കിയാൽ സാഹിത്യം പ്രകൃതിയുടെ വ്യാഖ്യാനമാകുന്നു. പ്രപഞ്ചതത്വങ്ങളെ വെളിപ്പെടുത്തുകയാണ് സാഹിത്യത്തിന്റെ പ്രധാനോദ്ദേശ്യം. പ്രപഞ്ചജ്ഞാനത്തിൽ കൂടി വേണം പ്രപഞ്ചകൎത്താവിനെ അല്ലെങ്കിൽ ആദികാരണത്തെ ഗ്രഹിക്കുവാൻ. അതിനാൽ സാഹിത്യം നമുക്കു ലോകജ്ഞാനത്തിനും പുറമെ ആത്മജ്ഞാനവും നൽകുന്നതിനുപയുക്തമായി ഭവിക്കുന്നു. യഥാൎത്ഥസാഹിത്യകാരന്മാൎക്ക് പ്രത്യേകിച്ചും കവികൾക്കു സാധാരണമനുഷ്യരെ കവിഞ്ഞിട്ടുള്ള ജ്ഞാനചക്ഷുസ്സുണ്ടെന്നു പ്രസിദ്ധമാണല്ലൊ. അവരുടെ അനന്യസാധാരണമായ ചിന്തയുടേയും പ്രതിഭയുടേയും ഉൽപതനം സാധാരണമനുഷ്യബുദ്ധിക്കു അപ്രാപ്യമായ കാഴ്ചകളിലേയ്ക്കു് അവരെ നയിക്കുകയും ചിന്താലോകത്തിന്റെ അജ്ഞാതപ്രദേശങ്ങളെ കണ്ടുപിടിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. അവർ നമ്മെ ഒരു നവീനവും നിൎദ്ദോഷവും സുപ്രസന്നവുമായ ലോകത്തിലേക്കു നയിക്കുകയും ഭൌതികലോകസഹജങ്ങളായ ക്ലേശങ്ങളെ വിസ്മരിക്കയും നവീനസുഖങ്ങളെ അനുഭവിപ്പിക്കുകയും ചെയ്യുന്നു. ചുരുക്കിപ്പറയുന്നതായാൽ സാഹിത്യമാണ് നമ്മെ മനുഷ്യരാക്കുന്നതും മനുഷ്യോചിതമായ വിധത്തിൽ ജീവിതം നയിക്കുന്നതിനു നമ്മെ സമൎത്ഥരാക്കുന്നതും. ബുദ്ധിസംസ്കരണം, ജ്ഞാനസമ്പാദനം, ആദൎശഗ്രഹണം, ആനന്ദപ്രദാനം, ആത്മോപദേശം മുതലായ മാൎഗ്ഗത്തിൽ കൂടി സാഹിത്യം മനുഷ്യജീവിതത്തെ ഉൽകൃഷ്ടവും പരിപൂൎണ്ണവുമാക്കി നമുക്കു ജന്മസാഫല്യം വരുത്തുന്നു. വാല്മീകി, വ്യാസൻ, കാളിദാസൻ, ഷെക്സ്പീയർ, ഹോമർ, ഗേഥി മുതലായവർ ഇന്നും അവരുടെ സമാധിസ്ഥാനത്തുനിന്നുംകൊണ്ടു നമ്മെ ഉപദേശിക്കുകയും ശാസിക്കുകയും ആശ്വസിപ്പി.

ക്കയും ആനന്ദിപ്പിക്കയും അനുഗ്രഹിക്കയും ചെയ്യുന്നു. സാഹിത്യം മനുഷ്യജീവിതമന്ത്രത്തിൻെറ പ്രണവമാണെന്നുതന്നെ പറയാം.

# വിഹായസ്സിൽ വിഹാരം.

(എം. രാജരാജവമ്മതമ്പുരാൻ എം. എ., ബി. എൽ.)

## ഒന്നാം അദ്ധ്യായം.

വ്യോമയാനങ്ങൾ പലമാതിരി നടപ്പായിരിക്കുന്ന ഇക്കാലം ഭൂമിയെക്കാൾ ആകാശത്താണ് ജനങ്ങളുടെ നോട്ടമെന്നതിലൊട്ടും അത്ഭുതപ്പെടാനില്ല. "വിശ്വഗുണാദർശ" കത്താവിന് പണ്ടു വിശ്വാവസു മുതലായ ദേവയോനികളുടെ സഹായം വേണ്ടിവന്നു. ആകാശഗമനവിനോദങ്ങളെ വർണ്ണിക്കാൻ ഇന്നാകട്ടെ, ഏതൊരുവനും പത്തുറുപ്പിക ചിലവാക്കിയാൽ വിശ്വാവസു സഞ്ചരിച്ച വിമാനത്തെ അധഃകരിക്കത്തക്ക സൌകര്യവും സുഖവുമൊത്ത വ്യോമയാനങ്ങളിൽ വിശ്വം ചുററിക്കാണാമല്ലൊ. മനുഷ്യർക്കു ചിറകുനല്കാത്ത പിതാമഹനോട് പകവീടാനെന്നവണ്ണം സാട്ടഹാസം വൈനതേയനോടൊപ്പം സത്യലോകത്തിലേക്ക് പാഞ്ഞുപറക്കുന്ന വിമാനപരമ്പരകളേറി, തദ്വാതായനങ്ങളുടെ വിശ്വവിശേഷങ്ങളെ കണ്ടാനന്ദിക്കുന്നവർ ധാരാളമായിട്ടുണ്ട്. അറിവില്ലാതെ അന്ധാളിച്ചു മാനത്തു മിഴിച്ചുനോക്കി ഭയവിഹ്വലരായി കീഴടിഞ്ഞുകിടക്കുന്ന സഹോദരങ്ങളോടു് വ്യോമമാഗ്ഗവിശേഷങ്ങളെ വിസ്തരിക്കാൻ അത്ര എളുപ്പമല്ല. അക്കഥ പറഞ്ഞുതുടങ്ങിയാൽ ആകാശംപോലെ അനന്തമായി വന്നുകൂടിയേക്കാം. എങ്കിലും ചിലതെല്ലാം പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കാം. കററാക്കൂരിരുളിൽ ചൂട്ടുമിന്നിയും തെളിവായി വഴികണ്ടു നടക്കാറുണ്ടല്ലൊ.

ആകാശമെന്നും അന്തരിക്ഷമെന്നും വായുമണ്ഡലമെന്നും പല പേരുകളോടുകൂടി പരിലസിക്കുന്ന പദാർത്ഥമെന്താണ്? അതൊരു പദാത്ഥമാണോ എന്നാശങ്കിക്കുന്നവർ അനവധിയുണ്ട്. ഭൂഗോളത്തിൻെറ ഉററബന്ധുവാണ് നമ്മുടെ അന്തരിക്ഷം (almosphere) എന്നു പറഞ്ഞാൽ പലരുമവിശ്വസിക്കും. അതില്ലാതിരുന്നെങ്കിൽ നാം ജീവിച്ചിരിക്കയില്ല. ഭൂമി സാഗരമേഖലയാണെന്ന് പഴമക്കാർ പറഞ്ഞിട്ടുള്ളതു് അന്തരിക്ഷാവരണത്തെ കരുതിത്തന്നെയാവാം. അതല്ല, വെള്ളത്തിൽ ഭൂമി വലയി

തയായിരുന്നെങ്കിൽ ജീവജാലമുണ്ടാകയില്ലായിരുന്നു. കൊടുങ്കാററടിച്ച് കെട്ടിടങ്ങളും വൃക്ഷങ്ങളും മറിയുകയൊ, പായ് കെട്ടി വഞ്ചികൾ ഓടിച്ചുപോകയൊ, കോൾകൊണ്ട് കായലുകളിൽ ഓളം തള്ളുകയൊ ചെയ്യുമ്പോൾ അറിയാം, നമ്മുടെ ചുററും ശൂന്യമായി കാണുന്നതു കേവലം ശൂന്യമല്ല മററു മൂത്തപദാത്ഥ(Material)ങ്ങളോടൊപ്പം ഒരു പദാത്ഥം തന്നെയാണെന്ന്. ആ പദാത്ഥം ഭൂമിക്ക് നല്ലൊരു കവചമാകുന്നു.

തുരങ്കംവച്ചു മണ്ണിന്റെയും പാറകളുടെയും തരംതിരിവുചെയ്ത് ഭൂചരിത്രം മനസ്സിലാക്കാവുന്നവിധം അന്തരിക്ഷത്തിന്റെ പൂവ്വാവസ്ഥയറിയാൻ ലക്ഷ്യങ്ങളില്ല. എങ്കിലും സൂര്യന്റെ അന്തരിക്ഷമണ്ഡലത്തിലുള്ള സ്ഥിതിഭേദങ്ങളെക്കൊണ്ട് അനുമാനങ്ങൾ ചെയ്യാവുന്നതാണ്. ജലമാണ് ആദ്യം ബ്രഹ്മാവു സൃഷ്ടിച്ചതെന്ന് പുരാണപ്രസിദ്ധമാണ്. ആ ജലം ഇന്നു കാണുന്ന വെള്ളമല്ല, നിശ്ചയം. പിന്നെയൊ? അത്യുഷ്ണമായി ജാജ്വല്യമാനമായി വാതകാഭിന്നമായ ഒരു പദാർത്ഥമായിരിക്കണമെന്ന് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഗണിച്ചിരിക്കുന്നു. ഈ പദാർത്ഥത്തിന് 'നെബ്യൂലാ' (Nebula) എന്നു വച്ചാൽ തേജോമയമായ മേഘം അല്ലെങ്കിൽ 'തേജോമണ്ഡലം' എന്നാണ് അവർ പേർകൊടുത്തിരിക്കുന്നത്. ഈ തേജഃപിണ്ഡത്തിന്റെ അംശങ്ങൾ ഇന്നും ആകാശഗംഗയിലും (Milkyway) ധൂമകേതുക്കളുടെ (Comet) പുഛങ്ങളിലും കാണ്മാനുണ്ട്. തേജസ്സ്വരൂപമായ ബ്രഹ്മാണ്ഡം സ്വാംശാകഷ്ണശക്തിയുടെ പരിവത്തനം നിമിത്തം ഗോളങ്ങളായി പിരിഞ്ഞ് സൂര്യനും നക്ഷത്രങ്ങളുമുണ്ടായി എന്ന് അവർ ഉപന്യസിച്ചിരിക്കുന്നതിനും പാലാഴിമഥനകഥയ്ക്കും തമ്മിലേതാണ്ട് പൊരുത്തമില്ലാതില്ല; ഈ ഗോളങ്ങളോരോന്നും ചങ്ക്രമണം ചെയ്തു ചൂടു വെടിയുന്ന ക്രമത്തിന് ചെറുഗോളങ്ങൾ പൊട്ടിപ്പിരിഞ്ഞ കൂട്ടത്തിൽ സൂര്യഗോളത്തിൽനിന്ന് ജനിച്ചതാണ് ഭൂഗോളവും മററുള്ള ഗ്രഹങ്ങളും.

ഭൂഗോളം ആദ്യമുണ്ടായപ്പോൾ അത്യുഷ്ണവും പ്രകാശമാനവുമായിരുന്നിരിക്കണം. തിളച്ച പാൽ ആറിത്തുടങ്ങുമ്പോൾ മീതെ ആട പററുമ്പോലെ, ഭൂഗോളത്തിന് ചൂടു കുറഞ്ഞുതുടങ്ങിയപ്പോൾ മേൽഭാഗം കട്ടിപിടിച്ചു അടലുകൾ (Strata) ഉണ്ടായി. പാലിന്റെ ചൂട് ആവിയായി വായുവിൽ ചേരുന്നവിധം ഭൂമിയുടെ ചൂടും അന്തരിക്ഷത്തിൽ ലയിച്ചു. അങ്ങനെയാണ് അന്തരിക്ഷം ഭൂമിയുടെ ആവരണമായിത്തീന്നത്. വാതകരൂപമായ അന്തരിക്ഷം ജീവജാലങ്ങളുടെ ഉജ്ജീവനത്തിനുതകാൻ ഏറെനാൾ വേണ്ടിവന്നു. മററുള്ള ഗ്രഹങ്ങളുടെ അന്തരിക്ഷത്തിന് ആ നില ഇന്നും വന്നിട്ടില്ല. അന്തരിക്ഷത്തിന്റെ ചൂടു കുറയുന്തോറും അതു ദ്രവമായും കട്ടിയായും ഘനീഭവിക്കുന്നു. ഈ ദ്രവമാണ് സമുദ്രമാകുന്നതും മററു ജലാശയങ്ങളാകുന്നതും. വ്യാഴഗ്രഹത്തിൽ (Jupitor) ഇന്നും അത്രത്തോളം ഘനീ

ഭാവം വന്നിട്ടില്ല. കുഴൽക്കണ്ണാടിവച്ചു നോക്കിയാൽ സമുദ്രങ്ങൾക്കു പകരം ഗാസ്സാ(Gas)ണ് അവിടെ കാണുന്നത്. ചൊവ്വാ (Mars) ഗ്രഹത്തിൽ ജലാംശമേതാണ്ടുണ്ട്. ചെറുഗോളങ്ങൾ എളുപ്പം തണുക്കും. അപ്പോൾ വെള്ളവും വാതകവുമില്ലാതായി എല്ലാം കട്ടിയാകും. അപ്രകാരം കട്ടിയായ ഒരു ചെറുഗോളമാണ് നമ്മുടെ ചന്ദ്രൻ. എല്ലാ ഗോളങ്ങളും ആദ്യം അത്യുഷ്ണമായി തേജോമയമായ വാതകസംഘാതമായും, ക്രമേണ തണുത്തുവരുമ്പോൾ വാതകവും ജലവുമായും, പിന്നീടു വാതകവും ജലവും സ്ഥലവുമായും, ഒടുവിൽ വാതകവും ജലവും ക്രമേണ വററി സ്ഥലം മാത്രമായും തീരുമെന്നും, ഗോളത്തിന് വലിപ്പം കൂടുന്തോറും തണുക്കാൻ താമസമുണ്ടാകുമെന്നുമാണ് പണ്ഡിതന്മാരുടെ നവീനസിദ്ധാന്തം.

ഭൂമി തണുത്ത് ജീവസന്ധാരണയോഗ്യമായതുമുതൽ അന്തരിക്ഷാവരണത്തിന് ഇന്നുള്ള തെളിമ (Clearness)യുണ്ടായി; അതിനാൽ ചൂടും വെളിച്ചവും പ്രസരിപ്പിച്ചുതുടങ്ങി. എന്നാൽ ഇന്നുള്ളതിൽ കൂടുതലായി ഇംഗാലാമ്ലം അന്നതിലുണ്ടായിരുന്നിരിക്കണം. അതു ഘനീഭവിച്ചാണ് കല്ക്കരിയും (Cool) ചുണ്ണാമ്പുകല്ലും (Lime Stone) ഭൂഗർഭത്തിൽ ഇന്നു നാം കാണുന്നത്.

പണ്ട് ഉഷ്ണമായിരുന്ന അന്തരിക്ഷം ഭൂമിക്ക് ചൂടു നല്കുന്ന കുപ്പായമായിരുന്നു. ഇപ്പോൾ അതു തണുത്തുപോയി. സൂര്യകിരണം തട്ടിവേണം ചൂടുപിടിക്കാൻ. അന്തരിക്ഷം അനന്തമാണെന്ന് ഒരു തെററായ ബോധമുണ്ട്. നമ്മുടെ വായുമണ്ഡലം ശൂന്യാകാശത്തിൽ (Space) ഒരു കടുകുമണി മാത്രമാണ്. വായുമണ്ഡലത്തിൻെറ പരിധി കൂടിവന്നാൽ നൂറുമൈലിന് മേലോട്ടില്ല. അപ്രകാരം പരിമിതമായിരുന്നില്ലെങ്കിൽ, ഭൂമിയേക്കാൾ പത്തുലക്ഷംമടങ്ങ് വലിപ്പമേറിയ സൂര്യമണ്ഡലത്തിൻെറ ആകർഷണംമൂലം നമുക്ക് അന്തരിക്ഷമെന്നൊരു ആവരണമില്ലാതായിപ്പോകുമായിരുന്നു. സൂര്യനു ചുററുമുള്ള അന്തരിക്ഷവായുവിന് അഞ്ചുലക്ഷം മൈൽ വിസ്തൃതിയുണ്ട്. പക്ഷേ സൂര്യൻ ഭൂമിയിൽനിന്ന് ഒമ്പതുകോടി മുപ്പതുലക്ഷം മൈൽ അകലെയാകകൊണ്ട് നമ്മുടെ വായുമണ്ഡലത്തിൽനിന്ന് എത്രയോ അകലെയാകയാൽ അതിലേക്ക് ആകൃഷ്ടമാകുന്നില്ല. എങ്കിലും സൂര്യൻെറ ചൂടു നമുക്കു കിട്ടുന്നുണ്ട്. സൂര്യരശ്മിയേററ് നമ്മുടെ വായുമണ്ഡലം ശൂന്യാകാശ(Space)ത്തെക്കാൾ അഞ്ഞൂറു ഡിഗ്രി കൂടുതലുഷ്ണമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഭൂമിയ്ക്കു പണ്ടത്തെ ചൂടു നിശ്ശേഷം വിട്ടുപോയിട്ടില്ല. പക്ഷേ, അതു നല്കുന്ന ചൂടുകൊണ്ട് വായുമണ്ഡലം നൂററിനേഴുഭാഗം ഡിഗ്രി മാത്രമേ ഉഷ്ണമാകുന്നുള്ളു.

ബലിഷ്ഠങ്ങളായ വിമാനങ്ങളുള്ളതുകൊണ്ടു നമ്മുടെ വായുമണ്ഡലത്തിൻെറ പരിധി കണ്ടുപിടിച്ചുകളയാമെന്നൊരു ഉത്സാഹം തോന്നിയേ

ക്കാം. അതു ഭോഷത്തമാണ്. മേലോട്ടു പോകുന്തോറും വായുവിന്റെ ഘനവും (Weight) സമ്മർദ്ദവും (Pressure) കുറഞ്ഞുവരുന്നു. എന്നുവച്ചാൽ, വായുവിന്നു ദേഹം കൂടിവരികയും താങ്ങാനുള്ള ശക്തി കുറഞ്ഞുവരികയും ചെയ്യുന്നു. അതിനാൽ ശ്വാസംമുട്ടിത്തുടങ്ങും. ആറു മൈലിനുമേൽ പൊക്കത്തിൽ മനുഷ്യനു പോകാൻ സാദ്ധ്യമല്ല. ൧൯൦൧-ൽ ഡാക്ടർ ബർസൻ (Dr Berson) എന്ന ജർമ്മൻ വൈമാനികൻ അല്പവാതകംചേന്ന കൃത്രിമാന്തരിക്ഷം നിറച്ചുകൊണ്ടു ൩൫,000 അടി ഉയരം പോയപ്പോൾ ബോധരഹിതനായി. പിന്നെ എങ്ങനെയാണു വായുമണ്ഡലത്തിന്റെ പരിധി നിർണ്ണയിക്കുന്നത്? പറയാം. ചൂടും തണുപ്പും കുറിയ്ക്കുന്ന പനിക്കുഴൽ (Thermometer) സുപരിചിതമാണല്ലൊ. അതുപോലെ വായുവിന്റെ ഘനമറിയാൻ ഒരു കുഴലുണ്ട്. അതിനു ഭാരമാനക്കുഴൽ (Barometer) എന്നാണ് പേർ. ഈ രണ്ടുതരം കുഴലുകൾകൊണ്ടു വായുവിന്റെ ഉഷ്ണവും ഘനവും കണ്ടുപിടിക്കാം. ശരാശരിക്ക് ആയിരം അടി പൊക്കത്തിനു മൂന്നോ നാലോ ഡിഗ്രി സ്ഥലവ്യത്യാസംപോലെ വായുവിനു ചൂടു കുറയുന്നുണ്ടെന്നു സാമാന്യമായി പറയാം. പതിനായിരം അടിക്കുമേൽ ഈ തോതു ശരിയാവില്ല. ഏകദേശം ഏഴു മൈലിനുമേൽ ശീതോഷ്ണമാനത്തിനു യാതൊരു വ്യത്യാസവുമില്ല; അഥവാ ഉണ്ടെങ്കിലും ഉഷ്ണം കൂടുന്നതേയുള്ളു. അതുപോലെ, മേലോട്ടു പൊങ്ങുന്തോറും വായുവിന്റെ ഭാരം കുറയുന്നു. രണ്ടുമാതിരി കുഴലുകളുംവച്ച് ഭേദഗതികളെ കുറിക്കാനുള്ള സൂത്രവും ബന്ധിച്ചു വെറും വിമാനങ്ങളെ മേലോട്ടു പറത്തി ഏകദേശം ഇരുപതു മൈൽ പൊക്കത്തോളം പോയിട്ടുണ്ട്. ദേശവ്യത്യാസംപോലെ ഭേദഗതികളുണ്ട്. ഈ സംഗതികളെപ്പററി വിവരിച്ച് ഇനിയൊരു അദ്ധ്യായത്തിൽ പറയാം. ഇപ്പോൾ ധരിക്കേണ്ടത്, അന്തരിക്ഷപരിധിയെ നിർണ്ണയിക്കാൻ മാർഗ്ഗങ്ങളുണ്ട് എന്നു മാത്രമാകുന്നു. മുൻപറഞ്ഞ പരീക്ഷണങ്ങൾ കുറെ ദൂരം മാത്രമേ പററുകയുള്ളു. മുപ്പത്തിഎട്ടുമൈലിനുമേൽ ഭാരമാനക്കുഴലിലെ രസനാഡി (Mercury colemn) നിലച്ചുപോകും. പിന്നെയെന്തുമാർഗ്ഗം? ഉല്കാപതനങ്ങളും (Meteor) സന്ധ്യാപ്രകാശദൈർഘ്യവും (Tuilight) അനുമാനത്തിനുതകുന്നുണ്ട്. നക്ഷത്രം പൊഴിയുമ്പോൾ കുറെദൂരം വാൽപോലെ തെളിഞ്ഞുകാണുകയും പിന്നെ മങ്ങിപ്പോകയും ചെയ്യുന്നുണ്ടല്ലൊ. ഇതിനു യക്ഷിപകർച്ചയെന്നാണ് അന്ധവിശ്വാസികൾ പറയുമാറുള്ളത്. ഈ പ്രകാശം വായുസമ്മർദ്ദംകൊണ്ടുണ്ടാകുന്നതാകയാൽ, വെളിച്ചത്തിന്റെ ദൂരം കണക്കാക്കി ഗണിക്കുമ്പോൾ ഏകദേശം നൂറുമൈലോളം പൊക്കത്തിൽ അന്തരിക്ഷവായുവുണ്ടായിരിക്കണമെന്നൂഹിക്കാം. ഉദയാസ്തമനങ്ങളുടെ മുമ്പും പിമ്പുമുള്ള വെളിച്ചത്തെ കണക്കാക്കി നോക്കിയാൽ അമ്പതു മൈലോളം അന്തരിക്ഷമുണ്ടെന്നു അനുമാനിക്കാം. അതുകൊണ്ട് അന്തരിക്ഷത്തിന്റെ പരിധി അ

മ്പതു മൈലിനുമേൽ നൂറിനകമാണെന്നു ഗണിക്കപ്പെട്ടിരിക്കുന്നു.

അന്തരിക്ഷത്തിന്റെ സാന്നിധ്യംകൊണ്ടത്രേ ഋതുക്കളും സസ്യാദികളും ജീവികളുമുണ്ടാകുന്നതും നാം സുഖദുഃഖങ്ങളെല്ലാം അനുഭവിക്കുന്നതും. അതിന്റെ വൈഭവം അറിയേണ്ടതല്ലേ?

# സാഹിത്യാഭ്യസനത്തിനുള്ള ചില നിർദ്ദേശങ്ങൾ.

(പി. ആർ. നീലകണ്ഠൻനായർ)

## സാഹിതീസാഹ്യം

നമ്മുടെ നിത്യാവശ്യങ്ങൾക്കു ഉപയോഗിക്കുന്ന സംസാരഭാഷ മുതൽ വിദ്വൽസദസ്സുകളിൽ പ്രയോഗിക്കുന്ന പ്രഭാഷണം വരെയൊ, അന്യനെ അറിയിക്കുന്നതിന് എഴുതുന്നപട്ടുകുറിപ്പു മുതൽ രസഭൂയിഷ്ഠങ്ങളായ ലേഖനങ്ങൾ വരെയൊ, ഉള്ള ഭാഷയെ സാഹിത്യശബ്ദംകൊണ്ട്—അതു എത്രതന്നെ ശിഥിലമായി പ്രയോഗിച്ചാലും—നിർദ്ദേശിക്കുന്നപക്ഷം അതിന്നു ചില പരിധിയുണ്ടെന്നുള്ളതു തർക്കമററ സംഗതിയാണ്. ഗ്രന്ഥങ്ങളെന്ന പേരിനെ അർഹിക്കുന്നവയും അങ്ങിനെ അല്ലാത്തവയും തമ്മിലുള്ള വ്യത്യാസം സാഹിത്യമെന്ന ശബ്ദത്തിൽ അന്തർഭവിച്ചിരിക്കുന്നു. പക്ഷെ ഈ അന്തരത്തെ അടയാളപ്പെടുത്തുന്ന രേഖ എവിടെയാണ്?. സാഹിത്യാന്വേഷണത്തിൽ ഈവിധമുണ്ടാകുന്ന ശങ്കയാണ് നമുക്കു ക്ലേശകാരണമായിരിക്കുന്നത്. അനവധി അവസരങ്ങളിൽ ഈ ക്ലേശത്തിന്നു സംഗതി വരുന്നില്ല വാക്യം, ജ്യാവ് എന്നിവയ്ക്കും ശാകുന്തളം നൈഷധം എന്നിവയ്ക്കുമുള്ള സ്ഥാനം ഏതായിരിക്കുമെന്ന് നിർണ്ണയിക്കുന്നതിൽ പക്ഷാന്തരമുണ്ടാവാൻ ഇടയില്ല. ഇവയുടെ സ്ഥാനങ്ങളിൽനിന്ന് വിഭജനസീമയിലേക്ക് അടുക്കുന്തോറും നമ്മുടെ സംശയം ക്രമേണ വർദ്ധിച്ചുതുടങ്ങും. ഒടുവിൽ അതോ ഇതോ എന്നറിവാൻ അശക്യമായ ഒരു സ്ഥാനത്തു് എത്തുന്നതായി കാണാം. ഈ അവസരത്തിലാണ് സാഹിത്യത്തിന് ഒരു നിർവ്വചനം ആവശ്യമെന്നു തോന്നുന്നതു്. "ഭൂവിവരണസിദ്ധാന്തസംഗ്രഹം, സഹസ്രയോഗം" എന്നിവ സാഹിത്യകോടിയിൽ ഗണിക്കപ്പെടേണമെ

ന്നും "വിജ്ഞാനമഞ്ജരി, സന്മാർഗ്ഗപ്രദീപം" എന്നിവ സാഹിത്യഗ്രന്ഥങ്ങളല്ലെന്നും വിലപ്പോൾ സംശയിപ്പാനിടവന്നിട്ടുണ്ട്. അതു എങ്ങിനേയും ഇരിക്കട്ടെ. സാഹിത്യമെന്നു കേൾക്കുമ്പോളുണ്ടാകുന്ന ഒരു സാമാന്യബോധമേ നമുക്കാവശ്യമുള്ളൂ. അതിന് ഉചിതവിസ്തൃതിയും സൂക്ഷ്മതയും ഉണ്ടായിരിക്കുന്നതിന് രണ്ടു കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകുന്നതാണ്. വിഷയവൈശിഷ്ട്യം കൊണ്ടും പ്രതിപാദനാരീതികൊണ്ടും ഏതേതു ഗ്രന്ഥങ്ങളാണോ രസോല്പാദകങ്ങളായിരിക്കുന്നതു് അതുകൊണ്ടും ബന്ധസൌന്ദര്യംകൊണ്ട് ആഹ്ലാദവും നല്ലരൂപബോധവും വരുത്തുന്നതു് ഏതോ അതു രണ്ടാമത്തേതും ആകുന്നു. ഈ രണ്ടാവശ്യങ്ങളും നിവ്വഹിക്കുന്നതു് ഏതു ഗ്രന്ഥമാണോ അതിനെ സാഹിത്യമെന്ന പേരുകൂടി ചേർത്തു പറയാവുന്നതാണ്. ജ്യോതിഷം, ധനതത്വശാസ്ത്രം മുതലായ ഗ്രന്ഥങ്ങൾ അതതു വിഷയങ്ങളെ മാത്രം ലക്ഷ്യമാക്കി പ്രതിപാദിക്കുന്നതുകൊണ്ട് ഒരു പ്രത്യേകവർഗ്ഗം വായനക്കാരെ സ്പർശിക്കുന്നില്ലെന്നല്ല ചില വിശേഷവ്യക്തികളെ സ്പർശിക്കുന്നുണ്ടെന്നുള്ളതുകൊണ്ടും ഇവ വിജ്ഞാനപ്രദങ്ങൾ മാത്രമാണെന്നതുകൊണ്ടും സാഹിത്യത്തിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. സാഹിത്യത്തിൻെറ പരമോദ്ദേശ്യങ്ങളിൽ ഒന്നു അതു വിജ്ഞാനപ്രദമോ അല്ലയോ എന്നല്ല പിന്നെയോ അതിൻെറ പ്രതിപാദനാവൈശിഷ്ട്യംകൊണ്ടും സൌന്ദര്യം കൊണ്ടും നമ്മുടെ ഹൃദയത്തെ സ്പർശിച്ചു ചാരിതാർത്ഥ്യം ഉണ്ടാകുന്നുണ്ടോ എന്നതത്രെ.

<u>സാഹിത്യവും ജീവിതവും.</u> സാധാരണ ജനങ്ങളിൽ പ്രായേണ കണ്ടുവരാറുള്ള രണ്ടുവക നിർബന്ധബുദ്ധിയിൽ നിന്ന് സാഹിത്യാഭ്യാസത്തെ അകററിനിർത്തുന്നതു് ഉത്തമമായിരിക്കും. പണ്ഡിതസാധാരണമായ നിവ്വചനത്താൽ നിയന്ത്രിതമായോ കലാഭ്രമം നിമിത്തം ഉച്ഛൃംഖലസ്വഭാവത്തിനു വഴിപ്പെട്ടോ സാഹിത്യപരിശീലനം ചെയ്യരുതു്. നാം സാഹിത്യമഭ്യസിക്കുന്നതെന്തിന്? അനശ്വരമായ മനുഷ്യചരിത്രം അത്യഗാധമായി അതിൽ സ്ഥിതിചെയ്യുന്നുണ്ട്. ഒരുത്തമഗ്രന്ഥം മനുഷ്യജീവിതത്തിൽ ഉപജീവിക്കുന്നു. ജീവിതത്തോടു നവീനവും ദൃഢവും വിസ്തൃതവുമായ ബന്ധത്തെ ഗ്രന്ഥപാരായണം ഉണ്ടാക്കിത്തീർക്കുന്നു. ഇതിലത്രെ സാഹിത്യത്തിൻെറ ശക്തി ലയിച്ചുകിടക്കുന്നതു്. ശാശ്വതവും ക്ഷണസാദ്ധ്യവുമായ രസാനുഭൂതി ജീവിതത്തിൽ ഏതു നിലയിലാണു സിദ്ധിച്ചതു് എന്നും അക്കാലത്തു നമ്മുടെ അഭ്യാസം എന്തായിരുന്നുവെന്നും അന്നു നാം നിരീക്ഷണം ചെയ്തറിഞ്ഞതു് എന്തെല്ലാമെന്നും രേഖപ്പെടുന്ന ഒരു സജീവപ്രമാണമാണു സാഹിത്യമെന്നു ചുരുക്കിപ്പറയാം. ഭാഷയെ അവലംബിച്ചു ജീവിതത്തിനുള്ള ഒരു നിർവ്വചനമത്രെ സാഹിത്യം. സാഹിത്യകലകൾക്കു വശംവദമായി വിവിധരൂപങ്ങളെ ഇതു അവലംബിക്കുന്നു. ഉചിതകാ

ലത്തും ദേശത്തും ഇതു വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയും ചെയ്യും. സാഹിത്യം ചിരസ്ഥായിയായി പരിണമിക്കുന്നതു് അതിൽ അന്തർഭവിച്ചിരിക്കുന്ന ചൈതന്യവിശേഷം ഒന്നുകൊണ്ടു മാത്രമാണ്. സാഹിത്യകലയുടെ ശാസ്ത്രസങ്കേതങ്ങളും, ശബ്ദശാസ്ത്രവും എന്നുവേണ്ട മററു സാഹിത്യശാസ്ത്രങ്ങളെ പഠിക്കുന്നതിനും സാഹിത്യാഭ്യസനത്തിനും തമ്മിലുള്ള അന്തരം ഇത്രയും ധരിച്ചിരുന്നാൽ കുഴങ്ങുകയില്ലെന്നു വിശ്വസിക്കുന്നു.

സാഹിത്യപ്രേരകം; ജീവിതചര്യയിൽ നിന്നാണു സാഹിത്യം വളരുന്നതു്. സാഹിത്യത്തിൻെറ ഉത്ഭവസ്ഥാനംതന്നെ ജീവിതമെന്ന് പ്രകാരാന്തരത്തിൽ പറയാം. ജീവിതകാലത്തെ സംഭവങ്ങളാണ് സാഹിത്യപ്രേരകങ്ങളായിത്തീർന്നിരിക്കുന്നതു് എന്നും പറയാം. അതിനാൽ സാഹിത്യത്തിനുള്ള അവാന്തരവിഭാഗങ്ങൾ കൃത്രിമമോ, കല്പിതമോ അല്ലെന്നു നിശ്ചയംതന്നെ. സാഹിത്യത്തിൽ ഇന്നു കാണുന്ന വിഭജനങ്ങൾ ജീവിതഘട്ടങ്ങളായി ഗണിക്കപ്പെടാവുന്നതാണ്.

സാഹിത്യപ്രേരകങ്ങളെ താഴെ കാണുന്നവിധം തിരിക്കാവുന്നതാണ്.

൧. സ്വാനുഭവപ്രതിപാദനേച്ഛ.

൨. ജനങ്ങളോടും അവരുടെ കർമ്മങ്ങളോടും ഉള്ള പ്രതിപത്തി.

൩. നാം അധിവസിക്കുന്ന ലോകത്തിൻെറ സദസദ്വിചിന്തനവും നാം ഇച്ഛിക്കുന്ന ലോകത്തിൻെറ പ്രത്യക്ഷീകരണവും.

൪. സുന്ദരങ്ങളായ വസ്തുക്കളോടുള്ള പ്രേമം.

നമ്മുടെ വിചാരങ്ങളെയും വികാരങ്ങളേയും—അവ ഗുണപ്രേരിതങ്ങളെങ്കിൽ—നിശ്ചയമായി മററുള്ളവരെ ധരിപ്പിക്കണമെന്ന് തോന്നാറുണ്ട്. അതിനാൽ ഒരുവൻ തൻെറ മനോഭാവങ്ങളെ വാഗ്രൂപേണ ചിത്രണം ചെയ്യുന്നതു തന്നെയാണ് സാഹിത്യം. മനുഷ്യരെന്നല്ല സകല ജീവികളുടേയും ഈ ബ്രഹ്മണ്ഡങ്ങളുടേയും പരസ്പരബന്ധത്തേയും അവയെ സംഘടിപ്പിക്കുന്ന മൈത്രിയുടെ വിവിധസ്വരൂപങ്ങളേയും ഈ പ്രപഞ്ചത്തിൻെറ ഉദ്ദേശത്തേയും അവയുടെ നിലനില്പിനേയും കുറിച്ചു ഗാഢമായി വിചിന്തനം ചെയ്യുന്നതിന് നാം കുതുകികളാണ്. ഈവിധ വൃത്തികളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന സംഗതികളത്രെ സാഹിത്യകാരൻെറ പ്രതിപാദ്യവിഷയം. കണ്ടറിഞ്ഞതും ഭാവനാസാമർത്ഥ്യം കൊണ്ടറിഞ്ഞതുമായ സകലത്തേയും മററുള്ളവരെ അറിയിക്കുന്നു. അതു സാഹിത്യമാണ്. പ്രകൃതിസൗന്ദര്യം നമ്മുടെ വീക്ഷണകോണത്തെ ആശ്രയിച്ചിരിക്കും. വിവിധദൃഷ്ടികളിൽനിന്നു കാണുന്ന രൂപാന്തരപ്രതിപാദനങ്ങളും സാഹിത്യംതന്നെയാണ്. മനുഷ്യൻ ഒരു സമുദായജീവിയാണ്. ചരാചരങ്ങളുടെ ഘടനാ

വിശേഷത്തെ സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ അവയ്ക്കു് സമാനങ്ങളായ പല ഗുണങ്ങളുമുണ്ടെന്നു കാണാം. അപ്പോൾ ഒരു വ്യക്തിയിൽ ഉണ്ടാകുന്ന വാസനാവിശേഷം, നിരീക്ഷണഫലം, ആശയവിശിഷ്ടത, സദ്വീകാരഫലങ്ങൾ, സുന്ദരപദാർത്ഥപ്രണയം എന്നിവയോരോന്നും അവനിൽ തന്നെ നിയന്ത്രിക്കുവാൻ ശക്തി പോരാതെ ഇതരന്മാരിൽക്കൂടി സമർപ്പിക്കുവാൻ ഇച്ഛിക്കുന്നു. ഭാഷയാകുന്ന ഉപകരണംകൊണ്ടു് തന്റെ ഈപ്സിതാർത്ഥസാഫല്യം പരിശോധിപ്പാൻ അതിൽ കലാവൈദഗ്ദ്ധ്യം കലർത്തി ചെയ്യുന്ന സൃഷ്ടിവിശേഷംതന്നെയാണു് സ്വസാമുദായികനിലയെ നിർവഹിപ്പാൻനിർമ്മിച്ച വിവിധകൃത്യകളായി ഇന്നു് കാണുന്ന സാഹിത്യരൂപാന്തരങ്ങൾ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പ്രേരകങ്ങളായ ഈ മനോവികാരങ്ങൾ സാഹിത്യത്തിന്റെ നാനാപരിണതിക്കു് സംഗതിയായി എന്നു മാത്രമല്ല അവയിൽ നമുക്കുള്ള മനോബന്ധവുംകൂടി വെളിപ്പെടുന്നുണ്ടു്. നമ്മുടെ വിചാരവികാരങ്ങളേയും അഭ്യാസനിരീക്ഷണഭാവനാദികളേയും മററുള്ളവരെ ഉൽബോധിപ്പിക്കണമെന്നു് മോഹംവരുമ്പോൾ അവരുടെ ആവക വൃത്തികൾ കേൾക്കുന്നതിനും നാം നിർബന്ധിതരാകുന്നു. ജീവിതക്രമത്തിന്റേയും അന്തരിന്ദ്രിയവ്യാപാരത്തിന്റേയും വർണ്ണനം നമുക്കു് രസാവഹവും ഫലപ്രദവുമാകുന്നു. ഇങ്ങിനെ ക്രമപ്രവൃദ്ധമാകുന്ന അന്തഃകരണം മഹാകവികളുടെ ആശയസൌന്ദര്യങ്ങളെ സ്വീകരിക്കുന്നതിന്നു് ശക്തമായിത്തീരുന്നു.

മുൻപറഞ്ഞ നാലു പ്രേരകശക്തികളിൽ ഒടുവിൽ പറഞ്ഞതു് സാഹിത്യത്തിന്റെ നാനാമുഖങ്ങളിലും സാധാരണമായിരിക്കേണ്ട ഗുണമാകകൊണ്ടു് സാഹിത്യവിഭജനത്തിൽ മററു മൂന്നിനേയും സ്വീകരിച്ചാൽ മതിയാകുന്നതാണു്. ജീവിതദശയിൽ ഈ മൂന്നു പ്രേരകശക്തികളും ഇടകലർന്നു കിടക്കുന്നു. നാം കണ്ടതും ഭാവിച്ചതുമായ സംഗതികളെ വർണ്ണിക്കുമ്പോൾ പലപ്പോഴും അവ വിശദീകരണമാകാറുണ്ടു്. അങ്ങിനെതന്നെ വിവരണം വർണ്ണനമായും പരിണമിച്ചുകാണാം. ജീവിതപ്രേരകങ്ങൾ പരസ്പരാശ്രയങ്ങളായിരിക്കുന്നതുകൊണ്ടു് അവയുടെ പരാവർത്തനമായ സാഹിത്യത്തിലും ഈ സങ്കീർണ്ണസ്ഥിതി കാണുന്നതാണു്. എങ്കിലും ഖണ്ഡകാവ്യം, മഹാകാവ്യം, നാടകം, പ്രബന്ധം, ആഖ്യായിക എന്നിങ്ങനെ പല പേരുകളും വിളിച്ചുവരുന്നു, നിർമ്മാണപ്രേരകങ്ങളിൽ ഏതിനാണോ പ്രാമാണ്യം അതിനെ ആശ്രയിച്ചു് പേർകല്പിച്ചുപോരുന്നു. ഇങ്ങിനെയാണു് സാഹിത്യത്തിന്റെ വിഭജനോപാധി നിർണ്ണയിച്ചിരിക്കുന്നതു്.

സാഹിത്യവിഷയം; സാഹിത്യത്തെ വിഭജിച്ചിരിക്കുന്ന സമ്പ്രദായം പറഞ്ഞുകഴിഞ്ഞല്ലോ. നമ്മുടെ അന്വേഷണം ഏതാണ്ടൊന്നു് പൂർത്തിയാ

കണമെങ്കിൽ കുറച്ചുകൂടി മുന്നോട്ട് കടന്നു സാഹിത്യനിർമ്മാണത്തിന് പ്രേരകങ്ങളെന്തെല്ലാമെന്നറിയുന്നതിനു പുറമെ അവകൊണ്ട് കൈകാര്യംചെയ്യുന്ന വിഷയങ്ങളെക്കൂടി അറിയേണ്ടതാണ്. ജീവിതത്തെപ്പോലെ ഇതും വിവിധരൂപങ്ങളോടുകൂടിയതാകകൊണ്ട് ഒരു വ്യവസ്ഥിതവിഭജനം സാധ്യമല്ലാതെ ഇരിക്കുന്നു. ജീവിതത്തിൻെറ ഓരോ ഘട്ടവും ഓരോ പ്രസ്ഥാനത്തിന് ഉതകിയതെന്നർത്ഥം. എങ്കിലും പ്രായോഗികഗതിയെ അവലംബിച്ച് അഞ്ചായി തിരിക്കാവുന്നതാണ്.

൧. ഒരു വ്യക്തിയെന്ന നിലയിൽ ഓരോരുത്തനും സിദ്ധിച്ചിട്ടുള്ള അഭ്യാസം-ബാഹ്യാഭ്യന്തരങ്ങളായ ജീവിതചര്യയുടെ സമൂഹരൂപം.

൨. ഒരു മനുഷ്യൻ എന്ന നിലയിൽ സിദ്ധിച്ചിട്ടുള്ള അനുഭവങ്ങൾ-ജനനം, മരണം, പുണ്യം, പാപം, ദൈവം, മനുഷ്യൻ, ഇഹം, പരം എന്നിവയെക്കുറിച്ചുള്ള ഓരോ വ്യക്തിയുടേയും ചിന്ത.

൩. ഒരു വ്യക്തിക്ക് ലോകത്തോടുള്ള വർഗ്ഗീയബന്ധവും വ്യാപാരവും.

൪. പ്രകൃതിയുടെ ബാഹ്യലോകവും അതിനോടുള്ള ബന്ധവും.

൫. വിവിധസാഹിത്യരൂപത്തിലും കലാരൂപത്തിലും സൃഷ്ടിപരമായും സ്ഥിതിരൂപമായും ഉള്ള മനുഷ്യയത്നം സാഹിത്യത്തെ ഈ വിധത്തിൽ വിഭജനംചെയ്ത് അതിൻെറ വിഷയസ്വഭാവം പരിഗണനംചെയ്യുമ്പോൾ അഞ്ചുവിധമായിരിക്കുന്നു എന്നു മനസ്സിലായല്ലോ. അവയെ ചുരുക്കിപറയുന്നപക്ഷം ഇങ്ങിനെ ആക്കാവുന്നതാണ്. സ്വാനുഭൂതിപ്രതിപാദകം, മനുഷ്യപ്രകൃതിവർണ്ണനം, സാമൂഹ്യജീവി എന്ന നിലയിൽ മനുഷ്യനുണ്ടാകാവുന്ന അവസ്ഥകളെ വിവിധകോണങ്ങളിൽകൂടി വീക്ഷണംചെയ്ക, പ്രകൃതിവർണ്ണനം, സാഹിത്യത്തേയും കലയേയും വർണ്ണിക്കുക.

<u>സാഹിത്യവിഭജനം.</u> മേല്പറഞ്ഞ രണ്ടു വിഭാഗങ്ങളേയും സംയോജിപ്പിച്ചാൽ സാഹിത്യത്തിന് അതിവിശാലമായ ഒരു പദ്ധതി സിദ്ധിക്കുന്നതാണ്. അതിന് പ്രകൃതിസിദ്ധമായ അടിസ്ഥാനമാണുള്ളത് എന്നൊരു അനുകൂലവുംകൂടിയുണ്ട്. ഒന്നാമതായി സ്വാനുഭൂതിപ്രതിപാദകസാഹിത്യത്തെ എടുക്കുക. അതിൽ വിവിധരൂപത്തിൽ ഉള്ള ഖണ്ഡകൃതികൾ ചിന്താപരങ്ങളോ, യുക്തിസ്ഥാപകങ്ങളോ ആയവ, വിലാപകൃതികൾ വ്യക്തിപരമായിമാത്രം സ്പർശിക്കുന്ന പ്രബന്ധങ്ങൾ, സാഹിത്യനിരൂപണം എന്നിവ ഉൾപ്പെടുത്താവുന്നതാണ്. രണ്ടാംതരത്തിലാകട്ടെ കവിതതന്നെ വിട്ട് ലോകത്തോടടുക്കുന്നു. അവിടെയുള്ള വസ്തുതകളോട് സ്വാത്മനാതാദാത്മ്യംവരുത്തി അതതുകളായി പരിണമിക്കുന്നു. ചരിത്രം, ജീവചരിത്രം, മഹാകാവ്യം, ഗദ്യപദ്യകഥകൾ, ആഖ്യായിക, നാടകം, ഉപാഖ്യാനം എന്നിവ ഈ പരിണാമഫലങ്ങളാണ്. മൂന്നാമതായി വർണ്ണനം എന്നൊരിന

വ്യാക്രുടിയുണ്ട്. ഇതു് ആദ്യവിഭാഗത്തോടു് സങ്ക്രമിച്ചോ, ലയിച്ചോ സ്ഥിതിചെയ്യുന്നു. സഞ്ചാരകഥകൾ വർണ്ണനപരമായ പ്രബന്ധങ്ങൾ ചെറുകാവ്യങ്ങൾ ഇവയെ ഈ ഇനത്തിൽ ചേർക്കുന്നതു് യുക്തമായിരിക്കും.

കലാനിബന്ധനകൾക്കു കീഴ്പെട്ടു് അന്തഃകരണപ്രചോദനങ്ങൾ വിവിധരൂപത്തെ അകൃത്രിമഫലമായവലംബിച്ചു് സാഹിത്യവിഭാഗങ്ങളായിത്തീർന്നതു് നാം കണ്ടുവല്ലോ. ഏതേതു കല്പനാശക്തിയും ജീവകാരുണ്യവും ഒരുവനെ ഗ്രന്ഥനിർമ്മാണത്തിന് പ്രേരിപ്പിച്ചോ, അവയുടെ വ്യാപാരം നമ്മിൽ ഉൽബുദ്ധമാകയും ഏതു രസം അവയിൽ സംഗ്രഹിച്ചിരിക്കുന്നുവോ അതു നമുക്കു് ആസ്വദിക്കാനിടവരുകയും ചെയ്യുമ്പോൾ മാത്രമേ ഒരു സാഹിത്യം പൂർണ്ണസാഫല്യം വന്നതായി ഗണിപ്പാൻ പാടുള്ളു.

സാഹിത്യത്തിന്റെ മൗലികതത്വം. സാഹിത്യാഭ്യസനത്തിന് പ്രാരംഭമായി അറിഞ്ഞിരിക്കേണ്ട ചില തത്വങ്ങൾ വിവരിച്ചുകഴിഞ്ഞു. എന്നാൽ ഈ എല്ലാ വിഭാഗങ്ങളിലും എല്ലായ്പോഴും കാണുന്ന ചില മൗലികതത്വങ്ങൾ ഉണ്ടു്. ഇവയിൽ ആദ്യത്തേതു് ജീവിതം സംഗ്രഹിച്ചുതന്നിട്ടുള്ളവതന്നെ. ഇതു സാഹിത്യത്തിന്റെ അസംസ്കൃതപദാർത്ഥങ്ങൾ എന്നു് പറയാം. സാഹിത്യകലാനിബന്ധനകൾക്കു് യോജിച്ചവണ്ണം ഈ അസംസ്കൃതപദാർത്ഥങ്ങളെ പല രൂപങ്ങളാക്കി ചമയ്ക്കുന്നതിന് ഗ്രന്ഥകർത്താവിന്റെ പ്രതിഭ മറെറാരു തത്വമാണ്. ഇവയെ നാലായി സാമാന്യനിലയിൽ വിഭജിക്കാം. ഗ്രന്ഥകർത്താവു് പ്രതിപാദ്യവിഷയത്തിൽ അന്തർഭവിപ്പിക്കുന്നതും പ്രതിപാദിച്ചിരിക്കുന്നതുമായ ചിന്താശക്തിയാണ് ഒന്നാമത്തേതു്. ഇതിനു ആസ്പദമായിരിക്കുന്നതു് ബുദ്ധിശക്തിയാണ്. പ്രതിപാദ്യവിഷയം ഗ്രന്ഥകർത്താവിൽ ഉണ്ടാക്കുന്നതും അദ്ദേഹം വായനക്കാരിൽ ഉണ്ടാകണമെന്നു് ഇച്ഛിക്കുന്നതുമായ വികാരമാണ് രണ്ടാമത്തെ വിഭാഗം. ഇതു് ഹൃദയസംബന്ധിയാണ്. ഏതു നിസ്സാരമായ കല്പനമുതൽ അത്യധികമായ ഭാവനാശക്തിവരെ പ്രയോഗിച്ചു് സകല വസ്തുക്കളുടേയും സൂക്ഷ്മവീക്ഷണം സമ്പാദിക്കുകയും അതിന്റെ സഹായത്താൽ ജനങ്ങളിൽ ആ ബുദ്ധിവിശേഷത്തെ അങ്കുരിപ്പിക്കയും ചെയ്യുന്നതു് മൂന്നാമത്തെ വിഭജനമാണ്. ഇവ മൂന്നിന്റേയും ചേർച്ചയിൽ സാഹിത്യത്തിന്റെ ജീവശരീരങ്ങൾ നിർമ്മിക്കപ്പെട്ടുകഴിഞ്ഞു. ഗ്രന്ഥകർത്താവിന് സ്വാധീനമായിരിക്കുന്ന ഉപകരണങ്ങൾ എത്രതന്നെ സമൃദ്ധമായാലും അദ്ദേഹത്തിന്റെ ചിന്താശക്തി, വികാരശക്തി, കല്പനാശക്തി എന്നിവ എത്ര ബലവത്തരമായിരുന്നാലും ഗ്രന്ഥത്തിന്റെ പൂർണ്ണതയ്ക്കു ഒരു ഘടകവുംകൂടി ആവശ്യമായിട്ടുണ്ടു്. പ്രക്രമം, സൗഷ്ഠവം, സൗന്ദര്യം, ഫലോന്മുഖത്വം എന്നിവകൂടി ഇല്ലാതിരുന്നാൽ ഗ്രന്ഥത്തിന് ഒരു സ്ഥാനം ഉണ്ടായിരിക്കുന്നതല്ല. ഈ വി

ഭാഗത്തെ നാലാമത്തെ വിഭജനമായി ഗണിക്കാം. ഈ വിഭാഗം ശാസ്ത്ര സങ്കേതങ്ങളായ ചില നിദ്ദേശങ്ങൾക്ക് കീഴ്പ്പെട്ടിരിക്കുന്നു.

## 2

അടുത്തു പ്രതിപാദിപ്പാൻ ഭാവിക്കുന്ന വിഷയങ്ങളുടെ വ്യക്തതയ്ക്കു മാത്രമാണ് സാമാന്യതത്വങ്ങളെക്കുറിച്ച് ഇത്രയും സ്പർശിക്കാനിടവന്നത്. വിദ്യാർത്ഥികൾ അത്യാവശ്യമായി ആദ്യംതന്നെ അറിഞ്ഞിരിക്കേണ്ട സംഗതികളെക്കുറിച്ച് ഇനിപ്പറയാം. അവരുടെ ബുദ്ധി, ശാസ്ത്രതത്വങ്ങളിലല്ല സാഹിത്യത്തിൽതന്നെയാണ് ആദ്യമായി പ്രവർത്തിക്കേണ്ടതു്.

സാഹിത്യത്തിൻെറ പരമമായ നില ജീവിതനിദ്ദേശത്തിൽ സ്ഥിതിചെയ്യുന്നു എന്നും അതു് നിർദ്ദേശിക്കുന്ന ജീവിതസ്വഭാവത്താൽ അതിൻെറ സാധ്യം നിർവഹിക്കപ്പെടുന്നു എന്നും വരുന്ന സ്ഥിതിക്ക് സാഹിത്യത്തിൽ അന്തർഹിതമായ രസം അതിൽ നിർവ്വർണ്ണനംചെയ്തിരിക്കുന്ന പുരുഷസ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നതാണ്. സാഹിത്യത്തെ വിവരിക്കുന്നതിന് ഒരുങ്ങിയ ഒരു മഹാൻ പല പൂർവ്വപക്ഷത്തോടുകൂടിയാണെങ്കിലും അതിനെ "ജീവിതചച്ച" എന്ന് നിർദ്ദേശിച്ചിരിക്കുന്നു. വ്യാഖ്യാതാവിൻെറ ഹൃദയത്തിൽ ജീവിതം എങ്ങിനെ രൂപീകരിക്കുന്നുവോ, അങ്ങിനെയുള്ള ഒരു ജീവിതവ്യാഖ്യാനമത്രെ സാഹിത്യം എന്ന് ചുരുക്കിപ്പറയാം. വിമർശകൻ എന്നോ വ്യാഖ്യാതാവ് എന്നോ ഉള്ള നിലയെയാണ് നാം ആദ്യമായി അന്വേഷിക്കേണ്ടതു്. സ്വഭാവമാകുന്ന യന്ത്രത്തിൽകൂടി കാണപ്പെടുന്ന കലയാണ് ജീവിതം. ലോകത്തെ കാണുന്നതിന് ഒരു കലാവിദഗ്ദ്ധൻ സ്വീകരിച്ചിരിക്കുന്ന കണ്ണാടി നിർബന്ധമായി അവൻെറ രൂപവുംകൂടി പ്രതിഫലിപ്പിക്കുമെന്നതു നിശ്ചയംതന്നെ. സർവ്വസാധാരണമായ ഈ പരമാർത്ഥതത്വത്തെ അവധാനപൂർവ്വം സ്വീകരിക്കേണ്ടതാണ്.

ഒരു ഉത്തമഗ്രന്ഥം തൽകർത്താവിൻെറ ഹൃദയശുദ്ധിയുടേയും ബുദ്ധിവൈഭവത്തിൻെറയും സന്തതിയാണ്. അദ്ദേഹം സ്വന്തരൂപത്തെ അതിൽ ലേഖനംചെയ്തിരിക്കുന്നു. അവ അദ്ദേഹത്തിൻെറ ജീവിതപ്രതിഫലനങ്ങളാണ്. അദ്ദേഹത്തിൻെറ പുരുഷത്വപ്രസാദനങ്ങൾതന്നെയാണു അവയിൽ പ്രത്യക്ഷമാകുന്നതു്. അതിനാൽ ഗ്രന്ഥപ്രതിപാദിതനായ ആ വ്യക്തി നമ്മുടെ മാർഗ്ഗദർശിയായിരിക്കുന്നു. അതു് സജീവനായ ഒരു വ്യക്തിയാണെന്നു നാം അറിയണം. അങ്ങിനെയുള്ള ഒരുവനോടു നേരിട്ടു സഹവസിക്കുന്നതത്രെ പുസ്തകപാരായണത്തിൽ ആദ്യമായി ആരംഭിക്കേണ്ടതു്. ആദ്യമായി പണ്ഡിതനാകുവാനല്ല, നല്ല ഒരു വായനക്കാരനാകുവാനാണ് ശ്രമിക്കേണ്ടതു്. ഏതെങ്കിലും ഒരു വിഷയത്തെ ദൃഢവും

അനുകമ്പാപൂർവകവുമായ മൈത്രിയോടെ പഠിക്കുന്നു എങ്കിൽ നാം നല്ല വായനക്കാരനായി. പ്രത്യക്ഷാനുഭവം സാഹിത്യത്തിൻെറ അടിത്തറയാണ്. അപ്രകാരമുള്ള അനുഭവങ്ങളിൽ പെടുകയും അവയുടെ ഭാഗഭാക്കാകുകയും ചെയ്യുന്നതുതന്നെയാണ് സാഹിത്യസംസ്കാരമെന്ന് പറയുന്നത്. ഒരു ഗ്രന്ഥത്തിൻെറ മഹത്വം അതിനു ജീവനായി നില്ക്കുന്ന കഥാപുരുഷൻെറ മഹത്വത്തെ ആശ്രയിച്ചിരിക്കുന്നു. അസാധാരണവാസന എന്നു നാം പറയുന്ന ഒരു ബുദ്ധിഗുണം പ്രകൃതിയെ നിരീക്ഷണംചെയ്യുന്ന വസ്തുവിൻെറ നവ്യരീതിയേയും അതിൻെറ അദലിതരൂപത്തേയും ആശ്രയിച്ചിരിക്കുന്നു. അതുകൂടാതെ ആശക്തിയുടെ സഹായത്താൽ ലോകത്തെ സൂക്ഷ്മമായി കാണുന്നതിനും നിരീക്ഷണംചെയ്യുന്നതിനും വിചിന്തനംചെയ്യുന്നതിനും പര്യാപ്തമായിത്തീരുന്നു. സ്വകല്പിതമായി ഒരു നവ്യരീതിയിൽ ഒരു വസ്തുവിനെ നിരീക്ഷണംചെയ്തു് ആരേരീതിയിൽ പ്രതിപാദിക്കുന്നതിനുള്ള സാമർത്ഥ്യമാണ് ഒരു ഗ്രന്ഥനിർമ്മാണത്തിൻെറ മൂലതത്വം. അങ്ങിനെയുള്ള ഗ്രന്ഥങ്ങളത്രെ ഉത്തമങ്ങളെന്ന് ഗണിച്ചുപോരുന്നത്. ഒരു ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന ജീവിതവശങ്ങൾ ഗ്രന്ഥകർത്താവിന് അടുത്തു പരിചയമുള്ളവയായിരിക്കണം. അവയെ സൂക്ഷിച്ചറിഞ്ഞിരിക്കേണ്ടതാണ്, സൂക്ഷ്മാന്വേഷണഫലമായി വസ്തുസ്ഥിതികളെ ഗാഢമായി ഗവേഷണംചെയ്തിരിക്കണം. സാധാരണജനങ്ങൾ അറിഞ്ഞിട്ടില്ലാത്ത തത്വങ്ങളെ വിശദീകരിക്കുന്നതിൽ ഗ്രന്ഥകർത്താവിൻെറ പ്രതിഭ പ്രവർത്തിച്ചിരിക്കേണ്ടതും അത്യാവശ്യമത്രെ. ഇവയ്ക്കു പുറമെ ഒരു ചിത്രകാരനുള്ള സാമർത്ഥ്യം—ദ്രഷ്ടാക്കളെക്കൂടി തന്നെപ്പോലെ കാണുന്നതിനും ചിത്തക്ഷോഭം വരുത്തുന്നതിനും—ഗ്രന്ഥകർത്താവിനുണ്ടായിരിക്കണം. ഗ്രന്ഥകർത്താവ് ഏതു വീക്ഷണകേന്ദ്രത്തിൽനിന്ന് നിരീക്ഷണത്താൽ വസ്തുസ്ഥിതികളെ അറികയും അനുഭവിക്കുകയും ചെയ്തോ ആ വൃത്തിവിശേഷം വായനക്കാരിൽക്കൂടി അങ്കുരിപ്പിക്കണം. ഐഹികജീവിതത്തിനു പരമായ ഒരു ജീവിതത്തെ നയിക്കുന്നതിനുവേണ്ടി മഹത്തുക്കളുടെ നിക്ഷിപ്തവും സുരക്ഷിതവുമായ ജീവരക്തമാണ് ഗ്രന്ഥമെന്ന് ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നു. ആ വിധമുള്ള ചൈതന്യത്തിൻെറ പ്രവൃത്തിനിരതത്വത്തിന് നമ്മുടെ പ്രകൃതിയെ വശഗമാക്കുകയും ആ ജീവസ്ഫുരണം നമ്മിൽ സർവത്ര പ്രകടമാകുകയും ചെയ്യുന്നതത്രെ സാഹിത്യസംസ്കരണത്തിൻെറ പ്രാഥമ്യപദവി. ഇതത്രെ വായനയുടെ അന്തിമരഹസ്യം.

(തുടരും)

# * പ്രധാനവും അപ്രധാനവും.

തുടർച്ച.

ഒരു കിൻറർഗാർട്ടൻ വിദ്യാലയത്തിലെ പരിശോധനാഫലങ്ങൾ.

ഒരു സംഭാഷണം.

ഓരോ കുട്ടിയുടേയും പ്രധാന വാസനയെസംബന്ധിച്ചുള്ള ഈ പരിശോധനയെപ്പററി സവിസ്തരം ഞാൻ ഒടുവിൽ പറയുന്നതാണ്. എല്ലാ ജോലിയിലും പ്രതിഫലിക്കുന്ന മനോഭാവത്തെ പരിശോധിച്ച് അതു കണ്ടുപിടിക്കാമെന്ന് ഞാൻ സൂചിപ്പിച്ചിട്ടുണ്ടല്ലൊ.

കുട്ടിയുടെ ഇഷ്ടാനിഷ്ടങ്ങളെ സൂക്ഷിക്കുക. അനേവഷണംകൊണ്ട് കുട്ടിയുടെ മനസ്സിൽ വെറുപ്പുണ്ടാക്കിയിട്ടുള്ള വല്ല സംഭവങ്ങളും ഉണ്ടായിട്ടുണ്ടോ എന്ന് അറിയുക. ഭയമുണ്ടെങ്കിൽ അതിൻെറ കാരണം അറിയുക. ഒരു കുട്ടി ഒരു കളിക്കോപ്പ് എടുത്തു പെരുമാറുമ്പോൾ അവൻ ആനന്ദിക്കുന്ന സമയം അറിയുക. അതായത് ശ്രദ്ധ എത്രത്തോളംനേരം നിലനില്ക്കുന്നു എന്ന് അറിയുക. പല ദിവസങ്ങളോളം പരിശോധിക്കുക. അത് പലപ്പോഴും വ്യത്യസ്തമായിരിക്കും. ഞായറാഴ്ച ഒരു ഒഴിവുദിവസമാണെങ്കിൽ തിങ്കളാഴ്ച അതു കൂടുതലായിരിക്കും. അത് കൂടിക്കൂടി വന്ന് ഒന്നരണ്ടുദിവസത്തിനുശേഷം കുറഞ്ഞുതുടങ്ങും. ആരോഗ്യവും ക്ഷീണവും അനുസരിച്ച് വിവിധകുട്ടികളിൽ അത് വ്യത്യസ്തപ്പെട്ടു കാണാം. വെള്ളിയാഴ്ചയും ശനിയാഴ്ചയുമായിരിക്കും അതു കുറഞ്ഞുകാണുന്നത്.

മററു കുട്ടികളൊ, നിങ്ങളൊ, മാതാപിതാക്കന്മാരോ മററൊ കളിക്കോപ്പുകൾ തട്ടിയെടുക്കുകയാണെങ്കിൽ കുട്ടി ദേഷ്യമൊ അക്ഷമയൊ കാണിക്കുന്നുണ്ടോ എന്നു നോക്കുക. കുട്ടി നിങ്ങളോട് എന്തുചെയ്യും? അയാൾ മററു കുട്ടികളെ ഇടിക്കുന്നുണ്ടോ?

നിങ്ങൾ സാമാനംകൊടുക്കുമ്പോൾ അത് വാങ്ങിക്കുവാൻ അക്ഷമ കാണിക്കുന്നുണ്ടോ? നിങ്ങളിൽനിന്നും തട്ടിയെടുക്കുന്നുണ്ടോ? കുട്ടി ശാന്തനും സന്തോഷചിത്തനുമായി കാണുന്നുണ്ടോ? സാമാനം കിട്ടുന്നതുവരെ അവൻ ക്ഷമിച്ചിരിക്കുന്നുണ്ടോ? ഒരു കുട്ടി ഒരു ജോലി ആവർത്തിച്ചു ചെയ്യുമ്പോൾ ഓരോ പ്രാവശ്യവും എത്രത്തോളം നന്നാകുന്നുണ്ട്? മററുള്ള കുട്ടികളുമായി താരതമ്യപ്പെടുത്തുക.

---

മി: എസ്സ്. സി എൻ. റാവു സാരോഡ് (ലക്നൗ) എഡ്യൂക്കേഷനൽ റിവ്യൂവിൽ എഴുതിയത്.

നിങ്ങൾ ഒരു മാതൃക കാണിക്കുമ്പോൾ കുട്ടിക്ക് കുറച്ചുകൂടി നന്നായിട്ട് അനുകരിക്കുവാൻ സാധിക്കുന്നുണ്ടോ? കുട്ടി നിങ്ങളെ ശ്രദ്ധിക്കാതെ അവൻെറ ഇഷ്ടംപോലെയാണോ ചെയ്യുന്നത്?

കുട്ടികൾ തെററുകളോ വിഡ്ഢിത്തങ്ങളോ കാണിക്കുമ്പോൾ തന്നത്താൽ തെററു കണ്ടുപിടിക്കുവാൻ അനുവദിക്കുക. അവർതന്നെ തിരുത്തട്ടെ. എന്നാൽ നിങ്ങൾക്കു തെററാണെന്നു തോന്നുന്നത് ബുക്കിൽ കുറിച്ചിടുക. അവക്കു വേണ്ട സമയം നൽകണം. തെററുകൾ കണ്ടുപിടിക്കുവാൻ അവർ എത്രസമയമെടുക്കുന്നു? എത്രതവണ അവർ തിരുത്തുന്നുണ്ട്? തെററുകൾ നിങ്ങൾ വിചാരിച്ചിരിക്കാത്തവയാണോ? അവ സ്വാഭാവികമായി ആ പ്രായത്തിൽ ഉണ്ടാകുന്നവയാണോ? അത് അപൂർണ്ണമോ യഥാർത്ഥമായ തെറെറാ? യഥാർത്ഥമായ തെററ് ഒരുതരം. അവിചാരിതങ്ങളായി വന്നുകൂടുന്ന തെററുകൾ വേറൊരുതരം.

ഓരോ ദിവസവും കുട്ടിക്ക് ഒരേവസ്തുവിൽ താല്പര്യമുണ്ടോ? പുതിയ സാധനം ഇഷ്ടപ്പെടുന്നുണ്ടോ? അവർ ഓരോരോ പൂക്കളിലേക്ക് പറക്കുന്ന തുമ്പിയെപ്പോലെയാണോ? ഇത് മററു കുട്ടികളുമായി താരതമ്യപ്പെടുത്തിയാലെ അറിയുവാൻ സാധിക്കു. ചില കുട്ടികൾ ഒരു വസ്തുവിൽ താല്പര്യംകുറഞ്ഞ് പുതിയ വസ്തുക്കൾ സ്വീകരിക്കുന്നു.

മുഖഭാവം നോക്കി ആരോഗ്യവും ക്ഷീണവും അറിയുക.

കുട്ടി സാമാനങ്ങൾ ഉപയോഗിക്കുന്നതിൽ സമർത്ഥനാണോ? ഇവ അറിഞ്ഞതിനുശേഷം അനുകരണശക്തിയും തദ്വാരാ ഓർമ്മശക്തിയും അറിയുക.

വേല കുട്ടികൾക്ക് കഠിനമായിട്ടോ ലഘുവായിട്ടോ തോന്നുന്നത്? ഏതു ജോലിയാണ് കഠിനം? ഏതുതരം വസ്തുക്കളാണ് അവരെ ശാന്തരാക്കുന്നതും, ജോലിയിൽ വ്യാപൃതരാക്കുന്നതും, ദീർഘസമയം താല്പര്യം നിലനിർത്തുന്നതും?

## പ്രധാനം.

പ്രധാനവാസനയെസംബന്ധിച്ചിടത്തോളം എൻെറ പരിശോധനകളും ക്രമീകരണവും ഇങ്ങനെയായിരിക്കും. നാം ഒരേതരത്തിലുള്ള ഗൃഹനിർമ്മാണവസ്തുക്കൾ വിവിധതരക്കാരായ ഏഴു കുട്ടികൾക്ക് കൊടുക്കുന്നു എന്ന് വിചാരിക്കുക.

ഫ. ആദ്യത്തെ കുട്ടി എൻജിനിയറിങ്ങ് സംബന്ധമായ തത്വങ്ങൾ അനുസരിച്ച് ഒരു ഗൃഹം നിർമ്മിക്കുന്നതിന് ശ്രമിക്കുമായിരിക്കും. അത് ഉറപ്പുള്ളതുമായിരിക്കും. അയാൾ പല തത്വങ്ങളും പ്രദർശിപ്പിക്കും. എ

ന്നാൽ അയാറം പ്രകടിപ്പിക്കുന്ന ഏററവും പ്രധാനമായ വാസന എൻജിനിയറിങ്ങ്സംബന്ധമായ സാമത്ഥ്യമാണ്. അല്ലെങ്കിൽ ആ തത്വങ്ങളെ സംബന്ധിച്ച ജ്ഞാനമാണ്. എന്നാൽ വാക്കുരൂപത്തിൽ പറയുന്നതിന്നൊ നിവ്ഛിക്കുന്നതിന്നൊ അയാറംക്ക് സാധിക്കയില്ലായിരിക്കാം. അതെല്ലാം ഒരു അവികസിതാവസ്ഥയിലാണ്. എന്നാലും അത് ഏതു പ്രവൃത്തിയിലും പ്രതിഫലിച്ചുകാണാവുന്നതാണ്. അതുകൊണ്ട് അയാറം ഒരു എൻജിനിയറുടെ സമ്പ്രദായക്കാരനാണെന്നു പറയാം. പരിപൂണ്ണമായിട്ടൊ ശരിയായിട്ടൊ നിമ്മിക്കുവാൻ സാധിക്കയില്ലായിരിക്കാം. അയാളുടെ അപക്വങ്ങളായ ശ്രമങ്ങറം അതു പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിൽ മതി. ഒരു കളിക്കാരന് കളികളുടെ സമ്പ്രദായമനുസരിച്ച് അസമാധാനം ഉണ്ടായിരിക്കുന്നതുപോലെയും കൈകാലുകറം ഇളകുന്നതുപോലെയുമാണത്. അല്ലെങ്കിൽ സംഗീതം കേറംക്കുമ്പോറം കൈകാലുകറം അനങ്ങുന്നതു നിങ്ങറം കണ്ടിരിക്കുമല്ലൊ. ചെണ്ടകൊട്ടു കേറംക്കുമ്പോഴും നൃത്തംകാണുമ്പോഴും നമ്മുടെ ശരീരം നാം അറിയാതെ ചലിക്കുന്നതു സാധാരണമാണല്ലൊ.

൨. രണ്ടാമത്തെ കുട്ടി അങ്ങനെയുള്ള വാസന കാണിക്കയില്ലായിരിക്കാം. എന്നാൽ അയാറം സാധനങ്ങറം സംഘടിപ്പിക്കുന്നതിലും, ഭംഗിയുള്ള ചന്ദ്രക്കലകറം നിമ്മിക്കുന്നതിലും സാമത്ഥ്യംകാണിക്കും. നേരെയുള്ള വരകറം കാണുകയില്ല. അയാറം കമനീയത ഉണ്ടാക്കുന്നതിലാണു ശ്രദ്ധിക്കുന്നത്. സൌന്ദയ്യബോധം അല്ലെങ്കിൽ കലാസംബന്ധമായ വാസനയുള്ളവനാണ് അയാറം എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ.

൩. മൂന്നാമത്തെ കുട്ടി ഈ രണ്ടുതരത്തിൽപെട്ടവനുമല്ല. ഉപയോഗത്തെയും ശാസ്ത്രീയരീതിയേയുമാണു നോക്കുന്നത്. ശരിയായ ഒരു മുററം അടുക്കളെ, ശയനമുറി, കുളിമുറി, സാമാനം ശേഖരിക്കുവാനുള്ള മുറി, ഗ്രന്ഥശാലാ മുതലായവ വേണ്ടപോലെ ക്രമീകരിക്കുവാൻ അയാറം ശമിക്കുന്നതായിരിക്കും. സൌന്ദയ്യം എന്താണെന്നുതന്നെ അറിഞ്ഞുകൂടാ. രണ്ടാമത്തെ കുട്ടിക്കു സൌകയ്യം അത്ര കായ്യമായി തോന്നുന്നില്ല. ഈ മനുഷ്യനു സൌകയ്യവും സുഖവുമുള്ളതു കൗതുകമായിട്ടുള്ളതാണ്. രണ്ടുപേരും അവരുടെ രീതി അനുസരിച്ചു ശരിയാണ്.

സാമാനം പോരെങ്കിൽ അയാളാൽ കഴിവുള്ളിടത്തോളം നന്നാക്കുവാൻ ശ്രമിക്കയൊ, അല്ലെങ്കിൽ കൂടുതൽ സാമാനം ആവശ്യപ്പെടുകയൊ ചെയ്യും. അങ്ങനെയുള്ള ഒരു കുട്ടി സാധാരണമായി സുഖജീവിതത്തെ ഇച്ഛിക്കുന്ന തരത്തിൽ പെട്ട ഒരാളാണ്. എന്നാൽ ഒരു ധനതത്വശാസ്ത്രജ്ഞനുമാണ്. കൂടാതെഒരു പ്രത്യേകതരത്തിലുള്ള ശാസ്ത്രജ്ഞനുമാണ്.

൪. നാലാമത്തെ കുട്ടി ഇതൊന്നും നോക്കുന്നില്ല. അയാറം ഒരു വ

ലിയ വസ്തുനിർമ്മിക്കുന്നു. ഭംഗിയോ ആധുനികരീതിയൊ അതിൽ കാണുകയില്ല. അയാളുടെ ഇഷ്ടം, വാസന മുതലായവയെ ഗണിക്കാതെ അറിവില്ലാതെ പ്രധാനവാസനയെ വഞ്ചിക്കുന്നു. അയാളുടെ ആത്മാവു് വലിയതും പ്രഭാവമേറിയതുമായ വസ്തുവിനെ ആഗ്രഹിക്കുന്നു. അയാൾ ഒരു ഗംഭീരപുരുഷനാണു്.

രു. വേറൊരു കുട്ടി ഇവയിലൊന്നും ശ്രദ്ധിക്കുന്നില്ല. ഉയരമുള്ള വസ്തുക്കളിലാണു് അയാളുടെ താല്പര്യം. അയാൾ ഒരു മണിമാളികയൊ പൊക്കമുള്ള കെട്ടിടമൊ നിർമ്മിക്കും. അയാൾ ഉൽക്കർഷേച്ഛയുള്ളവനാണു്. ആകാശത്തിൽ സഞ്ചരിക്കുന്ന ഒരു കഴുകപക്ഷിയുമാണു്. ഇപ്രകാരമുള്ള കുട്ടികൾ ഉയരത്തിൽ കയറുന്നതിനു് ആഗ്രഹിക്കുന്നു. അയാൾ എപ്പോഴും മുകളിലോട്ടാണു് നോക്കുന്നതു്. വീരപ്രവൃത്തികളും വിഷമതകളും അയാൾ ആഗ്രഹിക്കുന്നവനായിരിക്കും. ഓരോന്നിന്റെ മീതെമീതെയായി സാധനങ്ങൾ അടക്കിവയ്ക്കുവാൻ ഇച്ഛിക്കുന്നു. അവ ഇടിഞ്ഞു താഴെവീണു് ക്ഷമയേയും സഹനശക്തിയേയും പരീക്ഷിക്കുമായിരിക്കാം. ശസ്ത്രീയമായ അറിവില്ലാത്തതുകൊണ്ടു് അയാൾ വിജയിയായില്ലെന്നും വന്നേക്കാം. എന്നാൽ അയാളുടെ പ്രവൃത്തികൊണ്ടു് ഈ വാസനകളെ പോഷിപ്പിച്ചു് പരീക്ഷണംകൊണ്ടു് അയാൾ പഠിക്കും. അയാളുടെ ജീവിതത്തിൽ ഉൽക്കർഷത്തെ ആശിക്കുകയും യഥാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ന്നു. മറെറാരുകുട്ടി ഇതൊന്നും ചെയ്യുന്നില്ല. അയാൾ വണ്ണവും വിശാലതയും ആഗ്രഹിക്കുന്നു. അയാൾ ഒരു സത്യസന്ധനാണു്. വിശാലമായ ഒരു പന്തൽപോലെയായിരിക്കും കെട്ടിടം നിർമ്മിക്കുന്നതു്. ഉയരമുള്ളതൊ, ഭംഗിയുള്ളതൊ, ഗംഭീരമായതൊ ആയ വസ്തുക്കളേക്കാൾ മനോവിശാലതയേയും ലഘുത്വത്തേയും ആയിരിക്കും അയാൾ ആഗ്രഹിക്കുന്നതു്.

ം. ഇനി നാം പഠിക്കേണ്ടതായ വേറൊരുകുട്ടികൂടിയുണ്ടു് അയാൾക്കു് എന്താണു് ചെയ്യേണ്ടതെന്നു് അറിഞ്ഞുകൂടാ. കുറേനേരത്തേക്കു് അയാൾ അന്ധാളിച്ചുപോകുന്നു. സാമർത്ഥ്യമില്ലെന്നല്ല, ആശയമില്ല, നിർദ്ദേശമില്ല. അയാൾക്കു് നല്ലപോലെ പ്രവർത്തിക്കുവാൻ സാധിക്കുമെങ്കിലും പറഞ്ഞുകൊടുക്കുവാൻ ആരുമില്ല. അയാൾ ആജ്ഞകളെ അല്ലെങ്കിൽ നിർദ്ദേശത്തെ കാത്തുകൊണ്ടിരിക്കയാണു്. അനന്തരം മററു കുട്ടികൾ ചെയ്യുന്ന ഏതെങ്കിലും ഒന്നു പ്രവർത്തിക്കുവാൻ ശ്രമിക്കുന്നു, സാമർത്ഥ്യത്തോടുകൂടി അനുകരിക്കുന്നു. ഒന്നു അനുകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വേറൊന്നു നോക്കുന്നു. എന്തായാലും അവരിൽ ഒരാളുടെ ജോലി ചെയ്യുവാൻ അയാൾ ശ്രമിക്കുന്നു. അയാൾ നേതൃത്വത്തിനുവേണ്ടി കാത്തിരിക്കുന്നു. ആശയമുള്ളവനേക്കാൾ നല്ലപോലെ പ്രവർത്തിച്ചു. വിനയവും അടക്ക

വും അനുസരണവുമുള്ള. ഈ കുട്ടി ഒരു അനുകരണശീലമുള്ളവനും എപ്പോഴും പുറകെ പോകുന്നവനുമാണ്. അയാളെ കുററപ്പെടുത്തിക്കൂടാ. അയാളുടെ മാൎഗ്ഗത്തിൽ കേമനാണ്. സൽബുദ്ധിയില്ല. അടിമമനസ്ഥിതിയാണുള്ളതു്. ഒരു ഗുരുവിൻെറ ഉത്തമശിഷ്യനാണ്. എന്നാൽ ഒരു പ്രത്യേകജോലി അയാൾക്കു വേണം. മററുള്ളവരെ കടന്നു പോകുവാൻ അയാൾ ആഗ്രഹിക്കുന്നു. അയാൾ ഒരു നായകനാണ്.

ഇതിൽനിന്നും ഒരു വസ്തുകൊണ്ടു് ഇത്രയെല്ലാം സാധിക്കാമെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ. ആ വസ്തു ഗൃഹനിൎമ്മാണവസ്തുവായിരിക്കണമെന്നില്ല. എന്തു വേണമെങ്കിലുമാകാം. അദ്ധ്യാപകൻ ചൊടിയുള്ളവനും ശ്രദ്ധയുള്ളവനുമായിരിക്കണം. പല കുട്ടികളെ പല ഘട്ടങ്ങളിലായി പരിശോധിക്കേണ്ടിവരും.

ഈ പരിശോധന കഴിഞ്ഞതിനുശേഷം-കുട്ടിയുടെ സ്വഭാവത്തെ മനസ്സിലാക്കിയതിനുശേഷം- പ്രധാനവാസന, അപ്രധാനവാസന, ഇഷ്ടാനിഷ്ടങ്ങൾ, ശീലം, ആരോഗ്യം-മുതലായവ മനസ്സിലാക്കിയതിനു ശേഷം-സൎവ്വസാമാന്യമായ വളർച്ചക്കു വേണ്ട പരിസരവും ആനുകൂല്യങ്ങളും സൃഷ്ടിക്കുക. പ്രധാനവാസനയെ പ്രത്യേകം പോഷിപ്പിക്കുന്നതിനു വേണ്ട സൗകൎയ്യം നൽകണം. മാതാപിതാക്കന്മാരിൽനിന്നും വളരെയെല്ലാം അറിയേണ്ടതായിട്ടുണ്ടു്. ആശാസ്യമായ ഒരു മാൎഗ്ഗത്തിൽക്കൂടി വളരുന്നതിനും, അനാശാസ്യങ്ങളായ വാസനകളെ നശിപ്പിച്ചു് ആശാസ്യങ്ങളായവ വളൎത്തുന്നതിനും അദ്ധ്യാപകനു കഴിയുന്നതാണ്. കുട്ടിയുടെ പ്രധാനവാസനയിൽ പരിശോധിക്കുവാൻ അനുവദിച്ചില്ലെങ്കിൽ ജീവിതത്തിൽ അയാൾ ഒരു പരാജിതനായിത്തീരും. ഒരു കലാരസികനു് എളുപ്പത്തിൽ ഒരു കണക്കുശാസ്ത്രജ്ഞനാകാൻ കഴികയില്ല. എൻജിനിയറിങ്ങിലൊ നേതൃത്വം വഹിക്കുന്നതിലൊ വാസനയുള്ള ഒരു കുട്ടിയെ ഒരു സംഗീതജ്ഞനാക്കുന്നതിനു ശ്രമിക്കുകയാണെങ്കിൽ ആ നിലയിൽ അയാൾ ഒരു പരാജിതനാകുമെന്നു മാത്രമല്ല ഒരു നല്ല നേതാവുമായിത്തീരുകയില്ല. പരാജിതനായ അയാൾ അതിബുദ്ധിയൊ ലോകത്തിനുപയോഗമില്ലാത്തവനൊ ആയ ഒരു വിഡ്ഢിയായി മരിക്കയെ ഉള്ളു. നിശ്ചയമായിട്ടും അയാൾക്കു് എങ്ങനെ അതിബുദ്ധിയുണ്ടാകും.? സൗകൎയ്യം ഉണ്ടായിട്ടും അതിബുദ്ധിമാന്മാരാകാത്തവരെല്ലാം നമ്മുടെ അശ്രദ്ധകൊണ്ടു വഷളന്മാരായിട്ടുള്ളവരാണ്. എല്ലാവൎക്കും ഒരുപോലെയുള്ള സൗകൎയ്യം നൽകുക. നിങ്ങളുടെ പരിശോധനയനുസരിച്ചു പരിസരംകൊണ്ടു് ഗുണമുണ്ടാകാം. എന്നാൽ ഓരോ കുട്ടിക്കും അയാളുടെ പോക്കനുസരിച്ചു് തക്കതായ സൌകൎയ്യം നൽകണമെങ്കിൽ വളരെ മുൻകരുതൽ ആവശ്യമാണ്.

അയാളുടെ പ്രധാനവാസനയനുസരിച്ച് വളരുവാൻമാത്രം അനുവദിച്ചുകൂടാ. അയാൾ ജീവിതത്തിന് സന്നദ്ധനല്ലാത്ത- പ്രത്യേകിച്ചു സമുദായത്തിൽ- ഒരു അപൂർണ്ണമനുഷ്യനായിത്തീരും. മററു മാർഗ്ഗങ്ങളിൽ അരസികനൊ വിഡ്ഢിയൊ ആകാത്തതരത്തിൽ മററു കാര്യങ്ങളും അയാൾ അറിഞ്ഞിരിക്കണം. ഒരു കണക്കശാസ്ത്രജ്ഞൻ ജനങ്ങളുമായി ഇടപെടുന്നതിനറിയാത്തവനും, കോപിഷ്ഠനും, കീഴിലുള്ളവരോട് ഒരു ദുർഭരണം നടത്തുന്നവനുംആയാൽ അതിബുദ്ധിമാനായിരുന്നിട്ടും ലോകത്തിലെ എത്രയും അരസികനായ മനുഷ്യനായിരിക്കയെയുള്ളു അയാൾ ഒരു നല്ല കണക്കശാസ്ത്രജ്ഞനാണോ എന്നുംമററും ആളുകൾ അത്ര ശ്രദ്ധിക്കയില്ല. അവർ ശ്രദ്ധിക്കുന്നത് മററുള്ളവരുടെ ക്ഷേമത്തിനും സുഖത്തിനും അയാൾ എന്തു ചെയ്യുന്നുണ്ടെന്നും ഇടപെടുന്നതിന് അരസികനായ ഒരാളാണോ എന്നും, കണക്കൊ, തത്വശാസ്ത്രമൊ, ശാസ്ത്രമൊ സംബന്ധിച്ചുള്ള അയാളുടെ പ്രാഗത്ഭ്യംകൊണ്ട് പ്രയോജനമുണ്ടാകുമൊ എന്നും, മററുള്ളവരുടെ വളർച്ചയൊ, സുഖമൊ, യോജിപ്പൊ സംബന്ധിച്ചുള്ളതിൽ അയാൾ ഇടപെടുന്നുണ്ടോ എന്നും ആയിരിക്കും.

അതുകൊണ്ട് വ്യക്തിപരങ്ങളായ ആവശ്യങ്ങളും, സ്ഥിതിഗതികളും, സമയവും അനുസരിച്ചുള്ള ഒരു പരിസരം നിങ്ങൾ സൃഷ്ടിക്കുകയും അവിടെ വളരുന്നതിന് അയാളെ സഹായിക്കുകയും ചെയ്യേണ്ടിവരും. വിദ്യാലയങ്ങളിൽ നമുക്ക് കളി, വിനോദം, പാട്ട്, നൃത്തം മുതലായവയുണ്ട്. നൃത്തംകൊണ്ട് അനന്തരകാലത്ത് വലിയ പ്രയോജനമുണ്ടാകയില്ലായിരിക്കാം. വ്യായാമവും വിനോദവും അതിന്റെ ഒരു ഭാഗംമാത്രമെയാകുന്നുള്ളു. ബാല്യകാലത്തും വിദ്യാലയത്തിൽ പഠിക്കുന്ന കാലത്തും ആവശ്യമുള്ള പല കാര്യങ്ങളുമുണ്ട്. അനന്തരകാലത്ത് അവകൊണ്ട് പ്രയോജനമില്ലായിരിക്കാം. വിദ്യാഭ്യാസം മാതാപിതാക്കന്മാൎക്ക് ഉപയോഗകരമൊ വാണിജ്യപരമൊ മാത്രമായിരുന്നുകൂടാ. വിദ്യാഭ്യാസം കുട്ടിക്കും അയാൾ അധിവസിക്കുന്ന രാജ്യത്തിനും ഉള്ളതാണ്. അത് രാജ്യമൊ, സമുദായമൊ, ഗൃഹമൊ, വിപിനമൊ ആയിക്കൊള്ളട്ടെ. ഈ നിസ്സാരകാര്യങ്ങളെല്ലാം അയാളുടെ ജീവിതത്തെ പരോക്ഷമായി ബാധിക്കുന്നതാണ്. അവ അയാളെ ഒരു സമുദായജീവിയൊ വിഷമക്കാരനൊ ആക്കുന്നു. വിദ്യാഭ്യാസംഎന്നു പറയുന്നത് ജനങ്ങളെ വളരെ ഒന്നും മാററിയിട്ടില്ല. തത്വശാസ്ത്രങ്ങളും മതവിശ്വാസങ്ങളും അവരെ മാററിയിട്ടില്ല. നിയമംപോലും നമ്മെ മാററിയിട്ടില്ല. സർക്കാരാലാബിരുദങ്ങളും ജനങ്ങളെ രൂപാന്തരപ്പെടുത്തിയിട്ടില്ല. ചെറുപ്പകാലത്തു് ജനങ്ങളെ രൂപാന്തരപ്പെടുത്തുന്നത് എളുപ്പമാണ്. ഒരു സമുദായനിബന്ധനയും ജനങ്ങളെ സന്മാർഗ്ഗികളാക്കിയിട്ടില്ല. ബുദ്ധിജന്യങ്ങളായ സാദ്ധ്യങ്ങൾ എത്ര നിസ്സാരമെന്ന് ജീവിതമത്സര

വും, പരസ്പരവഞ്ചനയുമുള്ള നമ്മുടെ നിത്യജീവിതംകൊണ്ട് അറിയാം. രണ്ടു ബിരുദങ്ങൾ ഉള്ള ഒരാൾ എല്ലായ്പോഴും വിശ്വാസയോഗ്യനായിരിക്കണമെന്നില്ല. "ദുഃഖത്തിൻേറയും ഉപദ്രവത്തിൻേറയും ഹേതു അക്ഷരജ്ഞാനവഹീനതയാണെ"ന്ന് ജനങ്ങൾ പറയാറുണ്ട്. എന്നാൽ വിദ്യാഭ്യാസമുള്ളവർ ഒട്ടുംമെച്ചമല്ല. ജീവചരിത്രം, എത്ര മഹാകവികളും ബുദ്ധിമാന്മാരും കോപിഷ്ഠരും ദുഃഖിതരുമായ വീരന്മാരായിരുന്നു എന്ന് പറയുന്നുണ്ട്. ഗൃഹജീവിതത്തിൽപോലും ശാന്തമായി കഴിഞ്ഞുകൂടുവാൻ അവക്ക് നിവൃത്തിയില്ലായിരുന്നു. സാമുദായികങ്ങളായ സുഖങ്ങളെ ജീവിതത്തിൻെറ സൌന്ദൎയ്യഭാഗങ്ങളെ അവരെ ഉപേക്ഷിക്കുന്നു. ഇക്കാൎയ്യങ്ങളിൽ നമുക്ക് ജീവിതത്തെ നയിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസോദ്ദേശവും ജീവിതോദ്ദേശവും ധരിക്കയും വേണം. അതുകൊണ്ട് ഓരോകുട്ടിക്കും മററുമാൎഗ്ഗങ്ങളിൽ വളരുന്നതിന് വേണ്ട പരിസരവുമുണ്ടായിരിക്കണം. എന്നാൽ കുട്ടി അവനിഷ്ടമുള്ള മാൎഗ്ഗത്തിൽ വളരുകയും വേണം. അതുകൊണ്ട് അധ്യാപകൻ ശ്രദ്ധാപൂൎവ്വവും സൂക്ഷ്മവുമായ പരിശോധന നടത്തണമെന്ന് സ്പഷ്ടമാകുന്നുണ്ടല്ലൊ. ആദ്യമായി ഒരു കുട്ടിയെപ്പററി സകലവും മനസ്സിലാക്കണം. അയാളുടെ ശരീരം, സിരകൾ, തലച്ചോറ്, മനസ്സ്, സ്വഭാവം ആത്മാവ് മുതലായവയെപ്പററി നാം അറിയണം. ആത്മാവിനേയുംപ്പററി ചോദ്യമുണ്ടാകാം. യഥാൎത്ഥമായിട്ടുള്ളത് അറിയുകയാണെങ്കിൽ അവയെ എന്തു പേരുകൊണ്ടാണ് വിളിക്കുന്നതെന്നുള്ളതിനെപ്പററി ഗൌനിക്കേണ്ട. ഒരു രോഗത്തേയും ലക്ഷണത്തിനുമാത്രം ചികിത്സനൾകി ഭേദപ്പെടുത്താവുന്നതല്ല. തൽക്കാലത്തേക്ക് സുഖം കിട്ടുമെങ്കിലും ഒരു രോഗത്തേയും ബാഹ്യമായ ചികിത്സകൊണ്ടുമാത്രം ഭേദമാക്കാവുന്നതല്ല. എവിടെയെങ്കിലും തെററുണ്ടെങ്കിൽ അന്തർഭാഗത്തെ ചികിത്സിക്കുക; മൂലത്തിൻെറ സ്ഥിതികളെ മാററുക. അതുകൊണ്ടു അതിൽനിന്നും മുളച്ചുവരുന്നതെല്ലാം ആരോഗ്യവും ശക്തിയുമുള്ളതായിരിക്കണം. പല രോഗങ്ങളും ആമാശയം കഴുകുന്നതുകൊണ്ടു ഭേദമാകാറുണ്ട്; എണ്ണ പുറമെ പുരട്ടുന്നതുകൊണ്ടല്ല.

മനശ്ശാസ്ത്രം, ശരീരശാസ്ത്രം, തത്വശാസ്ത്രം മുതലായവയിലുള്ള എത്ര വലിയ അറിവും അപൂൎണ്ണമാണ്.

(തുടരും)

# അദ്ധ്യാപകന്മാരുടെ ശ്രദ്ധക്ക്.

[എ. കരുണാകരമേനോൻ ബി. എ.]

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ച് പല ആക്ഷേപങ്ങളും നാം ദിവസംപ്രതി കേട്ടുവരുന്നുണ്ടല്ലൊ. ആക്ഷേപങ്ങൾ തീരെ അടിസ്ഥാനരഹിതങ്ങളാണെന്ന് വിദ്യാഭ്യാസവുമായി പരിചയപ്പെട്ട ഏതൊരുത്തനും പറയുവാൻ കഴികയില്ല. എന്നാൽ ഇതിനെപററിയുള്ള മുറവിളികൾ നാലുപുറത്തുനിന്നും കേൾക്കുന്നതല്ലാതെ ഇന്നത്തെ സമ്പ്രദായത്തിനുള്ള കേട് ഇന്നതാണെന്ന് കണ്ടുപിടിച്ചു അതു തീർക്കുവാൻ ശ്രമിക്കുന്നവരെ കാണുന്നില്ല. ഈ ആക്ഷേപങ്ങൾക്ക് ആരാണ് ഉത്തരവാദി? നിശ്ചയമായും അധികഭാഗവും ഇന്നത്തെ അദ്ധ്യാപകൻ ആണെന്ന് പറയാതെ നിവൃത്തിയില്ല. ഗുരുനാഥനെ ഈശ്വരസമനായി കരുതിയിരുന്ന ഭാരതഭൂമിയിൽ ആ ആചാര്യന് ഇന്നുള്ള നില എന്താണ്? സമുദായത്തിൽ ഇത്ര നികൃഷ്ടനായിട്ട് വേറെ ഒരു ജന്തുവുണ്ടോ എന്നു ജനങ്ങൾ സംശയിക്കുന്നു. വാസ്തവം ഇതല്ലെ. അതിനെ മറച്ചുവെക്കാൻവേണ്ടി അദ്ധ്യാപകവൃത്തി മഹത്തായിട്ടുള്ള ഒന്നാണ്, അദ്ധ്യാപകൻ രാഷ്ട്രനിർമ്മതാവാണ് എന്നൊക്കെ ഞെളിഞ്ഞിരുന്നു പറഞ്ഞിട്ട് എന്താണു കാര്യം? അദ്ധ്യാപകൻ എന്തിനായിട്ടാണ് അദ്ധ്യാപകനാകുന്നത്? അല്പംനേരം നമുക്ക് ഒന്നു ആലോചിച്ചുനോക്കുക. വയററിൻപിഴപ്പല്ലാതെ പാവനങ്ങളായ ആശയങ്ങൾ ഒന്നുംതന്നെ ഇന്നത്തെ അദ്ധ്യാപകൻെറ അടുത്തുകൂടി പോയിട്ടില്ലെന്ന് ഏതൊരു അദ്ധ്യാപകനും തൻെറ ഹൃദയം ഒന്നു പരിശോധിച്ചു നോക്കിയാൽ അറിയാവുന്നതാണ്. അതുതന്നെയാണ് ഇന്നത്തെ അദ്ധ്യാപകൻെറ നിലയും വിലയും ഇത്ര മോശമായിപ്പോയതു്.

എത്ര വിദ്യാലയങ്ങളാണ് ഇന്നു നാട്ടിൽ ഉള്ളതു്. എത്ര അദ്ധ്യാപകന്മാരാണ്, ഇതിൻെറ ഒക്കെ ഉദ്ദേശം എന്താണ്, ആരറിയുന്നു, ഇന്നത്തെ വിദ്യാഭ്യാസത്തിനു ജീവിതവുമായി വല്ല ബന്ധവുമുണ്ടോ? മാതാപിതാക്കന്മാർ അവർക്കു കുട്ടികളെക്കൊണ്ടുള്ള ശല്യംതീർക്കാൻവേണ്ടി കുട്ടികളെ സ്കൂളിലേക്ക് അയക്കുന്നു. അവിടെപ്പോയാൽ അവർ എന്തുചെയ്യുന്നു, എന്തു പഠിക്കുന്നു എന്ന് ഒരു അന്വേഷണവുമില്ല. പരീക്ഷയിൽ പാസാകുന്ന കാര്യത്തിൽ വളരെ ജാഗ്രത ഉണ്ടുതാനും. അതിനു വേണമെങ്കിൽ എത്ര ശുപാർശ്ചെയ്യുന്നതിനും മടിയില്ല. പരീക്ഷയിൽ വിജയംനേടുകയാണൊ വിദ്യാഭ്യാസത്തിൻെറ ഉദ്ദേശം?. അതോ വേറെ വല്ലതും ഉണ്ടോ? ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ പൌരന്മാർ എന്നൊ

ക്കെ നാം പ്രസംഗത്തിലുംമററും തട്ടിമൂളിക്കുന്നുണ്ട്. എന്നാൽ കുട്ടികളെ പൌരന്മാരാക്കിത്തീക്കാൻ നാം എന്തുചെയ്യുന്നുണ്ട്? ആലോചിച്ചുനോക്കുക. പണ്ടൊക്കെ പഠിക്കുവാൻ ആഗ്രഹമുള്ള കുട്ടികൾ ഗുരുനാഥന്മാരെ അന്വേഷിച്ചു ചെല്ലുകയായിരുന്നു പതിവ്. ഇപ്പോൾ അദ്ധ്യാപകന്മാർ കുട്ടികളെ അന്വേഷിച്ചു ചെല്ലുകയാണ്. പഠിത്തത്തിൽ ഒരു അഭിരുചിയും ഇല്ലാത്ത കുട്ടികൾക്ക് കടുക്കക്കഷായം കൊടുക്കുന്ന മാതിരി അറിവ് കോരി കൊടുക്കുകയാണ്. അല്ലെങ്കിൽ അവരിൽ അറിവ് കുത്തിച്ചെലുത്തുകയാണ്. അതു അവർ പരീക്ഷക്കടലാസിൽ ഛർദ്ദിച്ച് ഒരു ചീട്ടുംവാങ്ങി പള്ളിക്കൂടങ്ങളിൽനിന്നും പുറത്തുവരുന്നു. തൊണ്ണൂററമ്പതുകൊല്ലത്തോളമായി ഇത്തരത്തിലുള്ള വിദ്യാഭ്യാസം നമ്മുടെ നാട്ടിൽ നടപ്പായിട്ട്. ഇപ്പോഴത്തെ അതിൻെറ നിലയൊന്നു നോക്കുക. പരീക്ഷയെ ലാക്കാക്കിയിട്ടുള്ള വിദ്യാഭ്യാസംമാത്രമാണെങ്കിൽ ഇത്രപെരുത്തുപണം ചിലവുചെയ്തു കെട്ടിടവുംമററും പണിയിച്ചിട്ടു കാര്യമില്ല. പാഠപുസ്തകങ്ങളുടെ സത്തു പിഴിഞ്ഞരിച്ചു കുറുക്കി ചെറിയ കുപ്പികളിലാക്കി ഒരു പീടികയിൽ വെച്ചാൽമതി. ആവശ്യമുള്ള മാതാപിതാക്കന്മാർ അതു തങ്ങളുടെ കുട്ടികൾക്കു വാങ്ങി കൊടുക്കുമല്ലൊ. ഈജാതി വാററുമരുന്നുകൾ ഇപ്പോൾ ധാരാളം വാങ്ങിക്കുവാൻകിട്ടും.

അതുകൊണ്ടു വിദ്യാഭ്യാസം പരീക്ഷയെമാത്രം ലാക്കാക്കിയിട്ടുള്ള ഒന്നല്ല എന്നു പ്രത്യക്ഷമാണ്. വിദ്യാഭ്യാസം എന്നാൽ എന്തെന്ന് ഇന്നു അദ്ധ്യാപകന്മാരും വിദ്യാത്ഥികളും മാതാപിതാക്കന്മാരും മാത്രമെ ആലോചിക്കാതിരിക്കുന്നുള്ളു. കുട്ടികളെ സന്മാഗ്ഗങ്ങളിൽകൂടി നയിച്ച് അവരെ ഭാവിയിലെ ഉത്തമപൌരന്മാരാക്കിത്തീക്കുക, ജീവിതസമരത്തിനു വേണ്ട അടവുകൾ അവരെ പരിശീലിപ്പിക്കുക, അതിനു വേണ്ട ആയുധങ്ങൾ അവക്കു സംഭരിച്ചുകൊടുക്കുക ഇതാണു വിദ്യാഭ്യാസത്തിൻെറ ആദശം. എന്നു മിസ്റ്റർ സോമന്തൻവുസോ പറയുന്നു എന്നു വിചാരിക്കുക. എന്നാലെങ്കിലും നമുക്കു അതു സ്വീകരിച്ചുകൂടെ?. ആ ആദശം നാം കൈക്കൊള്ളണമെങ്കിൽ നമ്മളിൽ ഇന്നു കടന്നുകൂടിയിട്ടുള്ള തമസ്സു ആസകലം തേച്ചു കഴുകിക്കളഞ്ഞു നിമ്മലമായ മനസ്സാക്ഷിയുള്ള മനുഷ്യരായി നാം ജീവിക്കണം. നമ്മുടെ നിലയെപ്പററി പ്രശംസിക്കുകയൊ വിലപിക്കുകയൊ അല്ല വേണ്ടത്. അതു ഇന്നതാണു എന്നറിഞ്ഞു പ്രവത്തിക്കുകയാണ്. നമ്മുടെ വിദ്യാത്ഥികൾ നമ്മളെപ്പോലെ അല്ലാതെ ആത്മാഭിമാനത്തോടും സ്വരാജ്യസ്നേഹത്തോടും ഈശ്വരവിശ്വാസത്തോടും കൂടിയ ഉത്തമപൌരന്മാരായിത്തീരേണമെങ്കിൽ ആ ഗുണങ്ങളിൽ ശതാംശമെങ്കിലും നമ്മളിൽ വേണ്ടേ? ഇതൊന്നും ഇല്ലാഞ്ഞതിനു ഗവമ്മെണ്ടാണോ ഉത്തരവാദി. നമ്മളെ ഏല്പിച്ച ജോലി ശരിയായി ചെയ്യുന്നതിനു ശേഷിയില്ലാത്ത,

അഥവാ മനസ്സുവെക്കാത്ത നാമാണോ ആ ഉത്തരവാദിത്വം ഗവൎമ്മെണ്ടിന്റെ തലയിൽ വെച്ചു കെട്ടാൻ ശ്രമിക്കുന്നതു്? നമ്മുടെ അധികാരാതൃത്തിയിൽ നിന്നുകൊണ്ടുതന്നെ നമ്മാലാകുന്നതു ചെയ്യേണ്ടതു് നമ്മുടെ ചുമതലയല്ലെ? എന്നിട്ടുവേണ്ടെ അധികാരം പോരെന്നു വാദിക്കുവാൻ. നമ്മുടെ കുട്ടികൾക്കു് എങ്ങിനെ ആത്മാഭിമാനമൊ സ്വരാജ്യസ്നേഹമൊ ഈശ്വരവിശ്വാസമൊ ഉണ്ടാകും? നമ്മുടെ കുട്ടികൾ, നമ്മുടെ നാട്, നാം, അദ്ധ്യാപകന്മാർ, എന്നിട്ട് ഇതിനോടൊന്നും യാതൊരുവിധത്തിലും ബന്ധമില്ലാത്ത രീതിയിൽ നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്നതു് സാഹസമാണ്. രസതന്ത്രം, ചരിത്രം, കണക്ക് മുതലായി അനവധി വിഷയങ്ങൾ നാം പഠിപ്പിക്കുന്നുണ്ട്. എന്നാൽ പ്രായോഗികമായ ഏതെങ്കിലും വിധത്തിൽ കുട്ടികൾക്കു ഈ വിഷയങ്ങളിൽ പരിജ്ഞാനം കിട്ടുന്നുണ്ടോ? കാശിനുകൊള്ളാത്ത ചില പുസ്തകങ്ങൾ നോക്കി അതും ഇതും എഴുതി ഒരു നോട്ടുണ്ടാക്കിയാൽ പിന്നെ ആജീവനാന്തം ആ നോട്ടു പകൎത്തുകതന്നെ കുട്ടികളുടെ തൊഴിൽ. രാത്രി മണ്ണെണ്ണ ചിലവഴിച്ചു അതു് ഉരുവിടുക. ഇതാണ് വിദ്യാഭ്യാസം. പരീക്ഷകളുടെ കാൎയ്യം നോക്കുക. അദ്ധ്യാപകന്മാർ പരീക്ഷിക്കുന്നതു് കുട്ടികൾക്കു കാൎയ്യം മനസ്സിലായിട്ടുണ്ടെന്നോ അതോ കാണാപ്പാഠം പഠിക്കുന്നതിൽ അവർ സമൎത്ഥന്മാരാണെന്നോ.

നല്ല പച്ചമലയാളത്തിൽ പറഞ്ഞാൽ മനസ്സിലാവുന്ന കാൎയ്യങ്ങളെ അവയെ കുട്ടികൾ മനസ്സിലാക്കരുതെന്നുള്ള മനഃപൂൎവ്വത്തോടുകൂടിയൊ എന്നു തോന്നുമാറു വളച്ചുകെട്ടി ഇംഗ്ലീഷിൽ നോട്ടെഴുതി കൊടുക്കുന്നു. എട്ടാംക്ലാസിൽ പഠിക്കുന്ന ഒരു കുട്ടി ഒരുദിവസം മനസ്സിൽതട്ടി എന്നോടു ഇപ്രകാരം പറഞ്ഞു. "സാർ ഈ എലിമെൻററി സയൻസ് എത്ര ബുദ്ധിമുട്ടുള്ള ഒന്നാണ്, കടിച്ചിട്ടു പൊട്ടുന്നില്ല" വാസ്തവത്തിൽ കടിച്ചാൽ പൊട്ടുകയില്ല. സ്കൂൾഫൈനൽ പരീക്ഷക്കുകൂടി സകലതും മലയാളത്തിൽ പഠിപ്പിച്ചാൽ മതി. സൎക്കാർകൂടി അനുവദിച്ചിട്ടുള്ള കൊച്ചിയിലെ കഥയാണിതു്. എല്ലാം മലയാളത്തിലായിക്കോളു എന്നു സൎക്കാർതന്നെ പറയുന്നു. പിന്നെ എന്തിനാണു ഇത്ര ബുദ്ധിമുട്ടുന്നതു്. തിരുവിതാംകൂറിൽ ഇതനുവദിച്ചിട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. കുട്ടികളെ കാൎയ്യം മനസ്സിലാക്കിക്കൂടാ എന്നു് ഒരു നിയമം അവിടേയും ഉണ്ടാകുകയില്ല. നാം സംസാരിക്കുന്ന ഭാഷയിൽതന്നെ നമ്മുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുവാൻ ഭാവമില്ലെങ്കിൽ വിദ്യാഭ്യാസവും ജീവിതവുമായി എങ്ങിനെ ബന്ധമുണ്ടാകും? പിന്നെ എങ്ങിനെ ഇംഗ്ലീഷ് വിദ്യാഭ്യാസം ഈ നാട്ടിൽ കൊണ്ടുവന്ന മെക്കാളെപ്രഭുവിന്റെ ഉദ്ദേശം സാധിക്കാതിരിക്കും? ൧൮൩൬ൽ കല്ക്കട്ടയിൽനിന്ന് മെക്കാളെ തന്റെ അച്ഛനു എഴുതിയ എഴുത്തിൽ ഇപ്രകാരം കാണുന്നു. " It is my firm belief that if my plans of education are

followed up, there will not be a single idolator among the respectable classes of Bengal thirty years hence'' ഇതിൽനിന്ന മെക്കാളെയുടെ ഉദ്ദേശം പ്രത്യക്ഷമാണല്ലൊ. ഇന്ന കുട്ടികൾ സ്കൂളിൽ കടന്നാൽ ഇംഗ്ലീഷെ സംസാരിച്ചുകൂടുവത്രെ. അദ്ധ്യാപകന്മാക്കോ അല്ലാതെ നിവൃത്തിയില്ലല്ലൊ. എന്താ മലയാളത്തിൽ സംസാരിച്ചാൽ തലപോകുമോ. അത്ര നികൃഷ്ടമാണോ മലയാളം. വെറും കിളുന്നുകുട്ടികൾ മാത്രം ഉള്ള ഒന്നാംക്ലാസിലൊ ശിശുക്ലാസിലൊ ചെന്ന അദ്ധ്യാപകൻ ഗൌരവത്തോടുകൂടി സിററ് സ്റ്റാൻറ് എന്ന ആജ്ഞ നല്കുന്നു. എന്താണാവോ ഇതിൻെറ ആവശ്യം? മലയാളത്തിന ഗൌരവംപോരാഞ്ഞിട്ടോ അതോ കുട്ടികളെ പേടിപ്പെടുത്താനോ? ശിശുക്ലാസുമുതൽ കുട്ടികളെ ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ ഒരു Foreign atmosphere ൽ ആണ വളത്തിക്കൊണ്ടുവരുന്നത്. പിന്നെ അവക്ക അടിമമനസ്ഥിതി അല്ലാതെ മററന്തു മനസ്ഥിതി ആണുണ്ടാകുന്നത്? കുററമാണോ മഹാകവി വള്ളത്തോൾ "വമ്പിച്ചവിലകൊടുത്തടിമത്വം വാങ്ങിക്കുന്ന കമ്പോളസ്ഥലമല്ലയൊ നമുക്ക പള്ളിക്കൂടം'' എന്ന പറയുന്നത്. ഹാജർവിളിയൊ-കെ കൃഷ്ണൻ, പി രാമൻ എന്തു പിരാമൻ? ശരിയായി പാട്ടത്തിൽ രാമൻ എന്ന വീട്ടുപേരൊ ഇരട്ടപ്പേരൊ ചേത്തു വിളിക്കരുതേ?. അതല്ലെ നമ്മുടെ നാട്ടിലെ സമ്പ്രദായം. ഒരുപക്ഷെ വീട്ടുപേരു മനസ്സിലാക്കുക, മലയാളത്തിൽ സംസാരിക്കുക ഇതൊക്കെകൊണ്ടു അദ്ധ്യാപകന കുട്ടികളുമായി അധികം പരിചയമാകുവാൻ ഇടവരും. അതു ഇന്നത്തെ സമ്പ്രദായത്തിന വിരോധമായിരിക്കാം. അതുമാതിരി ഡ്രില്‍ എടുക്കുമ്പോഴും എന്തുകൊണ്ടു മലയാളത്തിൽ കല്പനകൾ കൊടുത്തുകൂടാ. വാക്കുകൾ ഇല്ലപോല്വാ. ഇല്ലെങ്കിൽ ഉണ്ടാക്കണം. കുറച്ചു ബുദ്ധിമുട്ടാതെ നിവൃത്തിയില്ല. ഹാജർപുസ്തകങ്ങൾ എന്തുകൊണ്ടു മലയാളത്തിൽ എഴുതിക്കൂടാ. മലയാളവുമായി സഹകരണംതാഗം ചെയ്യേണമെന്ന ഡയറക്ടരുടെ ഉത്തരവൊ മറേറാ ഉണ്ടോ?. ഹെഡ്മാസ്റ്റർമാർ കീഴുദ്യോഗസ്ഥന്മാക്ക കല്പന അയക്കുമ്പോൾ എന്തുകൊണ്ട് മലയാളത്തിൽ എഴുതിക്കൂടാ. ഇതൊക്കെ നേരമ്പോക്കല്ല. ഗൌരവമായ സംഗതികളാണ്. ഇങ്ങിനെ പത്തുദിവസം നമുക്കൊന്ന പരീക്ഷിച്ചുനോക്കുക. ഇംഗ്ലീഷ് പഠിപ്പിക്കുമ്പോൾ ഇംഗ്ലീഷായിക്കോട്ടെ. ആ ഭാഷയോടു നമുക്ക ഒരു വിദ്വേഷവുമില്ല. ഇതൊന്നും ആരും വിരോധിച്ചിട്ടില്ല. മഹാത്മാഗാന്ധി ഈ കാൎയ്യത്തെക്കുറിച്ച് എന്തു പറയുന്ന എന്ന നോക്കുക. "The foreign medium has caused brain fag, put an undue a strain upon the nerves of our children, made them crammers and imitation, unfitted them for original work and thought and disabled them for filtrating their learning to the family or the masses. The foreign medium has made

our children practically foreigner in our own land. It is the greatest tragedy of the existing system. The foreign medium has prevented the growth of the vernaculars" etc. ഇതിൻെറ സാരം മറെറാന്നുമല്ല. ഇംഗ്ലീഷിൽക്കൂടിയുള്ള നമ്മുടെ വിദ്യാഭ്യാസം നമ്മുടെ കുട്ടികളെ മനുഷ്യരല്ലാതാക്കിത്തീർത്തിട്ടുണ്ട്. അവരുടെ ബുദ്ധിക്ക് മന്ദത ഭവിക്കുന്നു. സ്വന്തമായി ആലോചിക്കുവാനോ പ്രവർത്തിക്കുവാനോ അവൎക്കു ശക്തിയില്ല. അവൎക്ക് കിട്ടിയ അറിവ് ശരിയായി വിതരണംചെയ്യുന്നതിന് അവൎക്കു ശക്തിയില്ല. നമ്മുടെനാട്ടിൽതന്നെ അവർ വിദേശികളായിത്തീൎന്നിട്ടുണ്ട്.

ബാക്കി വരുത്തുവാനുള്ള മാററങ്ങൾ ഒന്നും വരുത്തിയില്ലെങ്കിലും തൽക്കാലം ഈ ഒരു കാൎയ്യത്തിൽമാത്രം നാം മനസ്സിരുത്തിയാൽമതി. അതു നമ്മുടെ വിദ്യാഭ്യാസത്തിനു എന്നല്ല നാടിനു തന്നേയും വലിയ ശ്രേയസ്സിനു കാരണമായിത്തീരും. കുട്ടികൾ അവരുടെ ബുദ്ധി ഉപയോഗിക്കട്ടെ. ഇപ്പോൾ അത് തുരുമ്പു പിടിച്ചുതുടങ്ങി. ആലോചനാശക്തിയുള്ള ഒരുവക ഉൽകൃഷ്ടജീവികളാണ് അവർ എന്നു കരുതി നമുക്ക് അവരോടു പെരുമാറുക. മൂന്നാംപാഠത്തിനും നാലാംപാഠത്തിനും നോട്ടെഴുതുവാനും അതിനെ പ്രചരിപ്പിക്കുവാനും അല്ല നാം ശ്രമിക്കേണ്ടത്. ചരിത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ നമുക്ക് കുട്ടികളെ സത്യം പഠിപ്പിക്കുക. യുദ്ധങ്ങളുടെ ചരിത്രവും തീയതിയും മററുമല്ല ചരിത്രം എന്നു അവരെ മനസ്സിലാക്കുക. തെമ്മാമീററിനെക്കുറിച്ച് മേലിൽ നാലുപേജ് നോട്ടെഴുതിക്കൊടുക്കേണ്ട. അതെന്താണെന്ന് അവൎക്ക് കാണിച്ചുകൊടുത്ത് അതുപയോഗിക്കുവാൻ അവരെ പഠിപ്പിക്കുക. രാമൻ—തിന്നു. എന്തു തിന്നു? റൊട്ടിതിന്നു എന്ന സമ്പ്രദായത്തിലുള്ള പഠിപ്പിക്കലും നിറുത്തൽചെയ്യുക. കുട്ടികളെ നല്ലവരാക്കിത്തീൎക്കണമെങ്കിൽ നമ്മുടെ ജീവിതരീതിയും അതനുസരിച്ച് നമുക്കു ഭേദപ്പെടുത്തണം. എന്നാൽ എല്ലാം ശുഭം.

## ഉദ്ധാരണങ്ങൾ.

സാഹിത്യരസികനും പണ്ഡിതനുമായ പി. കെ. നാരായണപിള്ള അവർകൾ 'അഭ്യവകൎഷണം' എന്ന ശബ്ദത്തെക്കുറിച്ച് "മലയാളരാജ്യം" പത്രത്തിൽ ഇങ്ങനെ എഴുതുന്നു.

"ഈ ശബ്ദത്തിന് പത്രപംക്തികളിൽ പ്രവേശം വൎദ്ധമാനമാണെങ്കിലും അതിൻെറ പ്രയോഗം സ്ഥാനത്തിലൊ അസ്ഥാനത്തിലൊ എന്ന് വിചാരിക്കത്തക്കതാകുന്നു. പത്രപ്രവൎത്തകന്മാർ പരിഭവിക്കയില്ലെങ്കിൽ

അഭ്യവകർഷണശബ്ദത്തിന്റെ പ്രയോഗത്തിൽ പ്രത്യക്ഷമായ സ്ഖലിതം കാണുന്നുണ്ടെന്ന് പറയാൻ മടിക്കേണ്ടതില്ല. ശബ്ദങ്ങൾക്കുള്ള യഥാർത്ഥമായ അർത്ഥത്തിൽനിന്ന് ഭിന്നമായി അവ പ്രയോഗിക്കപ്പെടുമ്പോൾ ആള്മാറാട്ടമോ കള്ളനാണയപ്രചാരമോ സംഭവിക്കുന്നതിന് സദൃശമായ ഒരു ചേതോവികാരം ഉണ്ടാകുന്നതാണ്. സ്ഖലിതാർത്ഥമായി ഈ ശബ്ദത്തിന്റെ പ്രഥമപ്രയോഗം ആരിൽനിന്ന് എപ്പോൾ ഉണ്ടായി എന്നറിയുന്നില്ല. ശ്രീമാൻ മാധവവാര്യരുടെ പത്രാധിപത്യകാലത്ത് മലയാളിപത്രത്തിൽ ഈ നവീനപ്രയോഗം ആദ്യം കണ്ടതായിട്ടാണെന്റെ ഓർമ്മ.

അഭ്യവകർഷണത്തിന്റെ അർത്ഥം തറച്ചിരിക്കുന്നതിനെ വലിച്ചൂരിയെടുക്കുക എന്നാകുന്നു. ഉടക്കുളിയോ മുള്ളോ ശരീരത്തിൽ നിന്ന് വലിച്ചൂരി എടുക്കുന്നതിന് അഭ്യവകർഷണം എന്നു പറയാം. "നിർഹാരോഽഭ്യവകർഷണം" എന്ന് അമരസിംഹൻ പറയുന്നതിൽ നിന്ന് നിർഹരിക്കുക എന്നും അഭ്യവകർഷിക്കുക എന്നും ഉള്ളത് പര്യായശബ്ദങ്ങൾ എന്ന് പറയേണ്ടതില്ലല്ലോ. ഈ രണ്ടു ശബ്ദങ്ങൾക്കും "ശല്യാദേരുൽപാടനം" എന്നു ടീകാസർവ്വസ്വകാരൻ അർത്ഥം പറകയും ചെയ്തിട്ടുണ്ട്. അഭ്യവകർഷണത്തിന് മറ്റർത്ഥമൊന്നുമുള്ളതായി കാണുന്നില്ല; പക്ഷേ പത്രപ്രയോഗത്തിൽ "ബായിക്കാട്ട്" എന്ന ഇംഗ്ലീഷുവാക്കിന്റെ അർത്ഥത്തിലാണ് അഭ്യവകർഷണശബ്ദത്തിനു സ്ഥാനം ലഭിച്ചിട്ടുള്ളത്. "ബായിക്കാട്ടിന്റെ" അർത്ഥം സമഗ്രമായി ഗ്രഹിക്കുവാൻ അല്പം വിവരണം വേണ്ടിയിരിക്കുന്നു. ക്യാപ്റ്റൻ ചാൾസ് കണ്ണിങ്ഹാം ബായിക്കാട്ട് എന്നൊരു സായിപ്പിന്റെ പേരിൽ നിന്നാണ് ആ വാക്കിന്റെ വ്യുൽപത്തി. അദ്ദേഹം ക്രിസ്ത്വബ്ദം ൲൮൱൮൰ ഇടയ്ക്കു അയർലണ്ടിൽ മേയോ എന്നിടത്ത് "എറൽ ആഫ് എർണി" എന്ന പ്രഭുവിന്റെ ഏജന്റായി പാട്ടംപിരിവ് മുതലായ കാര്യങ്ങൾ നോക്കിക്കൊണ്ടിരുന്നു. അക്കാലത്ത് അയർലണ്ടിൽ ജന്മികുടിയാൻ വഴക്കു വളരെ വർദ്ധിച്ചിരുന്നു. അയറിഷ് നേതാവായിരുന്ന "പാർണൽ" കുടിയാൻ പക്ഷത്തുചേർന്ന് ജന്മിമാരെ വിഷമിപ്പിക്കുന്നതിന് പല തന്ത്രങ്ങൾ ഉപദേശിച്ചുകൊടുത്തു. ക്രമാതീതമെന്ന് കുടിയാന്മാർക്കു തോന്നുന്ന പാട്ടമൊന്നും ജന്മിമാർക്കു കൊടുത്തുപോകരുതെന്നായിരുന്നു പാർണലിന്റെ ഏർപ്പാട്. അതുകൊണ്ട് പാട്ടക്കുടിശ്ശിഖ നേരിടുകയും വസ്തു ഒഴിപ്പിക്കാൻ വ്യവഹാരങ്ങൾ ഉണ്ടാകയും ചെയ്തു. എന്നാൽ ആ വൈഷമ്യത്തിനും പാർണൽ ചില മറുകൈകൾ കരുതാതിരുന്നില്ല. ഒഴിപ്പിക്കുന്ന വസ്തുക്കൾക്കു പുതിയ പാട്ടക്കാരായി ആരും ഏർപ്പെട്ടുപോകരുതെന്നായിരുന്നു ആ വ്യവസ്ഥ. ആ വ്യവസ്ഥയ്ക്കു വിപരീതമായി പാട്ടമേൽക്കാൻ പുറപ്പെടുന്നവരോട് പെരുമാറേണ്ട വിധം പാർണൽ വർണ്ണിച്ചതിങ്ങനെയാകുന്നു. "ഒരുവന്റെ കൈവശത്തിൽ നിന്നൊഴിപ്പിച്ച വസ്തു പാട്ടമേൽക്കാൻ പുറപ്പെടുന്നവനെ

റോഡിൽ വച്ചു കണ്ടാൽ നിങ്ങൾ വെറുക്കണം, നഗരവീഥികളിൽവച്ചു കാണുന്നപക്ഷം വെറുക്കണം, കടകളിൽ കണ്ടാൽ വെറുക്കണം, പന്തകളിൽ കണ്ടുമുട്ടിയാൽ വെറുക്കണം. എന്നുവേണ്ടാ ആരാധനസ്ഥലത്തുവെച്ചു കണ്ടാലും അയാളെ വെറുക്കണം, അയാളുമായി സകല സംസർഗ്ഗത്തേയും പരിഹരിച്ചും ജീർണ്ണനായ മഹാരോഗിയെപ്പോലെ അയാളെ തന്മാത്രനായി വേർതിരിച്ചു നിർത്തിയും, സമുദായഭ്രഷ്ടനാക്കിയും, അയാളുടെ ദുഷ്പ്രവൃത്തിയെപ്പററിയുള്ള ജുഗുപ്സ പ്രദർശിപ്പിക്കേണ്ടതാകുന്നു" "ബായിക്കാട്ട്" എന്ന ധ്വര കുടിയാനവന്മാരുടെ പേരിൽ പാട്ടക്കുടിശ്ശിഖ ഉണ്ടാക്കി കഠിനമായ അതൃപ്തിക്കും ബിഭത്സതയ്ക്കും പാത്രീഭവിച്ചവനാകുന്നു. ആയാൾക്കു നേരിട്ട വിധത്തിലുള്ള ദുർഘടത്തിൽപ്പെട്ട സാമുദായികമായ നിരാകരണത്തിനു പാത്രീഭവിക്കുന്നവരെ "ബായിക്കാട്ടുചെയ്യുക" എന്നൊരു നാമധാതുവും അതിൽനിന്നു "ബായിക്കാട്ട്" എന്ന ഭാവാർത്ഥനാമവും ജനിച്ചിട്ടുള്ളതാകുന്നു. ബായിക്കാട്ടിനു പററിയപോലെയുള്ള ദുർഘടം മററു വല്ലവർക്കും അതേപോലെ ഫലിച്ചിട്ടുണ്ടോ എന്നറിവില്ല. ദക്ഷയാഗത്തിനു വിളിക്കാതെചെന്ന സതീദേവിയോടു യാഗശാലയിലെ ബായിക്കാട്ടുകാരണം ആ ദേവി അഗ്നിപ്രവേശം ചെയ്തതു വായനക്കാർ ഓർമ്മയിരിക്കും. അതുപോലെ ചൂതിൽതോററ നളനെപ്പററി,

"നളേയഃ സമ്യഗാതിഥേഷ്വൽ സഗച്ഛേദപധ്യതാം മമ" എന്നുള്ള പുഷ്കരാജ്ഞയും ഒരു തരം ബായിക്കാട്ടിനുള്ള പ്രേരണയാകുന്നു. കരയോഗങ്ങൾക്കു പ്രാബല്യമുണ്ടായിരുന്ന കാലത്തു ചില വീട്ടുകാരെ വേർതിരിച്ചു നിർത്തിയിട്ടുള്ളതായി കണ്ടിട്ടുണ്ട്. പള്ളിമുടക്കം പന്തിഭോജനവിരോധം ഇത്യാദികളും ബായിക്കാട്ടിൻെറ പ്രകാരങ്ങൾതന്നെ.

മേൽപറഞ്ഞതിൽനിന്നു "ബായിക്കാട്ട്" എന്നതിൻെറ താല്പര്യം ഏറെക്കുറെ വ്യക്തമാകുമെന്നു വിശ്വസിക്കുന്നു. അതിൻെറ അർത്ഥം അഭ്യവകർഷണത്തിനില്ലെന്നും മുൻപറഞ്ഞതിൽനിന്നു വിശദമാകുന്നു. അതുകൊണ്ടാണു പ്രസ്തുത പ്രയോഗത്തിൽ ഒരു മാറാട്ടം ഉണ്ടെന്നു പറയേണ്ടിവന്നത്. അഭ്യവകർഷണം ശരിയല്ലെങ്കിൽപിന്നെ ഏതു വാക്കു പ്രയോഗിച്ചാൽ ബായിക്കാട്ടിൻെറ അർത്ഥം ഉണ്ടാകുമെന്നുള്ളതും ചിന്തിക്കത്തക്കതാകുന്നു. ബായിക്കാട്ട് എന്ന വാക്കിനാൽ ദ്യോത്യമായ അർത്ഥഭാവരസങ്ങൾ മുഴുവൻ മറെറാരു വാക്കുകൊണ്ടു സാധിക്കുന്ന കാര്യം പ്രയാസമെന്നുതന്നെ പറയണം. "ബായിക്കാട്ട്" എന്നതിൽതന്നെ നാമധാതു പ്രത്യയങ്ങളോ അഭൂതതൽഭാവാർത്ഥങ്ങളായ "ച്വി" പ്രഭൃതികളോ പ്രയോഗിച്ച് ഒരു നൂതനവാക്കു സൃഷ്ടിച്ചാൽ പന്തിയാകുമെന്നു തോന്നുന്നില്ല. അതുകൊണ്ട് അതിൻെറ താല്പര്യമനുസരിച്ചു മറെറാരുവാക്കു പ്രയോഗിക്കയേ തരമുള്ളു. ബായിക്കാട്ടിൻെറ താല്പര്യം സംസർഗ്ഗഭഞ്ജനം എന്നാകുന്നു. ആതി

ന ശുദ്ധമലയാളത്തിൽ വിലക്കുക എന്നും വിലക്കമെന്നും പറയാം. കരമേൽ അടിയന്തിരങ്ങൾക്കു കൂട്ടാതെ തിരിച്ചുനിൎത്തുന്നവൎക്കു കരവിലക്കമുള്ളതായി പറഞ്ഞുകേട്ടിട്ടുണ്ട്. മററു ശബ്ദങ്ങളുമായി സമാസിക്കേണ്ടിവരുമ്പോൾ വിലക്കമെന്ന മലയാളവാക്കിനു മോടി മതിയാകുമോ എന്നു സംശയംതോന്നുമായിരിക്കും. ഉദാഹരണത്തിനു 'വിദേശവസ്ത്രവിലക്കം' എന്നു പറഞ്ഞാൽ ശബ്ദഭംഗിയോ ശ്രവണസൌഖ്യമോ മതിയാകയില്ല. അങ്ങനെ നോക്കുമ്പോൾ 'പരിവൎജ്ജനം' എന്ന സംസ്കൃതപദം കുറേക്കൂടി സുശ്രവമായിരിക്കും. അഥവാ "പ്രത്യാഖ്യാനംനിരസനം പ്രത്യാദേശോനിരാകൃതിഃ" എന്നു തള്ളിക്കളയുക എന്നൎത്ഥമുള്ള വാക്കുകളിലൊന്നായാലും മതി. നിരാകരണം എന്നായാലും ആക്ഷേപമില്ല.

ഏതായാലും അഭ്യവകഷണം അയുക്തംതന്നെ. ഇതുപോലെ വേറെയും പരിഹരണീയങ്ങളായ ചില പ്രയോഗങ്ങൾ പത്രങ്ങളിൽ കാണാറുണ്ട്. രുചിക്കുമെന്നുണ്ടെങ്കിൽ അവയേപ്പററി വഴിയേ."

## തൊഴിൽസ്വീകരണം.

വിദ്യാഭ്യാസംകഴിഞ്ഞ് ഏതു തൊഴിലാണു സ്വീകരിക്കേണ്ടതു് എന്നുള്ള വിഷയത്തിൽ ഇന്നു യുവജനങ്ങൾ വിഷമിക്കാറുണ്ടല്ലൊ. ഈ വിഷയത്തെപ്പററി സയദ് ഷാംസുൾഇസ്ലാംസിദ്ധിക്കി 'സ്കാളർ' എന്ന മാസികയിൽ എഴുതിയിട്ടുള്ള ലേഖനം അവൎക്കു ഉപയോഗപ്രദമായിത്തീരുമെന്നുള്ള വിശ്വാസത്തോടുകൂടി താഴെ ഉദ്ധരിക്കുന്നു:—

ഇക്കാലത്തു യുവജനങ്ങൾ ഏതു തൊഴിലാണു സ്വീകരിക്കേണ്ടതു് എന്ന കാൎയ്യത്തിൽ വിഷമിക്കാറുണ്ട്. അവരെ കൺമിഴിപ്പിക്കുന്ന വിവിധ തൊഴിലുകളിൽ ഒന്നു മറെറാന്നിനേക്കാൾ കൂടുതൽ ആദായകരമാണെന്നുള്ള ചിന്ത അയാളെ ചഞ്ചലചിത്തനാക്കുന്നില്ലെ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാ തൊഴിലുകളും ഒരുപോലെ ആദായകരവും യോഗ്യവുമാണെന്നുള്ള കാൎയ്യം അവൎക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. എളുപ്പവും സുഖവുമോൎത്തു് ആരുംതന്നെ ഒരു തൊഴിലിലും പ്രവേശിക്കരുതു്. എളുപ്പവും യശസ്സും സാധാരണയായി പരസ്പരം യോജിപ്പുള്ളതല്ല.

ഒരുവനെ ഒരു തൊഴിലിലേക്കു നയിക്കുന്ന ഏക സംഗതി അതിനോടുള്ള അയാളുടെ മനോഭാവമായിരിക്കണം. ഒരു മനുഷ്യൻെറ മനോഭാവം അയാളെ ഒരു തൊഴിലിലേക്കു പ്രേരിപ്പിക്കുകയാണെങ്കിൽ അയാൾ അതു സ്വീകരിക്കതന്നെ വേണം. അതിനുള്ള കാരണം സ്വന്തംമനസ്സാ

ലെ തിരഞ്ഞെടുത്തിട്ടുള്ള ഒരു തൊഴിലിൽ പ്രശസ്തമാംവണ്ണം ശോഭിക്കുന്നതിനും, അതിലുണ്ടായേക്കാവുന്ന വിഷമതകൾ നേരിടുന്നതിനും സാധിക്കുമെന്നുള്ളതാണ്. "എൻെറ കുട്ടിയെ ഞാൻ ആ തൊഴിലിനു അല്ലെങ്കിൽ ഈ തൊഴിലിനു പരിശീലിപ്പിക്കയാണ്; എനിക്ക് അവനെ ഒരു എൻജിനീയറാക്കണം, ഡാക്ടറാക്കണം, വക്കീലാക്കണം" എന്നൊക്കെ മാതാപിതാക്കന്മാർ പറയുന്നതു ചിലപ്പോൾ വിസ്മയനീയമായി തോന്നാറുണ്ട്. കുട്ടിയുടെ തൊഴിൽ മാതാപിതാക്കന്മാർ നിശ്ചയിക്കുകയാണെങ്കിൽ അവരുടെ കയ്യിലുള്ള ഒരു ഉപകരണംപോലെ വേലചെയ്യുകയേ ഉള്ളു എന്നും മാതാപിതാക്കന്മാരുടെ സംരക്ഷണം അവസാനിച്ചാൽ അയാൾ അധഃപതിക്കുമെന്നും കാലേക്കൂട്ടിത്തന്നെ കരുതാവുന്നതാണ്. ഇൻഡ്യയിൽ മററു സംഗതികളുടെ കൂട്ടത്തിൽ ഈ സംഗതി അനവധി പരാജയജീവിതങ്ങൾക്കുള്ള കാരണങ്ങളിൽ പ്രധാനമായ ഒന്നാകുന്നു. തൻെറ ബന്ധുക്കൾക്കു പരിചിതമല്ലാത്ത ഒരു പുതിയ ജോലിയിൽ ഒരു യുവാവു് ഏർപ്പെടുവാൻ പോകുന്നു എന്നറിഞ്ഞാൽ അവർ അയാളെ നിരുത്സാഹപ്പെടുത്തിത്തുടങ്ങും. തനിക്കു് വിപരീതമായി ഇത്രവളരെ പ്രതികൂലാഭിപ്രായങ്ങൾ കേൾക്കുന്ന യുവാവു് തൻെറ സ്വന്തം ആദർശങ്ങളെപ്പററിത്തന്നെ സംശയിച്ചു തുടങ്ങുന്നു. നല്ല മനക്കരുത്തുള്ളവരുടെ കാര്യം ഇതിൽനിന്നും വ്യത്യസ്തമായിരിക്കാം.

എല്ലാ തൊഴിലിനും വിവേകബുദ്ധി ആവശ്യമാണെന്ന് പറയേണ്ടതില്ലല്ലൊ. അതു മാത്രവുംപോരാ. ഉത്സാഹവും ചൊടിയും അത്യന്താപേക്ഷിതങ്ങളാണ്. മനോഭാവം വേറൊരു വഴിക്കാണെങ്കിൽ ഈ ഉത്സാഹം ഉണ്ടായിരിക്കുവാൻ ഇടയില്ലല്ലൊ. ഡിക്കൻസിൻെറയൊ അല്ലെങ്കിൽ അതുപോലെ ധാരാളം നോവലുകൾ രചിച്ചിട്ടുള്ള ആളും സുപ്രസിദ്ധനുമായ മററു ആരുടെയെങ്കിലുമൊ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ അയാൾ ചെയ്ത പ്രവൃത്തിയിൽ നാം അത്ഭുതപ്പെടുന്നു. എന്നാൽ ഡിക്കൻസിന് നോവലെഴുത്ത് ഒരു കഠിനജോലി ആയിരുന്നില്ലെന്നും ഒരു വിനോദം മാത്രമായിരുന്നു എന്നും അറിയുമ്പോൾ അത്ഭുതം തോന്നുകയില്ല. അദ്ദേഹം നോവലെഴുത്തിൽ ഉദ്യുക്തനായിരിക്കുമ്പോൾ ക്ഷീണം എന്തെന്ന് അറിഞ്ഞിരുന്നില്ല. നെപ്പോളിയൻ ബോണപ്പാർട്ടിൻേറയും കഥ ഇതുതന്നെയായിരുന്നു. അദ്ദേഹത്തെ നാം യുദ്ധത്തിൽനിന്നും അകററുകയാണെങ്കിൽ ഒരു സാധാരണമനുഷ്യൻതന്നെയാണ്. അദ്ദേഹത്തിൻെറ ശത്രുക്കൾ പറയുന്നതുപോലെ കഠിനഹൃദയനായ ഒരു ദുർഭരണക്കാരനായിരുന്നില്ല. എന്നാൽ യുദ്ധത്തിൽ അദ്ദേഹം ഒരു അതീതപുരുഷനായിരുന്നു. അനിതരസാധാരണമായ വിജയം കാണിക്കുകയും എന്നേക്കും സുപ്രസിദ്ധനായിത്തീരുകയും ചെയ്തു. യുദ്ധത്തിൽ പ്രകടിപ്പിച്ച ഈ ജീവശ്ശക്തിയും

കമ്മകുശലതയും യുദ്ധാഭേത്താടുള്ള മനോഭാവത്തിൻെറ ഫലമായിരുന്നു. ജീവിതത്തിൽ ഏതെങ്കിലും ഒരു പന്ഥാവിൽ ഒരു മനുഷ്യൻ പ്രശസ്തമായ വിജയം സമ്പാദിക്കുന്നതു കണ്ടാൽ അയാൾ തൻെറ മനോഭാവം അനുസരിച്ചുള്ള ഒരു തൊഴിലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് നമുക്ക് അനുമാനിക്കാവുന്നതാകുന്നു.

മാതാപിതാക്കന്മാർ പുത്രന്മാരുടെ ജീവിതഗതിയെ തടയുന്ന ഇൻഡ്യയിലെ സമ്പ്രദായം തെററായിട്ടുള്ള ഒന്നാണ്. അതു കൂടാതിരുന്നാൽ ഇന്നത്തേക്കാൾ കൂടുതൽ മഹാന്മാർ ഇൻഡ്യയിൽ ഉണ്ടായിരിക്കുന്നതാകുന്നു.

## ക്ലാസ്സിലെ ഉറക്കം.

ക്ലാസ്സിൽ കുട്ടികൾ സാധാരണയായി ഉറങ്ങാറുള്ളതു് അദ്ധ്യാപകന്മാരിൽ രോഷത്തെ ഉണ്ടാക്കാറുണ്ടല്ലൊ. അപൂർവ്വമായി ഉറങ്ങുന്ന ചില അദ്ധ്യാപകന്മാരെപ്പററി കുട്ടികൾക്കു് ആക്ഷേപവും തോന്നാറുണ്ട്. ഈ ഉറങ്ങുന്ന സമ്പ്രദായത്തെ സാധൂകരിച്ചുകൊണ്ടു 'ജി' എന്നൊരാൾ 'ദി മാഗസീനിൽ' ഇങ്ങനെ എഴുതുന്നു.

"ക്ലാസ്സുമുറിയിലെ ചില ആചാരങ്ങളോട് എനിക്കു തീരെ അനുഭാവമില്ല. ഉദാഹരണമായി കുട്ടികളുടെ കണ്ണ് അറിയാതെ മററുള്ളവരുടെ ഉത്തരക്കടലാസിൽ പതിയുകയൊ, സ്നേഹിതൻെറ അച്ഛനുമായി സംസാരിക്കുവാൻ സഹായിക്കാമെന്നുള്ള ദയാശീലത്തോടുകൂടി അയാൾക്കുവേണ്ടി ഹാജർപറയുകയൊ, നല്ല വാഗ്ധാടിയോടുകൂടിയ പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ ഒന്നുറങ്ങി ഒരു ൪൦ തവണ കൺപോള അടക്കുകയും തുറക്കുകയും ചെയ്യുന്ന നിർദോഷശീലം കാണിക്കുകയൊ ചെയ്യുമ്പോൾ കുട്ടികളെ കഠിനമായി ശിക്ഷിക്കുന്നതു് എനിക്കു ഒട്ടുംതന്നെ ഇഷ്ടമല്ല. ഇങ്ങനെയുള്ള ചില ശീലങ്ങളെ അനിഷ്ടകരമായി വിചാരിക്കുന്നതു് ഒരു ആചാരമായിത്തീർന്നിട്ടുണ്ട്. ശരിയായ നിരീക്ഷണംകൊണ്ടല്ലാതെ ഒന്നും വിശ്വസിക്കാത്ത ശാസ്ത്രപര്യവേക്ഷണശാലകളിൽപോലും ഈ ആചാരങ്ങൾ കടന്നുകൂടിയിരിക്കുന്നു എന്നുള്ളതാണ് ഏററവും പരിതാപകരമായിരിക്കുന്നതു്. ഉറക്കത്തെ നിരോധിക്കുന്ന കാര്യത്തിൽ ഞാൻ വിപരീതാഭിപ്രായക്കാരനാണ്.

ഉറങ്ങുന്നവൻ മടിയനായിരിക്കണമെന്നുള്ള തത്വശാസ്ത്രം നിങ്ങളെ വഴിതെററിക്കുന്നുണ്ടോ? നേരെമറിച്ചാണ് സംഗതി. ക്ലാസ്സിൽ സുഖമായി ഉറങ്ങുന്നു എന്നു വച്ചാൽ വേറൊരിടത്തു് കഠിനമായ ജോലിയുണ്ടെന്നാണ് അർത്ഥം. ഉറങ്ങുകയാണെന്നു വൃഥാ ഭാവിക്കുകയാണെങ്കിൽ ഒരു കുട്ടി ശിക്ഷാർഹൻതന്നെ. എന്നാൽ അയാൾ യഥാർത്ഥമായി ഉറങ്ങു

കയാണെന്ന് ബോധ്യമാകയാണെങ്കിൽ അതിപ്രയത്നം ചെയ്യരുതെന്ന് ഞാൻ ഉപദേശിക്കും. കായികാഭ്യസനത്തിന് പ്രാധാന്യം കൂടിവരുമ്പോൾ കുട്ടികളുടെ കായികസുഖങ്ങളെ ഉപേക്ഷിക്കുവാൻ ഞാൻ എങ്ങനെയാണ് പറയുക? "ശരീരം ആദ്യം; തലച്ചോറു പിന്നെ" എന്നാണ് ഇന്നത്തെ ആദർശം. അത് ഗൌനിക്കാതെ ഞാൻ കുട്ടികളോട് കായികസുഖങ്ങളെ ഉപേക്ഷിക്കുവാൻ പറയുകയാണെങ്കിൽ നമ്മുടെ കായികാഭ്യാസോപദേഷ്ടാവ് തൻെറ തോക്കു നീട്ടാതിരിക്കയില്ല. അല്ലെങ്കിൽ അതിൻെറ അററമെങ്കിലും എൻെറ നേരെ കാണിക്കും. ഫലമെന്തായിരിക്കുമെന്ന് നിങ്ങൾക്ക് അറിയാമല്ലൊ. ക്ലാസ്സിൽ വിഷമതയുണ്ടാക്കുന്ന കുട്ടികളെ ഒതുക്കുവാനുള്ള ഉത്തമമാർഗ്ഗം അവരെ ഉറങ്ങുവാനനുവദിക്കയാണ്. അവരെ അവരുടെ ജോലിക്കുവിട്ടാൽ നിങ്ങളുടെ ജോലിക്ക് നിങ്ങളെയും അവർ ശാന്തമായി വിടും. മണിക്കൂറിൻെറ മദ്ധ്യസമയത്ത് അവർ ഉറങ്ങുന്നു എന്നു വരുകിൽ അതു അവൎക്കു നല്ലതുമാണ്. ശരിയായ വിശ്രമത്തിനുശേഷം തൻെറ കൂട്ടുകാരെപ്പോലെ മുഴുവൻസമയവും ഉറക്കംതൂങ്ങി അദ്ധ്യാപകനെ കണ്ണുതുറിച്ചു നോക്കിക്കൊണ്ടിരിക്കുന്നതിനുപകരം പാഠത്തിൻെറ ബാക്കിഭാഗങ്ങൾ വേഗം മനസ്സിലാക്കും. അല്പപട്ടിണി മുഴുവൻപട്ടിണിയെക്കാൾ ഭേദമല്ലെ?

ഉറങ്ങുന്നവരോടുള്ള എൻെറ പക്ഷപാതിത്വം നീതിശാസ്ത്രതത്വങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. എല്ലാ കൊലകളിലുംവച്ച് ഉറക്കക്കൊലയാണ് ഏറ്റവും ഹീനമായിട്ടുള്ളത്. മാക്ബത്ത് ഉറക്കത്തെ കൊലചെയ്തു. ഫലം നിങ്ങൾക്കറിയാം. ആരും ഉറക്കത്തെ കൊലചെയ്യരുത്. സുഖമായ ഉറക്കം സത്യവും നിർദോഷവും ശാന്തവുമായ ഒരു ആത്മാവിനെയാണ് ദൃഷ്ടാന്തപ്പെടുത്തുന്നത്. നിരപരാധിത്വത്തിൻെറ ഇങ്ങനെയുള്ള ഒരു ലക്ഷണത്തെ ഹനിക്കുന്നത് നീതിശാസ്ത്രപ്രകാരം നല്ലതല്ല.

പ്രാസംഗികൻെറ ഉറക്കപ്പാട്ടുകൊണ്ട് ആശ്വാസവാനായി തൻെറ ഡസ്കിൽകിടന്ന് ഉറങ്ങുന്ന കുട്ടിയോട് എനിക്കു അതുകൊണ്ട് പ്രത്യേക ഇഷ്ടമുണ്ട്. ശ്രവണമധുരമായ ശബ്ദമുള്ള ഒരു പ്രാസംഗികൻ തൻെറ പ്രസംഗം പാട്ടുമ്പോൾ വിദ്യാർത്ഥി അറിയാതെതന്നെ പിള്ളക്കട്ടിലിലെ ദിവസങ്ങൾ എന്നപോലെ പറഞ്ഞുപോകുന്നു. ഗുരുവിൻെറ സംഗീതത്തിൽ ശ്രദ്ധിക്കാതിരുന്നാൽ ഗുരുവിനെ ബഹുമാനിക്കുന്നില്ലെന്നുവരും. ശ്രദ്ധിക്കാമെന്നുവച്ചാൽ ഉറങ്ങിപ്പോകയും ചെയ്യും. പ്രാസംഗികന്മാരുടെ ശബ്ദം വ്യത്യസ്തമായിരിക്കും. കണ്ണാരുന്നുദവും ശ്രവണസുഖദവുമായ ശബ്ദത്തിന് കണ്ണിനെസംബന്ധിച്ചിടത്തോളം ഒരേ ഫലമാണുള്ളത്. ശബ്ദം കുട്ടികളെ ഉറക്കുന്നതുകൊണ്ടു കൌശലക്കാരായ ചില പ്രാസംഗികന്മാർ പ്ര

സംഗം ഉപേക്ഷിക്കുന്നു. കുട്ടികളെ 'നോട്ടു' പകൎത്തുന്നതിൽതന്നെ വ്യാപൃതരാക്കുന്നു. എന്റെ അദ്ധ്യാപകസ്നേഹിതന്മാരോടു ഒരു വാക്കു പറയട്ടെ. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഉറങ്ങുന്നവരെ കണ്ടുപിടിക്കാനായി സമയം മുഴുവനും ക്ലാസ്സിൽ നില്ക്കരുതെ. അതുകൊണ്ടു നിങ്ങൾ നിങ്ങളെത്തന്നെ ശിക്ഷിക്കുകയാകുന്നു.

സമൎത്ഥനായ വിദ്യാൎത്ഥിക്കു താൻ ഉറങ്ങുന്നതു് അദ്ധ്യാപകൻ കണ്ടുപിടിക്കാതിരിക്കുവാനുള്ള സൂത്രമറിയാം. തടിയനായ ഒരു സ്നേഹിതന്റെ ഉപയോഗം അയാൾ മനസ്സിലാക്കിയിട്ടുണ്ടു്. അയാളുടെ പുറകിലിരുന്നു സുഖമായി ഉറങ്ങുന്നു. സ്നേഹിതന്റെ വണ്ണംകൂടുന്നതനുസരിച്ചു് ഉറക്കത്തിൽ രക്ഷയുണ്ടാകുന്നു. ഇങ്ങനെ മറവുകളായിരുന്നു് ഈ രക്ഷ നല്കുന്ന കുട്ടികൾ എല്ലാ ക്ലാസ്സുകളിലുമുണ്ടു്. വേനൽക്കാലത്തു ഇവരുടെ സഹായം വളരെ ആവശ്യമുണ്ടാകാറുണ്ടു്. എന്നാൽ തടിയനായ ഈ കാരുണ്യമൂൎത്തി സാവധാനത്തിൽ ഡസ്കിലേക്കു ചരിഞ്ഞു് ഉറങ്ങുമ്പോഴാണു ആപത്തുണ്ടാകുന്നതു്. പക്ഷെ ഇതു സാധാരണ സംഭവിക്കാറില്ല. [illegible]രയാൾക്കു കുററാന്വേഷകന്റെ ദൃഷ്ടിയിൽനിന്നും എളുപ്പത്തിൽ മറയുവാൻ സാധിക്കുന്നതല്ല.

ഈ ഒളിയുംപിടിയും എങ്ങനെ ഉണ്ടായെന്നു് നിങ്ങൾക്കു അറിയാമോ? തൽസംബന്ധമായ ഒരു ചരിത്രമുണ്ടു്. പത്തോ ഇരുപതോ സംവത്സരങ്ങൾക്കുമുമ്പു്, ഞാൻ ഒരു വിദ്യാൎത്ഥിയായിരുന്ന കാലത്തു അദ്ധ്യാപകന്മാർ പ്രായംകൂടിയവരായിരുന്നു. അവർതന്നെ ക്ലാസ്സിൽ ഉറങ്ങുവാൻ പരിശീലനമുള്ളവരായിരുന്നു. ഇന്നത്തെ കുററാന്വേഷകന്മാർ അന്നത്തെ കുററവാളികളായിരുന്നു. ഇന്നത്തെ അദ്ധ്യാപകന്മാർ ഇന്നു ചെയ്യുന്നതുപോലെ പ്രഥമാദ്ധ്യാപകന്മാർ പരിശോധന നടത്തിയിരുന്നു. ഭയങ്കരന്മാരായ ആ കുററാന്വേഷകന്മാരുടെ ആക്രമമുണ്ടെന്നറിയുമ്പോൾ അദ്ധ്യാപകന്മാരെ ഉറക്കമുണൎത്തുകയായിരുന്നു ഞങ്ങളുടെ ജോലി. കുട്ടികളും അദ്ധ്യാപകന്മാരോടുകൂടി സഹകരിച്ചിരുന്നു എങ്കിൽ ഉറങ്ങുക എന്നുള്ളതു ക്ലാസ്സിലെ ഒരു നിയമമായിത്തീൎന്നേനെ. അതു പാടില്ലല്ലൊ. ഇപ്പോൾ വാദ്ധ്യാന്മാർ ഉറങ്ങാതിരിക്കയും കുട്ടികൾ ഉറങ്ങുകയുമാണു് ചെയ്യുന്നതു്. അന്നു അദ്ധ്യാപകന്മാർ ഉറങ്ങുകയും, കുട്ടികൾ ഉറങ്ങാതിരുന്നു് ലഹളയുണ്ടാക്കി അവൎക്കു അസുഖമുണ്ടാക്കുകയും ചെയ്തു. സാധുക്കളായ വാദ്ധ്യാന്മാൎക്കു കുട്ടികളെ പരസ്യമായി ശിക്ഷിക്കാൻ പാടില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അപ്പോൾ അദ്ധ്യാപകന്റെ ദിവസേനയുള്ള ഉറക്കവിവരം പുറത്താകുമല്ലൊ. ദയനീയംതന്നെ! എന്നാൽ അദ്ധ്യാപകന്മാരുടെ ശാപങ്ങൾ വ്യൎത്ഥം അല്ല പുറപ്പെടുവിച്ചിരുന്നതു്. അപ്രീതിയുള്ള സമയത്തു ശപിക്കുവാനുള്ള വാസനയും അധികാരവും അവൎക്കുണ്ടായിരുന്നു. "ഉച്ചമണി അടി

ക്കുന്നതോടുകൂടി വിദ്യാർത്ഥിവർഗ്ഗത്തെ മുഴുവനും ഉറക്കപ്പിശാച് പിടികൂടട്ടെ." എന്നാണ് ഉറക്കത്തിൽനിന്നും കുട്ടികൾ ഞെട്ടിഉണർത്തിയ ഒരു ഒരു അധ്യാപകൻ അട്ടഹസിച്ചതു്. എന്നാൽ ഹെഡ്മാസ്റ്ററുടെ പ്രവേശനസമയത്തു് ഉറക്കമുണർത്തുന്ന സേവനത്തിന് എന്നെയും എന്റെ ചില കൂട്ടുകാരെയും ഈ കഠിനശാപത്തിൽനിന്നും ഒഴിവാക്കിയിരുന്നു. "എപ്പോഴാണ് ഭൂതം അവരെ വിടുന്നതു്?" എന്നു ഞങ്ങൾ അനുകമ്പാപൂർവം ചോദിച്ചപ്പോൾ "ഉച്ചമണി അടിക്കുന്നതുവരെയില്ല" എന്നായിരുന്നു മറുപടി. അദ്ദേഹം വീണ്ടും ഉറങ്ങുന്നതിനായി കസേരയിലേക്കു ചാഞ്ഞു."

## വിദ്യാഭ്യാസവും സംസ്കാരവും.

ഇതു് സുരേന്ദ്രനാഥറെചൌധരി എം. എ. ഡി. ലിററ് 'എഡ്യൂക്കേഷൻ' എന്ന മാസികയിൽ എഴുതിയിട്ടുള്ള ഒരു ചെറുലേഖനമാണ്. അതിൽ നാം മനസ്സിലാക്കേണ്ട പല കാര്യങ്ങളും അടങ്ങിയിട്ടുള്ളതുകൊണ്ടു് ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"വിദ്യാഭ്യാസവും സംസ്കാരവും പരസ്പരസംബന്ധമുള്ളവയാണ്; എന്നാൽ അവ ഒന്നല്ല. സംസ്കാരം സിദ്ധിക്കാതെതന്നെ ഒരു മനുഷ്യൻ വേണ്ട പഠിപ്പുള്ളവനായിരിക്കും. എന്നാൽ പഠിത്തം ഇല്ലാത്തവർക്കു വേണ്ട സംസ്കാരമുള്ളവരായിരിക്കുവാൻ സാധിക്കയില്ല. സംസ്കാരം എന്നു പറയുന്നതു് എന്താണെന്നു നിർവ്വചിക്കുവാൻ വളരെ വിഷമമാണ്. മൂലാർത്ഥം നോക്കുകയാണെങ്കിൽ അതു് ഒരു മനുഷ്യന്റെ മനശ്ശക്തിയെ വികസിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ അതു് വിദ്യാഭ്യാസത്തോടും സമീപിക്കുന്നു. വിദ്യാഭ്യാസം എന്നു പറയുന്നതും മനസ്സിന്റെ വിവിധശക്തികളെ രഞ്ജനയോടുകൂടി വികസിപ്പിക്കുകയാകുന്നു. എന്നാൽ സാധാരണ അർത്ഥം നോക്കുകയാണെങ്കിൽ സംസ്കാരം എന്നു പറയുന്നതു് പരിഷ്കാരഗതിയനുസരിച്ചു പോവുക എന്നാണ്. മററുപ്രകാരത്തിൽ പറയുകയാണെങ്കിൽ പരിഷ്കൃതലോകത്തിന്റെ ഇതഃപര്യന്തമുള്ള പ്രസ്ഥാനങ്ങളുടെ പൂർണ്ണജ്ഞാനമാണ്. ഒരു മനുഷ്യൻ ഒരു സർവ്വകലാശാലയിൽ നിന്നും എം. എ. ബിരുദനേടി, രാജ്യത്തിലെ ഒരു നല്ല ഉദ്യോഗത്തിൽ പ്രവേശിക്കയാണെന്നു വിചാരിക്കുക. അയാൾ തന്റെ ചുമതലകൾ തൃപ്തികരമാംവണ്ണം നിർവ്വഹിച്ചു സകലരുടേയും പ്രീതി സമ്പാദിക്കുന്നു. അങ്ങനെയുള്ള ഒരു മനുഷ്യൻ തന്റെ ഔദ്യോഗികചുമതലകളിൽ മാത്രം വ്യാപൃതനായി, തന്റെ ഉദ്യോഗമണ്ഡലത്തിനു പുറമെയുള്ള വിശാലലോകത്തിൽ നടക്കുന്ന മഹൽ പ്രസ്ഥാനങ്ങൾ അറിയാതെ, 'ബാച്ചാസാക്കോ' ആരാണെന്നു ചോദിച്ചാൽ

മൌനം അവലംബിച്ചാൽ, നിങ്ങൾ അയാളെ ഒരു സംസ്കാരം സിദ്ധിച്ച പുരുഷനാണെന്നു പറയുമോ.?

ജ്ഞാനമില്ലാതിരിക്കുന്നത് ഇരുമ്പിനോടു തുല്യമാണ്. അതു വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള മനുഷ്യനേയും സംസ്കാരമുള്ള ഒരു സമുദായത്തിൽ ഒരു വിഡ്ഢിയാക്കുന്നു.

മുൻവിവരിച്ച കാര്യം പലപ്പോഴും ഒരു പ്രമാണമാണെന്നു തെളിയാറുണ്ട്. സർവ്വകലാശാലയിലെ സമർത്ഥനായ പണ്ഡിതൻ അന്നന്നു നടക്കുന്ന കാര്യങ്ങളെപ്പററി അറിവില്ലാത്തവനാണെന്നു പലപ്പോഴും കാണാറുണ്ട്. അയാളുടെ പേരിലുള്ള ഈ തെററിന് ആരാണ് ഉത്തരവാദിത്വം വഹിക്കേണ്ടതു്?. ശരിയായ അന്വേഷണം നടത്തുകയാണെങ്കിൽ അയാൾക്കു ലഭിച്ചിട്ടുള്ള വിദ്യാഭ്യാസമാണ് ഈ ന്യൂനതക്കു ഹേതുവെന്ന് മനസ്സിലാക്കാവുന്നതാണ്. ആധുനികസമ്പ്രദായം അതിൻെറ ഇന്നത്തെ നിലയിൽ യാഥാസ്ഥിതികമാണ്. യാഥാസ്ഥിതികമെന്നു നാം പറയുന്നതിൻെറ ന്യായം ഇതാണ്. സർവ്വകലാശാലകളിലെ പാഠപദ്ധതിയിൽ പഴയ ശതാബ്ദങ്ങളിൽ ജീവിച്ചിരുന്ന ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതു്. ഷെക്സ്പിയർ, മിൽടൺ, വേഡ്സ്വർത്തു് മുതലായവരെപ്പററി നമ്മുടെ വിദ്യാർത്ഥികൾക്കു നല്ലപോലെ അറിയാം. ബർനാർഡ് ഷാ, ടാഗ്രൂർ മുതലായവരെപ്പററി അവക്കു എന്തറിയാം.? ഇന്നത്തെ ഗ്രന്ഥകാരന്മാരെപററി ഒന്നും അറിയുവാൻ പാടില്ലെങ്കിൽ ഇവർ സംസ്കാരമുള്ളവരാണെന്നു എങ്ങനെയാണു പറയുന്നതു്?.

എന്നു മാത്രമല്ല, ശാസ്ത്രം പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു സാഹിത്യത്തെപ്പററി ഒന്നും അറിഞ്ഞുകൂടെന്നുള്ളതും പലപ്പോഴും സ്പഷ്ടമായിട്ടുള്ള ഒരു സംഗതിയാണ്. ശാസ്ത്രത്തിനും വിദ്യാഭ്യാസത്തിൻെറ മററു സാങ്കേതികശാഖകൾക്കും എത്ര മാന്യതയുണ്ടായിരുന്നാലും സാമാന്യമായ താല്പര്യമുള്ള ഏകവിഷയം സാഹിത്യമാണെന്നു പറയാവുന്നതാണ്. അതു ഒരു ജീവിതവിമർശനമായിരിക്കുന്നതുകൊണ്ട് ഓരോ പണ്ഡിതനും ആ വിഷയത്തെപ്പററി സാമാന്യജ്ഞാനമെങ്കിലും സമ്പാദിച്ചിരിക്കേണ്ടതാണ്. ശാസ്ത്രീയലോകത്തിലെ പണ്ഡിതപരമായ പര്യവേക്ഷണങ്ങൾ എത്ര മഹത്തരങ്ങളായിരുന്നാലും അയാൾക്കു ടാൾസ്റ്റായി, മാററർലിങ്ക് മുതലായവരെപ്പററി ഒന്നും അറിഞ്ഞുകൂടെങ്കിൽ സംസ്കാരം സിദ്ധിച്ച മനുഷ്യനെന്നു പറഞ്ഞുകൂട. ശാസ്ത്രം മുതലായവയെ സംബന്ധിച്ച സാമാന്യജ്ഞാനമില്ലെങ്കിൽ സാഹിത്യകാരൻേറയും കഥ ഇതുതന്നെയാണെന്നു പ്രത്യേകിച്ചു സൂചിപ്പിക്കേണ്ട ആവശ്യമില്ലല്ലൊ.

സർവ്വകലാശാവിദ്യാർത്ഥികളിൽ സംസ്കാരം കാണാത്തതിനുള്ള ഒരു കാരണം അവർ ആ ഘട്ടം കഴിഞ്ഞ ഉടൻ ജോലി അന്വേഷിക്കുന്നതു

കൊണ്ടാണ്. അതു ലഭിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസോദ്ദേശം ലഭ്യമായി എന്ന് അവർ കരുതുന്നു. വായനയും അവസാനിപ്പിക്കുന്നു. ഒരു കുട്ടിയുടെ കാൎയ്യക്ഷമതയെ അയാൾ ജയിക്കുന്ന പരീക്ഷകളുടെ എണ്ണംകൊണ്ട് നിൎണ്ണയിക്കുന്നിടത്തോളംകാലം–സൎവ്വകലാശാലാബിരുദങ്ങൾ ഉദ്യോഗത്തിനുള്ള അധികാരപത്രങ്ങളായി വിചാരിക്കുന്നിടത്തോളംകാലം–ഈ ദയനീയാവസ്ഥ നിലനില്ക്കുമെന്നുള്ളതിന് സന്ദേഹമില്ല. എങ്കിലും ഒരു പരിഹാരം കണ്ടുപിടിക്കേണ്ടതാണല്ലോ. നാല്പത്തിഅഞ്ചോ അൻപതോ മിനിട്ടു നേരത്ത് നാല്പതോ അൻപതോ കുട്ടികളെ പഠിപ്പിക്കേണ്ട ഒരു അദ്ധ്യാപകന് സാമാന്യവിഷയങ്ങളെപ്പറ്റി അറിവു നൾകുവാൻ സന്ദർഭമുണ്ടാകയില്ലെന്ന് നമുക്ക് അറിയാമല്ലൊ. പ്രത്യേകിച്ചു പരീക്ഷക്കു നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങൾ എല്ലാം വേഗത്തിൽ പഠിപ്പിക്കേണ്ടതായി വന്നാൽ അക്കാൎയ്യം ചിന്തിക്കുകൂടി വേണ്ട. കൂടാതെ ഒരു വിദ്യാൎത്ഥിയുടെ പാഠപദ്ധതിയിൽ സാമാന്യമായിട്ടുള്ള എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തുവാനും സാധിക്കയില്ലല്ലൊ. എന്നാൽ ഈ പരിമിതമായ സൌകൎയ്യത്തിലും നാം അല്പമെങ്കിലും പ്രവൎത്തിക്കേണ്ടിയിരിക്കുന്നു.

കുട്ടിയുടെ മനസ്സിൽ വായിക്കുവാനുള്ള അഭിരുചി ഉണ്ടാക്കാമെന്ന് അദ്ധ്യാപകന് തോന്നുകയാണെങ്കിൽ തന്റെ ഒഴിവുസമയത്തിൽ ഒരു ഭാഗത്തെ സാമാന്യവിഷയങ്ങളിൽ സംസ്കാരമുണ്ടാക്കുന്നതിന് വിനിയോഗിക്കാവുന്നതാണ്. ഒരിക്കൽ യഥാൎത്ഥമായ താല്പൎയ്യത്തെ ഉണ്ടാക്കിയാൽ അത് അവസാനംവരെ നിലനില്ക്കുന്നതാണ്. വായനയിൽ അഭിരുചിയുള്ള ഒരാൾ അയാളുടെ സരസ്വതീമന്ദിരത്തെ വിട്ടതിനു ശേഷവും ആ വാസനയെ നിലനിൎത്തിക്കൊണ്ടുപോകുന്നു. അതുകൊണ്ട് നമ്മുടെ വിദ്യാൎത്ഥിസമുദായത്തിന്റെ മനസ്സിൽ സംസ്കാരബോധവും വാസനാശീലവുമാണ് ഉണ്ടാക്കേണ്ടതായിരിക്കുന്നത്.

സൎവ്വകലാശാലാവിദ്യാൎത്ഥികളുടെ കാൎയ്യത്തെപ്പററി പ്രത്യേകമായി പറയുമ്പോൾ അന്നന്നു നടക്കുന്ന സംഭവങ്ങളെപ്പററി വാദപ്രതിവാദംചെയ്യുന്നതിന് ഒരു ക്ലാസ്സ് ഏൎപ്പെടുത്തുകയാണെങ്കിൽ അതുകൊണ്ടുണ്ടാകുന്ന ഗുണം ചില്ലറയല്ല. ഈ പ്രത്യേകക്ലാസ്സ് ശനിയാഴ്ച രണ്ടു മണിക്കൂർനേരത്തേക്കുണ്ടായിരുന്നാൽ മതി. ആദ്യം ഹാജർ നിർബന്ധിതമാക്കണം. അനന്തരം കുട്ടികൾക്ക് അതിന്റെ പ്രയോജനം അനുഭവപ്പെട്ടാൽ നിർബന്ധം ആവശ്യമായി വരികയില്ല. വാദവിഷയം ആ സമയത്തെ ഒരു പ്രധാന കാൎയ്യമായിരിക്കണം. ഉയൎന്ന അദ്ധ്യാപകന്മാർ ഓരോരുത്തരായി ആദ്ധ്യക്ഷംവഹിക്കണം, പത്രങ്ങളിൽനിന്നും മാസികകളിൽനിന്നും ലേഖനങ്ങൾ വായിക്കുക, സന്ദൎശനങ്ങളേയും ചരിത്രത്തേയുംപററി പ്രസംഗങ്ങൾ നൾകുക, സമുദായത്തിലെ അനാചാരങ്ങളെപ്പററി വാദപ്രതിവാദം ചെയ്യ

ക മുതലായവ സാമാന്യമായി ആ ക്ലാസ്സിലെ വിഷയമായിരിക്കണം. ചില അവസരങ്ങളിൽ ക്ലാസ്സിൽവച്ചുതന്നെ വിഷയം തിരഞ്ഞെടുക്കുവാനും, അനുകൂലമൊ പ്രതികൂലമൊ ആയ വാദങ്ങൾ പുറപ്പെടുവിക്കുവാനും ആവശ്യപ്പെടണം. അഭ്യസനഭാഷ ദേശഭാഷയായിരിക്കണം. ഇംഗ്ലീഷിൽ സംസാരിക്കണമെന്ന് ആൎക്കെങ്കിലും തോന്നിയാൽ അതു് അനുവദിക്കയും വേണം."

## ഇൻഡ്യയിലെ കവാടശൂന്യസങ്കേതം.

### അവിച്ഛിന്നദുരന്തങ്ങൾ ഇനിയും പരിഹരിക്കപ്പെടാം.

ഡെയിലി ഹിറാൾഡ് പത്രത്തിൻെറ പ്രതിനിധിയും ഇൻഡ്യയുടെ ഒരു ഉററ മിത്രവുമായ ജോൎജ്ജ് സ്ലോകോം ഈയിടെ മഹാത്മാഗാന്ധിയെ ജയിലിൽചെന്ന് സന്ദൎശിക്ക ഉണ്ടായല്ലൊ. അതിനുശേഷം അദ്ദേഹം പ്രസിദ്ധംചെയ്തിട്ടുള്ള സന്ദേശം എത്രയും രസകരവും ശ്രദ്ധേയവുമായ ഒരു രാഷ്ട്രീയപ്രമാണമാണ്. അതിലെ പ്രധാനഭാഗം സ്വതന്ത്രമായ രീതിയിൽ തൎജ്ജമചെയ്തു് താഴെ ചേൎക്കുന്നു.

'കാരാഗാരകലിത'നായ മി: ഗാന്ധിയോട്ട് രണ്ടവസരത്തിൽ 'സംഭാഷണത്തിനുള്ള സൗകൎയ്യം' എനിക്ക് സിദ്ധിച്ചു. ഇൻഡ്യയിലെ പുരാതനജയിലുകളിൽ ഒന്നും, പൂനായിൽനിന്നും ബഹുദൂരം അകന്നുകിടക്കുന്നതുമായ 'യർവാദ' ജയിലിൽ അദ്ദേഹത്തെ ഒരു രാഷ്ട്രീയതടവുകാരനായി നി ന്ധിച്ചിരിക്കുന്നു. ഇതിൻെറ ബാഹ്യമോടി മനോഹരവും ആധുനികരു ക്ക് യോജിച്ചതുമെങ്കിലും അന്തൎഭാഗം പൊക്കംകുറഞ്ഞ വെറും അറ ളെന്നേ പറവാൻ തരമുള്ളു. ഇങ്ങിനെയുള്ള ഒരു അറയിലാണ് മി: ഗാ ധിയെ അടച്ചിരിക്കുന്നതു്. എല്ലാവിധ തടവുകാരേയും ഇവിടെ പാൎപ്പിക്കാറുണ്ട്. എങ്കിലും മി: ഗാന്ധിക്ക് അവൎക്ക് ആൎക്കുമില്ലാത്ത ചില അവകാശങ്ങൾ അനുവദിച്ചിട്ടുണ്ട്. ബാഹ്യലോകത്തിൽനിന്നും ഒരു സന്ദൎശകനെപ്പോലും എന്നേക്കാണുന്നതിനു മുൻപ് അദ്ദേഹം കണ്ടിട്ടില്ല. ഡിസ്ട്രിക്ട് മജിസ്ട്രേട്ട്, ജയിൽസൂപ്രണ്ട്, ഇൻസ്പെക്ടർജനറൽ എന്നീ മൂന്നു ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ സന്നിധിയിൽവച്ചാണു ഞാനും മി: ഗാന്ധിയും സംസാരിച്ചുകൊണ്ടിരുന്നതു്. ഇവർ മൂന്നുപേരോടും ഗാന്ധി സൗഹാൎദ്ദമായി പെരുമാറിയിരുന്നു. മി: ഗാന്ധിയുടെ മുറിയുടെ വാതിൽ ഒരു വിശാലമായ വരാന്തയിലേക്കാണു തുറക്കപ്പെടുന്നതു്. കാരാഗൃഹമുറിയിൽ ഒരു മാന്യസ്ഥാനത്തു ചക്രം സൂക്ഷിച്ചിരിക്കുന്നു. ശയ്യയോടടുത്തുതന്നെ നിരവധി പുസ്തകങ്ങളുടെ കൂട്ടത്തിൽ ചിരപരിശീലനം ചെ

യ്ക്കു ഒരു ഒരു പുസ്തകം കാണുന്നു. അതു ബന്നിയന്റെ 'പില്‍ഗ്രിംപ്രോഗ്രസ്' എന്ന ഗ്രന്ഥമാണ്. ഇതു മതസമരത്തിൽ ബന്ധനസ്ഥനായ മറെറാരു മഹാന്റെ നിർമ്മിതിയത്രേ. നിദിധ്യാസനംകൊണ്ടും താന്തവനിർമ്മാണംകൊണ്ടും അന്ധകാരനിബിഡവും ശീതളവുമായ അവിടം പ്രശാന്തരമണീയമായ ഒരു സ്ഥലം എന്നപോലെ ബന്ധനസ്ഥനു തോന്നിയേക്കാം! സ്വരാജ്യക്കാരായ ബഹുസഹസ്രം ജനങ്ങളാൽ ആരാധിതനായ ആ യോഗിവര്യൻ എന്നെ സന്ദർശിക്കുന്നതിനായി വ്രീളാസമ്മിശ്രമായ പുഞ്ചിരിയോടെ അടുത്തുവന്നു. കാരാഗാരത്തിനു വെളിയിലുള്ള വരാന്തയിൽ വച്ചു നടന്ന ഞങ്ങളുടെ രണ്ടു സംഭാഷണാവസരത്തിലും ബഹുജനങ്ങൾക്കു പരിചയമുള്ള സിദ്ധാസനസ്ഥിതി ഉപേക്ഷിച്ച് ഒരു ചൂരൽകസേരയിൽ മഹാത്മാവു ഉപവിഷ്ടനായി. അരണ്യവാസിയായ ഒരു സന്യാസിയെന്നോ ഏതാണ്ടു നഗ്നവേഷത്തിൽ കാണപ്പെടുന്ന ഒരു ത്യാഗിയെന്നോ പലരും ധരിച്ചിട്ടുണ്ടാവാം. പക്ഷേ കാഴ്ചയിൽ തേജസ്വിയും സദാ പ്രസന്നനുമായിട്ടാണു ഞാൻ കണ്ടതു്. കണ്ണടകൊണ്ടു നയനങ്ങൾ ആച്ഛാദനം ചെയ്തിട്ടുണ്ടെങ്കിലും ശാന്തമസൃണമായ കരുമിഴികളുടെ ജീവസ്ഫുരണവും, ദന്തവിഹീനമെങ്കിലും അനന്യസാധാരണമയ മന്ദസ്മേരവദനവും, വൃദ്ധസന്യാസിയെങ്കിലും ഒന്നിനുമേൽ മറെറാന്നായി വച്ചിരിക്കുന്ന കാലുകളിൽ ഒന്നിന്റെ പാദുകയെ ബാലോചിതവിനോദങ്ങൾക്കു വിനിയോഗിച്ചുള്ള സ്ഥിതിയും ഏതു പ്രേക്ഷകനേയും സ്വപാൎശ്വത്തേക്കു നയിക്കുന്നതാണ്.

അദ്ദേഹവുമായി സഹവസിപ്പാനിടവന്ന അഞ്ചു മണിക്കൂർ നേരവും രണ്ടു സംഗതികൾ അക്ഷസ്ഫടികതുല്യമായി തെളിഞ്ഞുകണ്ടു. അദ്ദേഹത്തിൽ ഉജ്വലമായ പ്രേമവും താദൃശിയായ ജുഗുപ്സയും ഒരുപോലെ കാണപ്പെടുന്നുണ്ട്. അദ്ദേഹം സകല ജീവികളേയും പ്രേമസമ്പൂർണ്ണതയോടെ വീക്ഷിക്കുന്നതുപോലെ ഇൻഡ്യയേയും സപ്രേമം സംവീക്ഷിക്കുന്നു. പാപത്തെ അദ്ദേഹം വെറുക്കുന്നതുപോലെ ബ്രിട്ടീഷിന്റെ ഇൻഡ്യൻ ആധിപത്യത്തേയും വെറുക്കുന്നു. ഇൻഡ്യയിലുള്ള ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ മട്ടനതല്പരരും, ദുർഭരണധുരന്ധരന്മാരും, സാധുദ്രോഹനിരതന്മാരും ആയിട്ടാണു കാണപ്പെടുന്നതു്. എങ്കിലും ബ്രിട്ടീഷുകാരോടെന്നല്ല ഒരു ജീവിയോടും പുരുഷദ്വേഷം അദ്ദേഹത്തിനില്ല. വൈസറായിയോട് അദ്ദേഹത്തിന് ദൃഢമൂലമായ ബഹുമാനം ഉണ്ട്. ഇംഗ്ലണ്ടിലുള്ള പലരുടേയും മൈത്രി അദ്ദേഹം അമൂല്യസമ്പത്തായി കരുതിപ്പോരുന്നു. ബ്രിട്ടീഷുചരിത്രത്തിലും ബ്രിട്ടീഷുനടപടിയിലും ബ്രിട്ടീഷുഭരണത്തിലും പല സംഗതികളിൽ അദ്ദേഹത്തിനു ബഹുമാനാദരങ്ങൾ ഉണ്ട്. ഇൻഡ്യ പരാധീനവിമുക്തമായാൽ—ആവൊ ആൎക്കറിയാം—അന്നു മി: ഗാന്ധിയെപ്പോലുള്ള നിഷ്കപടസുഹൃത്തു ബ്രിട്ടനു കിട്ടുകയില്ല. ബ്രിട്ടീഷൈക്യനാടിന്റെ

കീഴിൽ ഇൻഡ്യ ഒരു സ്വതന്ത്രരാജ്യമാക്കിയാൽ ഇന്നു മി: ഗാന്ധി ഇൻഡ്യയുടെ നായകനായിരിക്കുന്നതുപോലെ അന്നു ഒരു ബ്രിട്ടീഷുനായകനാകുന്നതാണ്.

സ്വാതന്ത്ര്യമെന്നാൽ എന്ത്?

ബ്രിട്ടീഷു, ഇൻഡ്യ എന്നീ രാജ്യമീമാംസകളെക്കുറിച്ചു സാമാന്യമായി ചിലതെല്ലാം പറഞ്ഞു ആശയവിനിമയം ചെയ്യുന്ന വിധത്തിലാണു ഞങ്ങൾ സംഭാഷണമാരംഭിച്ചതു്. അനന്തരം സ്വാതന്ത്ര്യമെന്നതിന്റെ അർത്ഥം തുറന്നു വിശദീകരിക്കണമെന്നു ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ഡൊമിനിയൻ സ്റ്റാററസ്സുകൊണ്ടു നിർദ്ദേശിക്കുന്നിടത്തോളമുള്ള സ്വാതന്ത്ര്യമൊ, അതോ ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ വേർപാടിന്മേൽ മാത്രം സ്വാതന്ത്ര്യസ്ഥാപനം ചെയ്യണമെന്നൊ നിങ്ങൾ ഉദ്ദേശിക്കുന്നതു്? "ഇംഗ്ലണ്ടിൽ ഡൊമിനിയൻ സ്റ്റാററസ്സ് എന്നതിന്റെ അർത്ഥം പരിപൂർണ്ണസ്വാതന്ത്ര്യമെന്നാണു ഞാൻ ധരിച്ചിരിക്കുന്നതു്. പക്ഷെ ഇൻഡ്യയിൽ വന്നിട്ടുള്ള ഭരണമേധാവികളുടെ അർത്ഥം അങ്ങനെയല്ല. ഡൊമിനിയൻ സ്റ്റാററസ്സിനു വിപരീതമായി സ്വാതന്ത്ര്യത്തെ അവർ വ്യാഖ്യാനിക്കുന്നതുകൊണ്ടു ഞങ്ങൾ സ്വാതന്ത്ര്യം വേണമെന്നു തന്നെ പറയും". എന്നു മഹാത്മാവു മറുപടി പറഞ്ഞു. കാനഡയും തെക്കെ ആഫ്റിക്കയും പ്രധാനസംഗതികളിൽ സ്വതന്ത്രങ്ങളല്ലെന്നു നിങ്ങൾ വിചാരിക്കുന്നുവോ എന്നു ഞാൻ ചോദിച്ചപ്പോൾ "അങ്ങനെയാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു" എന്നു അദ്ദേഹം സമ്മതിച്ചു. "പക്ഷെ അവക്കുള്ളതുപോലെ ഒരു സ്ഥാനം ഞങ്ങൾക്കു സിദ്ധിച്ചിട്ടില്ല" എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സിവിലാജ്ഞാലംഘനത്തിന്റെ അഹിതം

സിവിലാജ്ഞാലംഘനംകൊണ്ടുണ്ടാകാവുന്ന അത്യാഹിതങ്ങളെകുറിച്ചു നല്ലപോലെ ആലോചിച്ചിട്ടില്ലേ എന്നു ഞാൻ ചോദിച്ചു. അങ്ങിനെ ചെയ്തിട്ടുണ്ടെന്നു ഉത്തരംപറഞ്ഞു. "ഉന്മാദജന്യമായ അപകടമെന്നു പലരും പറയാറുള്ള അതു് ന്യായീകരിക്കാമെന്നത്രെ എന്റെ അഭിപ്രായം." ഷോലാപ്പൂരിൽ നടന്നതായി പറയപ്പെടുന്ന അക്രമവാർത്ത അദ്ദേഹത്തിൽ അത്യധികമായ ഭീതി ഉണ്ടാക്കുന്നതായി കാണപ്പെട്ടു. വധിക്കപ്പെട്ട രണ്ടു പോലീസുകാരുടെ സ്ഥിതി ഓർത്തു് താൻ ദുഃഖിതനായിരിക്കുന്നുവെന്നും പറഞ്ഞു. ഇങ്ങിനെ ഒരു അത്യാഹിതം സഹനസൈന്യത്തിൽ നിന്നും വരുവാനിടയില്ലെന്നും പറകയുണ്ടായി. സകല ദുരന്തങ്ങളെ എന്നല്ല അക്രമങ്ങളെക്കൂടി ശാന്തമായി സഹിക്കണമെന്ന് അവർ പ്രത്യേകം ആജ്ഞാപിതരാണ്. നിയമഭഞ്ജകന്മാരും അധികൃതന്മാരുമായുള്ള സമ

രത്തിൽ ഗവൺമെൻറു എന്തും ചെയ്യുമെന്ന നിങ്ങൾക്ക് അറിയാമല്ലൊ എന്ന കേട്ടപ്പോൾ ഗാന്ധി ചിരിച്ചുകൊണ്ടു ഇങ്ങനെ പറഞ്ഞു. "സംഗതികളുടെ ബാഹ്യസ്ഥിതികണ്ടു തൃപ്തിപ്പെടുന്ന ശീലം എനിക്കില്ല. നാല്പതു സംവത്സരത്തെ തുടർച്ചയായ സമരസംരംഭത്തിൽ ഞാൻ അസാദ്ധ്യസംഗതിയിൽ പരിശ്രമിക്കുന്നവനാണെന്ന പറയാറുണ്ടെങ്കിലും എൻെറ അനുഭവം നേരെമറിച്ചാണ്." അങ്ങിനെയാണെങ്കിലും സമരസന്നിലയിൽ കഴിഞ്ഞുകൂടുന്നതിന്ന് അദ്ദേഹത്തിന്നു യാതൊരു വിരോധവുമില്ലെന്ന പറയുകയുണ്ടായി. "എൻെറ ജീവിതം സമാധാനപരതയുടെ രേഖകളല്ലെങ്കിൽ അതു ശൂന്യമെന്ന ഞാൻ നിശ്ചയമായി പറയും." ഇൻഡ്യയെ തൃപ്തിപ്പെടുത്തുന്നതിന്ന് ഗവൺമെൻറു നിർവ്യാജം ഇച്ഛിക്കുന്നുവെങ്കിൽ—വൈസ്രായിക്ക് അദ്ദേഹമയച്ച ഒടുവിലത്തെ എഴുത്തിൽ പ്രതിപാദിച്ചിരിക്കുന്ന പതിനൊന്നു നിർദ്ദേശങ്ങളെ അനുവദിക്കുന്നു എങ്കിൽ—ഇൻഡ്യ സമാധാനപ്പെടുന്നതാണ്. "ഫലത്തിൻെറ സ്വഭാവംകൊണ്ടു മാത്രമെ വൃക്ഷത്തിൻെറ പ്രകൃതി നിർണ്ണയിക്കു" എന്നിങ്ങനെ പല പ്രാവശ്യവും പറയുകയുണ്ടായി. ഞങ്ങൾ ചരിതാർത്ഥരാകുന്നതുവരെ അല്ലെങ്കിൽ ഞങ്ങളുടെ ജീവിതാവധി വരെ സമരം തന്നെയെന്നുറച്ചു. ഇൻഡ്യയുടെ മോചനത്തിന്നു ജീവനെക്കൂടി വേണമെങ്കിൽ ത്യജിക്കാൻ ഞങ്ങൾ ഒരുക്കമാണ്. ഇൻഡ്യയിലെ ജയിൽമുഴുവനും സഹനസമരഭടരെകൊണ്ടും നിയമഭഞ്ജകരെകൊണ്ടും നിറയ്ക്കും. പ്രതിരോധശക്തിയാൽ ഭരണം അസാദ്ധ്യമാക്കുവാൻ ഞങ്ങൾ കഴിയുന്നത്ര ശ്രമിക്കും.

### ഗാന്ധിയുടെ സമാധാനനിർദ്ദേശം

വിജയം എത്ര പരിപൂർണ്ണമായി കലാശിച്ചാലും സന്ധി ആവശ്യകരണീയമായിത്തന്നെ വരുന്നതാണ് എന്ന ഗാന്ധി പരിപൂർണ്ണമായി സമ്മതിക്കുന്നു. രക്തപ്രവാഹം കൂടാതെയും ജനപീഡ കുറച്ചും കഴിക്കുന്നതിന്ന് ഇൻഡ്യയുടെ രാഷ്ട്രീയാഭിമാനത്തിന്നു ഭംഗംകൂടാത്ത വിധത്തിൽ എന്തു ചെയ്യാനും അദ്ദേഹം തയാറാണെന്ന പറഞ്ഞു. അടുത്ത ഞങ്ങളുടെ സംഭാഷണത്തിൽനിന്നും ഈ ദുർഘടസന്ധിയിൽ പോലും സമാധാനസംരക്ഷണം സാദ്ധ്യമാണെന്നും താഴെ നിർദ്ദേശിക്കുന്ന സംഗതികൾ സമ്മതിക്കുന്നപക്ഷം സിവിലാജ്ഞാലംഘനം നിറുത്തിവെയ്ക്കുന്നതിനും ഇംഗ്ലണ്ടിൽ നടത്താനിരിക്കുന്ന വിസ്രംഭസമിതിയിൽ സഹകരിക്കുന്നതിനും കാൺഗ്രസ്സിനോടു ഗാന്ധി ശുപാർശചെയ്യാൻ സന്നദ്ധനാണെന്നും എനിക്കു മനസ്സിലായി.

എ. ഇൻഡ്യക്കു സ്വാതന്ത്ര്യഭരണം വരുത്തുവാൻ യോഗ്യമായ ഒരു ഭരണഘടന രൂപവൽകരിക്കുന്ന ഒരു പ്രമേയംകൂടി വിസ്രംഭസമിതിയിൽ

ഉൾപ്പെടുത്തണം.

വ. ഉപ്പുനികുതിയെ റദ്ദുചെയ്കയും, മദ്യവിക്രയത്തെ വിരോധിക്കുകയും, വിദേശവസ്ത്രങ്ങളെ ബഹിഷ്കരിക്കുകയും ചെയ്യണമെന്നുമുള്ള മഹാത്മജിയുടെ നിർദ്ദേശങ്ങൾക്കു തൃപ്തികരമായ സമാധാനം ഉണ്ടാക്കിത്തീർക്കണം.

ന്ന. സിവിലാജ്ഞാലംഘന സമരത്തിൻെറ പര്യന്തത്തോടു രാഷ്ട്രീയാപരാധത്തിനു ശിക്ഷിതരായ തടവുകാരുടെ മോചനം സന്ധിച്ചിരിക്കണം.

ർ. മി: ഗാന്ധി വൈസറായിക്കയച്ച എഴുത്തിലെ മററു ഏഴു സംഗതികളും അനന്തരകാലചിന്തനത്തിനു നീക്കിവെക്കണം.

സന്ധി ആലോചന ഇനിയും സാദ്ധ്യമാണ്.

മി: സ്ലോകോംതുടൎന്നു പറയുന്നതു ഇങ്ങിനെയാണ്:— മി: ഗാന്ധിയുടെ സഹകരണം ബ്രിട്ടീഷുഗവൎമ്മെൻറു വരിക്കുന്നതിനു ഉദ്ദേശമുണ്ടെന്നുള്ള സംഗതി ഹൃദയപൂൎവ്വം അവർ സമ്മതിക്കണം എന്നു മാത്രമെ അദ്ദേഹത്തിനു ആവശ്യമുള്ളുവെന്നു ഞാൻ വിശ്വസിക്കുന്നു. മി: ഗാന്ധിയും കാൺഗ്രസ്സും ഉപേക്ഷണീയമായ ഒരു രാഷ്ട്രീയശക്തിയെന്നു ഗണിക്കുന്ന ദുരന്ത ദുശ്ചേഷ്ടിതത്തെ ഇൻഡ്യാഗവൺമെൻറു ബദ്ധമുഷ്ടിയായി തുടൎന്നുകൊണ്ടിരുന്നാൽ അവർ ഒരു അത്യാഹിതം അനുഭവിക്കതന്നെ ചെയ്യും. കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി അനവധി ഇൻഡ്യൻ മിതവാദികൾ എന്നോടു ഇങ്ങനെ പറയുകയുണ്ടായി. പൊതുജനങ്ങളുടെ അഭംഗുരമായ വിശ്വാസ്യതക്കു മി: ഗാന്ധി ഒരുവനെ പാത്രമായിട്ടുള്ളു. ഗവൺമെൻറിനു മി: ഗാന്ധിയുമായി സന്ധിചെയ്യുവാൻ സാധിക്കുമെങ്കിൽ അവർ ഇപ്പോൾ മിഥ്യാനിശ്ചയം ചെയ്തുവച്ചിരിക്കുന്ന വൎഗ്ഗാന്തരവഴക്കിലെ പ്രാധാന്യത്തിന് ഒരു പരിഹാരം നിഷ്പ്രയാസം സാധിക്കാവുന്നതാണ്. അദ്ദേഹത്തിൻെറ സഹകരണം ഒന്നുകൊണ്ടു മാത്രമെ വിസ്രംഭസമിതികൊണ്ടു വല്ല ഫലവും ഉണ്ടാവുകയുള്ളു.

മി: സ്ലോകോം ഇങ്ങനെ ചോദിക്കുന്നു:— ഗവൺമെൻറു അദ്ദേഹത്തോടു മാനമായി സമാധാനം ചെയ്യാൻ ഒരുക്കമാണോ? സന്ധി ഇനിയും സാദ്ധ്യമാണ്. മി: ഗാന്ധിയുമായി കാരാഗ്രഹത്തിൽ വച്ചുള്ള രണ്ടു സന്ദൎശനംകൊണ്ട് എനിക്കു ഉറപ്പുവന്നിരിക്കുന്നു. സമാധാനം സമാധാനത്തോടു മാത്രമെ സന്ധിക്കു. ഏതു വശത്തുള്ള അക്രമവും മറുവശത്തെ കീഴടക്കുകയെ ചെയ്കയുള്ളു. ബന്ധനസ്ഥനായ മഹാത്മാ ഇൻഡ്യയുടെ അവതാരമെന്നു മനഃപൂൎവ്വം വിശ്വസിക്കുന്നതുകൊണ്ടു മാത്രം അന്തൎദ്ദുരന്തങ്ങൾക്കു ശാന്തിനേടാം."